# സഹ്യനാദം


ലക്കം 01 | ജനുവരി 2024 | വാല്യം 21

ഇടുക്കി രൂപതാ ബുള്ളറ്റിൻ



ജനുവരി 6 ദനഹാ തിരുനാൾ

# നിയുക്ത ഇടയന്മാർക്ക്



**മോൺ. മത്തായി കടവിൽ ഒ.ഐ.സി**

പൂനാ -കട്കി
സെന്റ് എഫ്രേം ഭദ്രാസനം



**മോൺ. അംബ്രോസ് പുത്തൻവീട്ടിൽ**


കോട്ടപ്പുറം രൂപത

## ഇടുക്കി രൂപതയുടെ പ്രാർത്ഥനാശംസകൾ

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 21**
**Issue No. : 01**
**Month : January 2024**




*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*

Media commission, Idukki

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com

## ഈ ലക്കത്തിൽ

| | |
|---|---|
| കർഷകദിനം | 05 |
| സർക്കുലർ | 10 |
| 2024 യുവജനവർഷം | 13 |
| നാളാഗമം | 18 |
| BISHOP'S ENGAGEMENTS | 20 |
| കച്ചേരി വാർത്തകൾ | 21 |
| സാന്താമരിയ അരുണാചൽ മിഷൻ | 25 |
| മൈനർ സെമിനാരി | 25 |
| സന്ന്യസ്തർ | 27 |
| ക്രിസ്തുജ്യോതി | 41 |
| വിദ്യാഭ്യാസം | 42 |
| പാവനാത്മാ കോളേജ് | 44 |
| മാർ സ്ലീവാ കോളേജ് | 45 |
| സാമൂഹ്യസേവനം | 46 |
| കെ. സി. എസ്. എൽ. | 48 |
| തിരുബാലസഖ്യം | 49 |
| ചെറുപുഷ്പ മിഷൻലീഗ് | 49 |
| കെ. സി. വൈ. എം. | 53 |
| ജീസസ് യൂത്ത് | 54 |
| മാതൃവേദി | 57 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 61 |
| കത്തോലിക്കാ കോൺഗ്രസ് | 64 |
| ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റിവ് | 67 |
| മദ്യവിരുദ്ധ സമിതി | 67 |
| ആത്മജ്യോതി | 68 |
| കരുണ ആനിമേഷൻ സെന്റർ | 68 |
| വാർത്തകളും വിശേഷങ്ങളും | 69 |
| പൗരോഹിത്യ ആദ്ധ്യാത്മിക ചിന്തകൾ | 71 |

***"Dear young people, do not be afraid of the future! Dare to dream big! Keep joy alive, a sign of a young heart that has encountered the Lord."***

*Pope Francis, Tweet, 07-09-2017*

## ഓർമ്മിക്കാൻ

### ജനുവരി മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | വർഷാരംഭം, നമ്മുടെ കർത്താവിന്റെ നാമകരണം |
| 03 | : | വി. കുര്യാക്കോസ് ഏലിയാസ് |
| 05 | : | ദൈവമാതൃത്വത്തിരുനാൾ |
| 05-07 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 06 | : | ദനഹാത്തിരുനാൾ |
| 12 | : | വി. യോഹന്നാൻ മാംദാന |
| 13 | : | വി. ദേവസഹായം (ജനുവരി 14) |
| | : | തിരുബാലസഖ്യം, രൂപതാ തല മത്സരം |
| 18 | : | സഭൈക്യവാരം ആരംഭം |
| | : | വിദ്യാഭ്യാസം, വേദപാഠം-സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷ |
| 19 | : | വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ |
| 20 | : | വി. സെബസ്ത്യാനോസ് |
| 22 | : | മൂന്നുനോമ്പ് ആരംഭം |
| 24 | : | വി. ഫ്രാൻസിസ് സാലസ് |
| 25 | : | മൂന്നുനോമ്പ് കഴിഞ്ഞുള്ള വ്യാഴം |
| | : | സഭൈക്യവാരം അവസാനിക്കുന്നു |
| | : | വി. പൗലോസിന്റെ മാനസാന്തരം |
| | : | വിദ്യാഭ്യാസം, അക്കാഡമിക് കൗൺസിൽ സ്കൂൾതല മത്സരപരീക്ഷ |
| 26 | : | ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| | : | വി. സുവിശേഷകന്മാർ |
| | : | വി. തിമോത്തേയോസും വി. തീത്തൂസും |
| 27 | : | വി. തോമസ് അക്വിനാസ് (ജനുവരി 28) |
| 30 | : | ലോകസമാധാനദിനം |
| 31 | : | വി. ജോൺ ബോസ്കോ |

C. 1. സർക്കുലർ

# 2024 ജനുവരി 14 കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഞാൻ പരാജയപ്പെട്ട കർഷകനാണ്, നെല്ലെടുത്തിട്ട് സർക്കാർ എനിക്ക് കാശ് തന്നില്ല എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞ്, ആത്മഹത്യ ചെയ്ത കർഷകന്റെ വിലാപം ആബേലിന്റെ നിലവിളി പോലെ, കേരളത്തിന്റെ ആകാശത്തെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ്, കേരള മെത്രാൻ സമിതിയുടെ (KCBC) ഇൻഫാം കമ്മീഷൻ, കർഷകർക്കു വേണ്ടി ഈ സർക്കുലർ എഴുതുന്നത്. ഗതികെട്ട് ദാരിദ്രത്തിന്റെ പിച്ചച്ചട്ടിയേന്തി, അടിമാലി ടൗണിൽ രണ്ടു വയോധിക സ്ത്രീകൾ പ്രതിഷേധിച്ചതും നമുക്ക് മറക്കാറായിട്ടില്ല. തങ്ങളെ സംരക്ഷിക്കാൻ ഭരണഘടനാപരമായി ഉത്തരവാദിത്തപ്പെട്ട സർക്കാരിനു മുമ്പിൽ, കർഷകരും കർഷക ബന്ധുക്കളും നിലനിൽപ്പിനായി പ്രതിഷേധിക്കുമ്പോൾ, 'ഇവിടെ കൃഷി ചെയ്തില്ലെങ്കിലും ഒന്നും സംഭവിക്കാനില്ല' എന്ന തരത്തിലുള്ള നിരുത്തരവാദപരമായ പ്രസ്താവനകൾ, ബഹുമാന്യരായ ഭരണകർത്താക്കളിൽ നിന്നുണ്ടായതും നമ്മെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്ത കാലം കൂടിയാണിത്. എല്ലാത്തരത്തിലും അവഗണിക്കപ്പെട്ട് കർഷകർ അതീവ ഗുരുതരമായ സ്വത്വപ്രതിസന്ധി അനുഭവിക്കുകയാണ്.

ഉല്പാദനം മുതൽ വിപണനം വരെയുള്ള സകല മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയും; അത് നെല്ലോ, ഏലമോ, റബ്ബറോ, കപ്പയോ ഏതുമാകട്ടെ കർഷകന്റെ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടാത്തവിധം വിലത്തകർച്ചയെ നേരിടുകയോ, വൻകിട കമ്പനികളുടെ ചൂഷണത്തിന് വിധേയമാവുകയോ ചെയ്യുകയാണ്. തങ്ങൾ വിൽക്കുന്ന ഏലക്കായ്ക്ക് പണം കിട്ടണമെങ്കിൽ

കമ്പനികൾക്ക് പലിശ നൽകേണ്ട വിചിത്ര സ്ഥിതിയിലാണ് ഏലം കർഷകർ. ഒരു ലക്ഷം രൂപയുടെ ഏലം സ്പൈസസ് ബോർഡിന്റെ അംഗീകാരമുള്ള ഓക്ഷൻ സെന്ററുകളിലൂടെ ഒരു കർഷകൻ വിറ്റാൽ അപ്പോൾത്തന്നെ പണം ലഭിക്കണമെങ്കിൽ 7.5% മുതൽ 12% വരെ പലിശ നൽകണം. സ്വന്തം ഉല്പന്നം വിറ്റിട്ട് അതിന്റെ പണം കിട്ടാൻ പലിശ നൽകണമെന്ന വ്യവസ്ഥയേക്കാൾ ഹീനമായ ചൂഷണം മറ്റെന്തുണ്ട്?

ഇതിനേക്കാൾ ദാരുണമാണ് നെൽ കർഷകന്റെ സ്ഥിതി. വിറ്റ നെല്ലിന്റെ വില ബാങ്ക് വായ്പയായി വാങ്ങേണ്ടിവരുന്ന ദുർഗതിയിലാണ് നെൽ കർഷകർ. ചോര നീരാക്കി പാടത്തു പണിചെയ്യുന്ന കർഷകന്റെ നെല്ല് വാങ്ങിയശേഷം, രൊക്കം പണം നൽകുന്നതിനു പകരം സർക്കാർ തിരിച്ചടച്ചോളാം എന്ന വ്യവസ്ഥയിൽ വായ്പ തരപ്പെടുത്തിക്കൊടുത്തിട്ട്, കർഷകനെ കുടുക്കിലാക്കുന്ന ചതിയാണ് നെൽക്കർഷകരോട് ചെയ്യുന്നത്. സർക്കാർ വായ്പ തിരിച്ചടയ്ക്കുന്നില്ല. അതിന്റെ ഭാരം കർഷകന്റെ മേൽ വരുന്നു. വായ്പ കുടിശ്ശിക ചൂണ്ടിക്കാട്ടി ബാങ്കുകൾ കർഷകന് പുതിയ വായ്പ നിഷേധിക്കുന്നു. ഓർക്കണം തകഴിയിൽ കർഷകൻ ആത്മഹത്യ ചെയ്തത് ഈ ഊരാക്കുടുക്കിൽ പെട്ടാണ്. കർഷകർക്കു മുൻഗണന നൽകാതെ മാറി മാറി ഭരണം നടത്തിയ എല്ലാ സർക്കാർ സംവിധാനങ്ങളും കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിക്കളഞ്ഞു. 1980 കളിൽ 44 ശതമാനമായിരുന്ന കേരളത്തിന്റെ കാർഷിക വളർച്ച കേവലം 40 വർഷം കഴിയുമ്പോൾ വെറും 12% എന്ന ദയനീയ സ്ഥിതിയിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ്.

മലബാറിലും മധ്യകേരളത്തിലും മലയോര മേഖലകളിലും റബ്ബറിനെ മുഖ്യ ഉപജീവനമാർഗ്ഗമായി കരുതിയിരുന്നവരും കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ പോലും പറ്റാത്തവിധം സാമ്പത്തികമായി ശോചനീയ അവസ്ഥയിലായിക്കഴിഞ്ഞിരിക്കുന്നു. റബ്ബറിന് 250 രൂപ നൽകുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കർഷകരുടെ പക്ഷം നിൽക്കുന്നുവെന്ന് പറയുന്ന രാഷ്ട്രീയ പാർട്ടികൾക്കുപോലും ആർജ്ജവത്തോടെ ശബ്ദിക്കാനാകുന്നില്ല. അവരെല്ലാം കർഷകന്റെ ശബ്ദം ഉച്ചത്തിൽ വിളിച്ചു പറയുന്നവരുടെ വായടപ്പിക്കാൻ പാടുപെടുകയാണ്. മാധ്യമങ്ങൾപോലും

കർഷകനെ കയ്യൊഴിയുന്ന സങ്കടകരമായ അവസ്ഥയാണ്. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വർഷങ്ങളായി നഷ്ടപരിഹാരം ലഭിക്കുന്നില്ല. ഉത്തരവാദിത്തപ്പെട്ടവർക്ക് കർഷകർ പരാതി നൽകുമ്പോൾ 'വെറുതെ നടന്ന് കാലു തേയാമെന്നേയുള്ളു' എന്ന മനസ്സു മടുപ്പിക്കുന്ന മറുപടിയാണ് തിരികെ ലഭിക്കുന്നത്. ഇതിനെല്ലാം പുറമേയാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അന്യായവും അനീതിപരവുമായ നീക്കങ്ങൾ. അവർ കൃഷിഭൂമി കയ്യേറുന്നു. വന്യമൃഗങ്ങൾ കാടിറങ്ങുന്നു. ആനയും കടുവയും കാട്ടുപന്നിയുമൊക്കെ കർഷകന്റെ ഭൂമിയിലിറങ്ങി പൂണ്ടുവിളയാട്ടം നടത്തുകയും ജീവനെടുക്കുകയുമാണ്. എരുമേലിയിലും അഞ്ചലിലും കാട്ടുപോത്തിന്റെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ട തോമായും ചാക്കോയും സാമുവലും കാട്ടാനകളുടെ ശല്യംമൂലം വീടു പോലും ഉപേക്ഷിച്ചു പോകേണ്ടിവന്ന് ഒടുവിൽ പെൻഷൻ പോലും മുടങ്ങി ജീവനൊടുക്കിയ ഇരുട്ടിയിലെ സുബ്രഹ്മണ്യനുമൊക്കെ മനുഷ്യനേക്കാൾ മൃഗത്തിനു പ്രാധാന്യം കൊടുക്കുന്ന കർഷക വിരുദ്ധമായ നയങ്ങളുടെ ഇരകളാണെന്ന് നമുക്ക് മറക്കാതിരിക്കാം. മനുഷ്യവിരുദ്ധമായ എല്ലാ മൃഗസ്നേഹവാഴ്ത്തലുകളെയും നാം സംഘടിതമായി പ്രതിരോധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിൽ കടന്നു കയറി ജീവനും സ്വത്തിനും നാശം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാനുള്ള അധികാരം ആ പ്രദേശത്തെ കർഷക കൂട്ടായ്മകൾക്കു നൽകണമെന്ന് കർഷകർക്കുവേണ്ടി കെ.സി.ബി.സി. ഇൻഫാം സമിതി സർക്കാരിനോട് ആവശ്യപ്പെടുന്നു.

സാമാന്യ ബോധത്തിനും യുക്തിക്കും നിരക്കാത്ത നിയമങ്ങൾ ആർക്കുവേണ്ടിയാണ് നിർമ്മിക്കുന്നത്? കയ്യേറ്റക്കാരെന്ന് ചിത്രീകരിച്ച് കാട്ടുമൃഗങ്ങളുടെ മുമ്പിൽ സ്വജീവൻ രക്ഷിക്കാനുള്ള അവകാശങ്ങൾ പോലും നിഷേധിച്ച്, വിൽക്കാൻ പോലും കഴിയാത്ത വിധം കർഷകന്റെ വസ്തുക്കളെ നിയമത്തിൽ കുടുക്കുന്ന നടപടി ഏതു നിയമസഭയിൽ നിന്നുണ്ടായാലും അത് അവരെ വംശഹത്യ ചെയ്യുന്നതിനു കൂട്ടുനിൽക്കുന്നതിനു തുല്യമാണ്. പരിഷ്കൃത രാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയ മൃഗമാണെങ്കിൽപ്പോലും അതിന്റെ മാംസം ചന്തയിൽ വാങ്ങാൻ കിട്ടും എന്നോർക്കണം. എന്തൊരു യുക്തിഭദ്രതയില്ലാത്ത നിയമമാണ് നമ്മു

ടേത്? മുനുഷ്യൻ മരിച്ചാലും മൃഗത്തിന്റെ മഹിമ ആഘോഷിക്കപ്പെടണം. അക്രമകാരികളായ മൃഗങ്ങളെ കൊല്ലാനുള്ള നിയമം പാസ്സാക്കാൻ ജനങ്ങളുടെ പ്രതിനിധികളായവർ തയ്യാറാകുന്നില്ലെങ്കിൽ ഈ സംസ്കാരത്തെ പ്രാകൃതമായ ഏതോ ഭൂതകാലത്തേക്ക് തിരികെ നയിക്കുന്നതിനു തുല്യമാകും.

ഭരിക്കുന്ന സർക്കാരുകൾക്കേ കർഷകരെ രക്ഷിക്കാനാകൂ. ഇനിയും കർഷകന്റെ കണ്ണീർ നമ്മുടെ മണ്ണിൽ വീഴാൻ ഇടവരുത്തരുത്. അവരുടെ മുടങ്ങിക്കിടക്കുന്ന ക്ഷേമപെൻഷനുകൾ നൽകണം. പ്രകൃതിക്ഷോഭം മൂലം നശിച്ച കൃഷികൾക്ക് ആശ്വാസപ്രദമായ നഷ്ടപരിഹാരമെങ്കിലും നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നു കയറുന്ന വനംവകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കണം. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിലേക്ക് വന്യമൃഗങ്ങൾ കടന്നു കയറാത്ത വിധം പരിഷ്കൃത രാജ്യങ്ങളിലേതുപോലെ വനത്തിനു ചുറ്റും ഫലപ്രദമായ കിടങ്ങുകളോ വേലിക്കെട്ടുകളോ നിർമ്മിക്കണം. റബ്ബറിന് പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത വിലനൽകാൻ ആർജ്ജവം കാണിക്കണം. നെല്ലുകർഷകനും ഏലം കർഷകനും അവരുടെ വിളവിന്റെ വില നൽകണം. കർഷകനുവേണ്ടി ശബ്ദമുയർത്താനുള്ള ധൈര്യം രാഷ്ട്രീയപാർട്ടികൾക്കും മാധ്യമങ്ങൾക്കുമുണ്ടാകണം.

ഈ സർക്കുലർ അവസാനിപ്പിക്കുമ്പോൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (കെ.സി.ബി.സി.) ഇൻഫാം കമ്മീഷന് കുടുംബങ്ങൾക്ക് നല്കാൻ പ്രത്യേകമായൊരാഹ്വാനമുണ്ട്. കൃഷിയുടെ പാരമ്പര്യം നാം കൈമോശം വരുത്തരുത്. നമ്മുടെ കർത്താവ് ഈശോമിശിഹാ/യേശുനാഥൻ കൃഷിയേയും അതിന്റെ പാരമ്പര്യത്തേയും സ്നേഹിച്ചവനാണ്. അവിടുന്ന് പറഞ്ഞ ഉപമകളിൽ, അത് മുന്തിരിത്തോട്ടത്തിന്റെയും കൃഷിക്കാരുടെയും ഉപമയാകട്ടെ, വിതക്കാരന്റെ ഉപമയാകട്ടെ, കടുകുമണിയുടെ ഉപമയാകട്ടെ, വയലിന്റെയും നിധിയുടെയും ഉപമയാകട്ടെ, ഭൂരിഭാഗവും കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാൽ നമ്മുടെ ഭവനങ്ങളോട് ചേർന്ന് ഓരോ വീടിനും സ്വന്തമായി ഒരു കൃഷിത്തോട്ടമുണ്ടാകണം. അവിടെ ആഴ്ചയിൽ ഒരു ദിനമെങ്കിലും മണ്ണിൽ പണിയാൻ ഡോക്ടറോ, എഞ്ചിനീയറോ, ബിസിനസ്സുകാരനോ, അധ്യാപകനോ ആരുമാകട്ടെ തയ്യാറാകണം. ദിവസം ഒരു നേരമെങ്കിലും നമ്മൾ സ്വന്തമായി ഉദ്പാദി

പ്പിച്ച ഭക്ഷ്യവിഭവങ്ങൾ കൂട്ടി ആഹാരം കഴിക്കാൻ നമുക്കാവണം. അങ്ങനെ നമുക്ക് കാർഷികവൃത്തിയെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി നിലനിർത്താം. കർഷകന്റെ ശബ്ദമായ ഇൻഫാമിന് സകല പിന്തുണയും നൽകാൻ തയ്യാറാകാം.

മിശിഹായിൽ സ്നേഹപൂർവ്വം,

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ്പ് റെമേജിയൂസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2024 ജനുവരി 14-ാം തീയതി ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സർക്കുലർ

**സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്റർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, സഭയിലെ എല്ലാ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരിസഹോദരന്മാർക്കുമായി പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

മാർതോമാശ്ലീഹായാൽ സ്ഥാപിതമായ സീറോമലബാർ സഭയുടെ പിതാവും തലവനുമെന്ന നിലയിൽ 2011 മെയ് 29 മുതൽ സഭയെ നയിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മേജർ ആർച്ചുബിഷപ് ശുശ്രൂഷാസ്ഥാനത്തുനിന്നു വിരമിച്ചിരിക്കുകയാണല്ലോ. അഭിവന്ദ്യ പിതാവിന്റെ രാജി സ്വീകരിച്ചുകൊണ്ട് 2023 നവംബർ 29 നു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ അതീവഹൃദ്യമായ ഒരു കത്ത് എഴുതിയിരുന്നു. ആഗോളസഭയായി വളർന്നിരിക്കുന്ന സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ് എന്നനിലയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത ചെയ്ത സ്തുത്യർഹമായ ശുശ്രൂഷകളെ ഈ കത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അഭിവന്ദ്യ പിതാവു കഴിഞ്ഞ 12 വർഷങ്ങളായി തീക്ഷ്ണവും ശക്തവും ധീരവും സഹനബദ്ധവും ആത്മാർത്ഥവുമായി ചെയ്ത നേതൃത്വശുശ്രൂഷകളെ നമുക്കു നന്ദിപൂർവം സ്മരിക്കാം.

വത്തിക്കാനിൽനിന്നു നല്കപ്പെട്ട നിർദേശപ്രകാരം 2023 ഡിസംബർ 7 ന് ഇന്ത്യൻ സമയം വൈകുന്നേരം നാലരമണിക്കാണ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവു വിരമിക്കുന്ന വിവരം ഔദ്യോഗികമായി സഭാമക്കളെയും പൊതുസമൂഹത്തെയും അറിയിച്ചത്. ഇതേ സമയത്തുതന്നെ, എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്ന് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവു മാറിയ വിവരവും തൽസ്ഥാനത്ത് മെൽബൺ രൂപതയുടെ മുൻഅധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ പിതാവു നിയമിക്കപ്പെട്ട വിവരവും അറിയിക്കപ്പെട്ടു.

മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെയുള്ള

കാലഘട്ടത്തിൽ കൂരിയമെത്രാനാണ് സഭയുടെ അഡ്മിനിസ്ട്രേറ്ററായി സഭയ്ക്കു നേതൃത്വം കൊടുക്കേണ്ടതെന്നു കാനൻനിയമം അനുശാസിക്കുന്നു. അതിൻപ്രകാരം, ഞാൻ ഏറ്റെടുത്തിരിക്കുന്ന ഈ ശുശ്രൂഷാനിർവഹണത്തിനു ആവശ്യമായ ദൈവകൃപ ലഭിക്കുന്നതിനുവേണ്ടി എല്ലാവരുടെയും പ്രാർഥനാസഹായം അപേക്ഷിക്കുന്നു.

പുതിയ സഭാതലവനെ തെരഞ്ഞെടുക്കുന്നതിനു മേജർ ആർച്ചുബിഷപ്പു വിരമിച്ച ദിവസംമുതൽ ഒരു മാസത്തിനകം മെത്രാൻ സിനഡു വിളിച്ചുകൂട്ടണമെന്ന സഭയുടെ കാനൻ നിയമം ഈ സാഹചര്യത്തിൽ ബാധകമാണ്. സീറോമലബാർ മെത്രാൻമാരുടെ മുപ്പത്തിരണ്ടാം സിനഡിന്റെ ഒന്നാം സമ്മേളനം 2024 ജനുവരിയിൽ നടത്തുന്നതിനുവേണ്ടി നിയമപ്രകാരമുള്ള ഔദ്യോഗിക കല്പന കഴിഞ്ഞ ഒക്ടോബർ 8 നു നല്കപ്പെട്ടിട്ടുള്ളതാണ്. 2023 ഡിസംബർ 7 നു വൈകുന്നേരം കൂടിയ പെർമനെന്റ് സിനഡിന്റെ തീരുമാനപ്രകാരം ജനുവരി 8 മുതൽ 13 വരെ നടക്കുന്ന സിനഡുസമ്മേളനത്തിൽത്തന്നെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു നടപടികൾ ആരംഭിക്കുന്നതാണ്. സിനഡു തെരഞ്ഞെടുക്കുന്ന പുതിയ മേജർ ആർച്ചുബിഷപ്പിന് പരിശുദ്ധ മാർപാപ്പയുടെ സ്ഥിരീകരണം ലഭിച്ചാലുടൻ ഇതുസംബന്ധിച്ച ഔദ്യോഗികപ്രഖ്യാപനവും തുടർന്നു സ്ഥാനാരോഹണവും നടക്കുന്നതാണ്. ഈ കാലഘട്ടത്തിൽ സീറോമലബാർ സഭയെ നയിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തി ഈ ശുശ്രൂഷാപദവിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി എല്ലാവരും പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭ മുഴുവനിലും ചൊല്ലുന്നതിനു ഒരു പ്രാർഥന തയ്യാറാക്കി ഈ സർക്കുലറിനൊപ്പം നല്കുന്നു. ഇത് 2023 ഡിസംബർ 10 ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കുശേഷവും കുടുംബങ്ങളിൽ സായാഹ്നപ്രാർഥനക്കുശേഷവും ചൊല്ലണമെന്നു അറിയിക്കുന്നു. മറ്റൊരു സുപ്രധാനകാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭയുടെ ഹയരാർക്കിസ്ഥാപനത്തിന്റെ ശതാബ്ദി വർഷ സമാപനത്തിലെത്തിയിരിക്കുകയാണ് നാമിപ്പോൾ. 'റൊമാനി പൊന്തിഫിച്ചെസ്' എന്ന തിരുവെഴുത്തുവഴി 1923 ഡിസംബർ 21 ന് പരിശുദ്ധ പിതാവ് പതിനൊന്നാം പിയുസ് മാർപാപ്പയാണ് സീറോമല

ബാർ ഹയരാർക്കി സ്ഥാപിച്ചത്. എറണാകുളത്തെ അതിരൂപതാപദവിയിലേയ്ക്കുയർത്തുകയും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവയെ സാമന്തരൂപതകളായി നിശ്ചയിക്കുകയും ചെയ്തുകൊണ്ടു റോമാ മാർപാപ്പ എടുത്ത ഈ തീരുമാനത്തെത്തുടർന്നു സഭയുടെ നാളിതുവരെയുള്ള വളർച്ച അത്ഭുതാവഹമാണ്. പതിനാറാം നൂറ്റാണ്ടുവരെ ഭാരതംമുഴുവനിലും അജപാലനാധികാരം ഉണ്ടായിരുന്ന സീറോമലബാർസഭയ്ക്ക് ഇടക്കാലത്ത് ഇതിനു പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഇതു പുനസ്ഥാപിക്കപ്പെട്ടു. 1887 ലെ വികാരിയാത്തുകളുടെ സ്ഥാപനവും 1923ലെ ഹയരാർക്കി സ്ഥാപനവുമാണ് ഈ പ്രക്രിയയ്ക്ക് ആക്കംകൂട്ടിയത് എന്നതു പ്രത്യേകം സ്മരണീയമാണ്. ഈ ശതാബ്ദിവർഷത്തിൽ ഹയരാർക്കിസ്ഥാപനത്തിലൂടെ ദൈവം നമ്മുടെ സഭക്കു നല്കിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കാം. അതിന്റെ ഭാഗമായി 2023 ഡിസംബർ 21 വ്യാഴാഴ്ച സഭയിലെ എല്ലാ കത്തീഡ്രൽ ദൈവാലയങ്ങളിലും രൂപതാധ്യക്ഷന്മാരുടെ കാർമികത്വത്തിൽ പ്രത്യേക വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് സഭയുടെ കേന്ദ്രകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലും പ്രത്യേക വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

ഹെബ്രായലേഖനത്തിൽ നാം വായിക്കുന്നതുപോലെ, സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്കു പര്യാലോചിക്കാം (10:24). പരസ്പരസ്നേഹത്തോടും ഐക്യത്തോടും സഹകരണമനോഭാവത്തോടുംകൂടി സഭയുടെയും പൊതുസമൂഹത്തിന്റെയും വളർച്ചക്കുവേണ്ടി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം. സമാഗതമാകുന്ന ക്രിസ്മസിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2023 ഡിസംബർ 9-ാം തിയതി നൽകപ്പെട്ടത്.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്റർ

**C. 3. സർക്കുലർ**

# 2024 യുവജനവർഷം

## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

യേശുവിന്റെ തിരുപ്പിറവിയുടെയും പുതുവർഷത്തിന്റെയും ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ 2022-ൽ പ്രഖ്യാപിച്ച സിനഡാത്മക സഭയുടെ നവീകരണയത്നത്തിന്റെ പശ്ചാത്തലത്തിൽ 2022 ജൂൺ 5-ന് കേരള കത്തോലിക്കാസഭയിൽ 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യവുമായി നവീകരണ കാലഘട്ടം ആരംഭിച്ചുവെന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അതിന്റെ ഭാഗമായി 2023 ദിവ്യകാരുണ്യ വർഷമായി ആചരിച്ചു. യുവജനശുശ്രൂഷയിൽ പുതിയ ഉണർവ് നല്കുന്നതിന് കേരള കത്തോലിക്കാമെത്രാൻ സമിതി (KCBC) 2024-നെ കേരള കത്തോലിക്കാസഭയിൽ യുവജനവർഷമായി പ്രഖ്യാപിക്കുന്നു. ഈ യുവജനവർഷാചരണം കേരള കത്തോലിക്കാ സഭയ്ക്ക് വലിയ പ്രചോദനവും ആവേശവും ലഭ്യമാക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

### കെസിബിസി യുവജനകമ്മീഷൻ

കേരളത്തിലെ വ്യക്തിഗതസഭകളായ സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര സഭകളുടെ സംയുക്ത വേദിയായ കെസിബിസിയുടെ യുവജനകമ്മീഷനാണ് 2024 ലെ യുവജനവർഷാചരണത്തിനുള്ള കർമ്മപദ്ധതികൾക്ക് നേതൃത്വം നല്കുന്നത്. കെസിബിസി യുവജനകമ്മീഷന് സാരഥ്യം വഹിക്കുന്നത് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ചെയർമാനായും വന്ദ്യരായ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവും വൈസ് ചെയർമാന്മാരും ബഹു. ഫാദർ സ്റ്റീഫൻ തോമസ് ചാലക്കര സെക്രട്ടറിയും ആയിട്ടുള്ള ടീമാണ്. കമ്മീഷന്റെ പ്രവർത്തന മേഖലയിൽ വരുന്ന എല്ലാ യുവജന പ്രസ്ഥാനങ്ങളെയും ചേർത്തു നിർത്തിയുള്ള യുവജനവർഷാചരണത്തിന് ഇവർ നേതൃത്വം നല്കുന്നതാണ്. കേരളത്തിലെ മൂന്നു റീത്തുകളിലെയും യുവജനപ്രസ്ഥാ

നങ്ങൾ, കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ കത്തോലിക്കാ യുവജനസംഘടനകൾ എന്നിവർ ഒരുമിച്ചു സഹകരിച്ച് യുവജന വർഷം ഉചിതമായി ആചരിക്കണമെന്ന് താല്പര്യപ്പെടുന്നു.

**യുവജന വർഷത്തിന്റെ ആപ്തവാക്യം**

'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' (Christian Youth with Compassionate Eyes, Passionate Heart and Fire winged Feets). പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീക്ഷണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നി ചിറകുള്ള കാലുകളും ക്രൈസ്തവ യുവതയുടെ ലക്ഷണങ്ങളായി മാറണമെന്ന ആഹ്വാനം പേറുന്നതാണ് ഈ ആപ്തവാക്യം. 'ക്രിസ്തുവിൽ വേരൂന്നിയതും വിശ്വാസത്തിൽ ഉറച്ചതുമായ യുവജനം'എന്ന യുവജന കമ്മീഷന്റെ മുഖ്യ പ്രമേയത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് യുവജന വർഷത്തിന്റെ ഈ ആപ്തവാക്യം.

**യുവജനവർഷ പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങൾ**

മനുഷ്യജീവിതത്തിന്റെ സുവർണ്ണ കാലഘട്ടമാണ് യുവത്വം. സജീവവും സർഗ്ഗാത്മകവുമായ ഇടപെടലുകളിലൂടെ കുടുംബത്തിലും സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന കാലം. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവപ്രീതിയിലും വളർന്നതുപോലെ (ലൂക്ക 5.52) യുവജനങ്ങൾ പക്വതയിലേക്ക് വളരുവാൻ സജ്ജരാക്കുകയെന്ന സഭയുടെ ലക്ഷ്യം തീക്ഷണമായി ഓർമ്മിപ്പിക്കുന്നതിന് ഉതകുന്നതാകണം യുവജനവർഷം. സഭ അവരെ ചേർത്തു പിടിക്കുന്നു എന്ന ബോധ്യവും അവർ സഭയോട് ചേർന്നു നടക്കുന്നു എന്ന തിരിച്ചറിവും നല്കാൻ തക്കവിധം പ്രചോദനാത്മകമാകണം ആചരണം.

**യുവജന വർഷാചരണത്തിന്റെ പൊതു മാർഗ്ഗനിർദേശങ്ങൾ**

സഭയിൽ യുവജനങ്ങൾക്കായ് നടത്തുന്ന അനേകം പരിപാടികളിൽ ഒന്നായ് യുവജനവർഷാചരണം മാറാതിരിക്കാൻ എല്ലാ പദ്ധതികൾക്കും ബാധകമാവുന്ന ചില പൊതു നിർദ്ദേശങ്ങൾ ചേർക്കുന്നു.

1. സഭയേയും സമൂഹത്തേയും സംബന്ധിച്ച് യുവജനങ്ങൾക്ക് പങ്കുവയ്ക്കുവാനുള്ള ആശയങ്ങളും അഭിപ്രായങ്ങളും തുറന്ന മനസ്സോടെ കേൾക്കാൻ തക്ക വേദികൾ സൃഷ്ടിക്കപ്പെടണം.

2. കത്തോലിക്കാ സ്വത്വബോധം നൽകുന്ന കൂടിവരവുകൾ, തീർത്ഥ യാത്രകൾ ഇവയ്ക്ക് പ്രാധാന്യം.

3. യുവജനങ്ങൾക്ക് മിഷൻ ചൈതന്യം നൽകുന്ന പരിശീലന പദ്ധ തികൾ.

4. കേരള കത്തോലിക്കാസഭയിലെ 3 റീത്തുകളിലെയും യുവജന സംഘടനകളുടെ സഹവർത്തിത്വവും, സഹകരണവും ഉറപ്പാ ക്കുന്ന സംഗമങ്ങളും, പഠന ശിബിരങ്ങളും.

5. ആഴമാർന്ന ക്രൈസ്തവ വിശ്വാസവും മൂല്യങ്ങളും പ്രഘോഷി ക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതൃത്വത്തെ രൂപ പ്പെടുത്തുന്ന പദ്ധതികൾ.

യുവജനവർഷത്തിന് ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി 2024 ജനുവരി 7-ാം തിയതി ഞായറാഴ്ച എല്ലാ ഇടവകകളിലും യുവ ജന പതാക ഉയർത്തുകയും ഇതോടൊപ്പം തന്നിട്ടുള്ള പ്രത്യേക പ്രാർഥന ചൊല്ലുകയും വേണം. എല്ലാ യുവജനസംഗമങ്ങളിലും ഈ പ്രാർഥന ഉപയോഗിക്കാവുന്നതാണ്.

**യുവജനസഭയും വെല്ലുവിളികളും**

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'ക്രിസ്തൂസ് വിവിത്' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഇപ്രകാരം പറയുന്നു, 'യുവജനങ്ങൾ സഭയുടെ ഇന്നാണ്' (അദ്ധ്യായം 3). ക്രൈസ്തവ യുവത്വം വെല്ലുവി ളികളുടെ കാലഘട്ടത്തിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. എല്ലാ കാലത്തും അത് അങ്ങനെ തന്നെയാണ് താനും. കത്തോലിക്കാ സ്വത്വബോധത്തിൽ നിന്നും അകലുന്ന യുവത്വം, ലഹരിയുടെയും ആസക്തികളുടെയും വലയിൽപ്പെടുന്നവർ, പ്രവാസ ജീവിതത്തി നായ് കുടിയേററം നടത്തുന്ന യുവാക്കളുടെ വർദ്ധനവ്, അക്ര മത്തെയും ഹിംസയെയും പ്രോത്സാഹിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങ ളുടെ വളർച്ച, മാറിവരുന്ന മാധ്യമ സംസ്ക്കാരം, ന്യൂനപക്ഷ ആനുകൂ ല്യങ്ങളുടെ അനീതിപരമായ വിതരണം, കാർഷിക രംഗത്തിന്റെ തകർച്ച, വന നിയമങ്ങളുടെയും തീരപരിപാലന നിയമങ്ങളുടെയും ഇടയിൽ തകരുന്ന മനുഷ്യ ജീവിതങ്ങൾ, വന്യമൃഗങ്ങളുടെ ആക്രമ ണങ്ങൾ, ധ്രുവീകരണ പരിശ്രമങ്ങൾ, നിരീശ്വരവാദ പ്രത്യയശാ സ്ത്രങ്ങൾ, കുടുംബങ്ങളെ അലോസരപ്പെടുത്തുന്ന അരാജകത്വവാ ദവും അയഞ്ഞ ലൈംഗിക ധാർമ്മികതകളും, ദളിത് ക്രൈസ്തവ

രോടുള്ള വിവേചനങ്ങൾ, അഴിമഴിയുടെയും സ്വജനപക്ഷപാതത്തിന്റെയും മൂല്യരാഹിത്യത്തിന്റെയും രാഷ്ട്രീയം, മയക്ക് മരുന്ന്, തീവ്രവാദം, കള്ളപ്പണം ഇവയുടെ അവിശുദ്ധ കൂട്ടുകെട്ട് തുടങ്ങിയവ വെല്ലുവിളികളാണ്. ഇവയെ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ പ്രാപ്തിയും പക്വതയും ആത്മീയതയും ഉള്ള യുവജനങ്ങളിലാണ് സഭയുടെ പ്രതീക്ഷ.

പ്രാർത്ഥനയോടെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുവാൻ സജ്ജരായ യുവജനങ്ങളാണ് സഭയുടെ കരുത്ത്. ഈ യുവജനങ്ങളെ സഹഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മുതിർന്നവരുടെ സാന്നിധ്യം യുവജന ശുശ്രൂഷയെ സമ്പന്നമാക്കുന്നു. അവരെ ധീരരായ മിഷനറിമാരും ക്രിസ്തുവുമായി സൗഹൃദമുള്ള സമർപ്പിതരുമാക്കിത്തീർക്കുന്നു. നായിനിലെ വിധവയുടെ മകനോട് 'യുവാവേ, എഴുന്നേൽക്കുക' (ലൂക്ക 7.14) എന്നും ജായ്റോസിന്റെ മകളോട് 'ബാലികേ എഴുന്നേൽക്കുക' (മർക്കോ 5.41) എന്നും പറഞ്ഞ യേശുക്രിസ്തു ഈ യുവജനവർഷത്തിൽ കേരള സഭയിലെ മുഴുവൻ യുവജനങ്ങളെയും അതുവഴി കേരള സഭയെയും വിശുദ്ധീകരിക്കുകയും വഴിനടത്തുകയും ചെയ്യട്ടെ.

സെഹിയോൻ ശാലയിൽ യേശുവിന്റെ ശിഷ്യരോടൊത്ത് പ്രാർത്ഥിച്ച പരിശുദ്ധ മറിയം തന്റെ മധ്യസ്ഥം കേരളസഭയിലെ യുവജനങ്ങൾക്കും അവരെ നയിക്കുന്നവർക്കും നൽകട്ടെ. ഈ യുവജന വർഷം ത്രീയേക ദൈവത്തിന്റെ കൃപയാൽ കേരള കത്തോലിക്കാസഭയിൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ഏവർക്കും പൈതൃക ആശീർവാദം നേരുന്നു. ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി സെക്രട്ടറി ജനറൽ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി – 682 025

## യുവജനവർഷ പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, കേരള സഭാ നവീകരണത്തിന്റെ ഭാഗമായി 2024 യുവജനവർഷമായി ആചരിക്കുവാൻ തന്ന കൃപയെ ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. യുവാവായ ക്രിസ്തു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നതു പോലെ കേരളസഭയിലെ യുവജനങ്ങളെല്ലാം വിശുദ്ധിയിലും വിശ്വാസത്തിലും പ്രത്യാശയിലും പരസ്പര സ്നേഹത്തിലും വളരുവാൻ അങ്ങ് കൃപചെയ്യണമേ. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന യുവജനവർഷ ആപ്തവാക്യം അനുദിന കർമങ്ങളുടെ ഭാഗമാക്കി മാറ്റാൻ പ്രാപ്തരാക്കണമെ. ദൈവവചനത്തിൽ ആഴപ്പെട്ടവരും പരിശുദ്ധ ദിവ്യകാരുണ്യത്തിൽ ബലപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരുമായ യുവജനങ്ങളാൽ തിരുസഭയെ സമ്പന്നമാക്കണമേ. പരിശുദ്ധ മാർപാപ്പായെയും മെത്രാന്മാരെയും വൈദീകരെയും സന്യസ്തരെയും അല്മായ പ്രേഷിതരെയും കാത്തുപരിപാലിക്കണമെ. എല്ലാ യുവജന സംഘടനകളെയും അവരുടെ നേതാക്കളെയും അവരെ നയിക്കുന്നവരെയും വിശ്വാസത്തിൽ നവീകരിക്കണമെ. ദൈവവിളികൾ വർദ്ധിപ്പിക്കണമെ. പഠന മേഖലകളെയും തൊഴിലിടങ്ങളെയും ആശീർവദിക്കണമെ. കത്തോലിക്കാ വിശ്വാസത്തിനു ചേർന്ന ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാനുള്ള വിവേകവും ജ്ഞാനവും നൽകി പരിപോഷിപ്പിക്കണമെ. പ്രവാസികളായ യുവജനങ്ങളെ കാത്തുകൊള്ളണമേ. കാലത്തിന്റെ അടയാളങ്ങളെ വായിക്കുവാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനുമുള്ള വിവേകം അങ്ങ് നൽകേണമേ. പരിശുദ്ധ അമ്മേ, വിശുദ്ധ യൗസേപ്പിതാവേ, തിരുസഭയിലെ സകല വിശുദ്ധന്മാരെ യുവജനങ്ങൾക്കായി പ്രാർത്ഥിക്കണമേ ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

| | | നവംബർ 2023 |
|---|---|---|
| 24/11/2023 | | ജോസ്പുരം സെൻ്റ് ജോസഫ് ഇടവകാംഗമായ ചെമ്മരപ്പള്ളി ബിനോയുടെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | | നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി ധ്യാന കേന്ദ്രത്തിൽ ഷെക്കീന ടെലിവിഷൻ സംഘടിപ്പിച്ച ബഹു. സിസ്റ്റേഴ്സിനു വേണ്ടിയുള്ള ധ്യാനത്തിൽ വചന സന്ദേശം നൽകി. |
| 25/11/2023 | | ജോസ്ഗിരി സെൻ്റ് ജോസഫ് ദൈവാലയത്തിൽ വച്ച് ഡീക്കൻ കളത്തിൽപറമ്പിൽ ജോസഫിന് തിരുപ്പട്ടം നൽകി. |
| 26/11/2023 | | രാജാക്കാട്, ക്രിസ്തുരാജാ ദൈവാലയത്തിൽ ഈശോയുടെ രാജത്വ തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു. |
| 26/11/2023– 28/11/2023 | | അടിമാലി, ആത്മജ്യോതി പാസ്റ്ററൽ സെൻ്ററിൽ വച്ച് നടന്ന ഇടുക്കി രൂപതയുടെ പ്രഥമ എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുത്തു. |
| 29/11/2023 | 6.30 am | മുരിക്കാശ്ശേരി, സെൻ്റ് മർത്താസ് കോൺവെൻ്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |
| | 10.00 am | എഫ്.സി.സി. നിർമ്മല റാണി പ്രൊവിൻസ് അംഗമായ റവ. സി. ജോണറ്റ് എഫ്.സി.സി. യുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലത്തിലുള്ള കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |

| | | |
|---|---|---|
| | 11.30 am | മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് നടന്ന ഇടുക്കി - കോതമംഗലം രൂപത കളിൽ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ - രജത ജൂബിലി ആഘോഷി ക്കുന്ന ബഹുമാനപ്പെട്ട വൈദികർക്ക് ആശംസകൾ നേർന്ന് അവരെ ആദരിച്ചു. |
| 30/11/2023 | | ഉദയഗിരി സെന്റ് മേരിസ് ഇടവകാംഗവും ബഹു. സെബാൻ മേലാട്ട് അച്ചന്റെ സഹോ ദരിയുമായ ലീലാമ്മ ജോസഫിന്റെ നിര്യാ ണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 9.30 am | ശാന്തിഗ്രാം സെന്റ് ജോസഫ് ഇടവകാംഗ മായ പുളിക്കിയിൽ ത്രേസ്യാമ്മ സ്കറിയ യുടെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | കോതമംഗലം, സെന്റ് ജോസഫ് സെമി നാരിയിൽ വച്ച് നടന്ന ഇടുക്കി - കോത മംഗലം രൂപതകളിൽ പൗരോഹിത്യ സ്വീക രണത്തിന്റെ സുവർണ്ണ - രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. |
| | | **ഡിസംബർ 2023** |
| 01/12/2023 | | കോതമംഗലം, സെന്റ് ജോർജ് കത്തീഡ്രലിൽ കെ.സി.ബി.സി. സംഘടിപ്പിച്ച ബൈബിൾ പാരായണത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും തുടർന്ന് ബൈബിൾ പാരായണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു.<br>ബിഷപ്പ് ഹൗസിൽ വിളിച്ചുചേർത്ത പ്രസ്സ്ബീറ്ററൽ കൗൺസിലിൽ പങ്കെടുത്തു. |
| 03/12/2023–18/12/2023 | | റോമിൽ സന്ദർശനം നടത്തി. |

# BISHOP'S ENGAGEMENTS

**ജനുവരി 2024**

| | |
|---|---|
| 01 | തിരുപ്പട്ടം, തങ്കമണി |
| | തിരുപ്പട്ടം, ചെമ്പകപ്പാറ |
| 02 | തിരുപ്പട്ടം, ആയിരമേക്കർ |
| 03 | തിരുപ്പട്ടം, കോഴിമല |
| | തിരുപ്പട്ടം, കാൽവരിമൗണ്ട് |
| 04 | തിരുപ്പട്ടം, ജോസ്ഗിരി |
| 06 | പാലാ |
| 08–13 | സിനഡ് |
| 14 | അടിമാലി |
| | തങ്കമണി |
| 15 | വാഴത്തോപ്പ് |
| | ഇരട്ടയാർ |
| 16 | ചെമ്മണ്ണാർ |
| | രാജാക്കാട് |
| 17 | വെള്ളയാംകുടി |
| | വാഴത്തോപ്പ് |
| 18 | നെടുങ്കണ്ടം |
| 19 | ഇരട്ടയാർ |
| | നീലിവയൽ |
| 20 | കോട്ടപ്പുറം |
| 21 | വിമലഗിരി |
| | കൈലാസം |
| 22–24 | ചെന്നൈ |
| 27 | നെടുങ്കണ്ടം, കാൽവരിമൗണ്ട് |
| 28 | വട്ടപ്പാറ |
| 30 | ചെമ്പരത്തി |

# കച്ചേരി വാർത്തകൾ

## C. 01/24 പുതുവത്സരാശംസകൾ

ഏവർക്കും ആഗതമായിരിക്കുന്ന പുതുവത്സരത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. ഐശ്വര്യപൂർണ്ണവും സമാധാന പൂർവ്വകവുമായ ജീവിതം എല്ലാവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥി ക്കുന്നു.

*Bishop*

## C. 02/24 NEW APPOINTMENTS

1. Fr. Joseph Kollakombil - Jeevan Tea Marketing Manager
2. Fr. Joseph Vattaparayil - Priest-in-Charge, Rajapuram
3. Fr. Sebastian Manackalett - Priest-in-Charge, Panamkutty
4. Fr. Joseph Palathinkal - Resident Priest, Murickumthotty
5. Fr. Kurian Kurias - Resident Priest, Ellakkal
6. Fr. Jiffin George Paliath OFM Cap - Asst.Vicar, Udayagiri
7. Fr. Tibin Thengumthettayil OFM Cap - Asst.Vicar, Vazhavara
8. Fr. Akhil Pious Manjakunnel OFM Cap - Asst.Vicar, Churuli

*Bishop*

## C. 03/24 സീറോ മലബാർ പ്രേഷിത വാരം

2024 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ പ്രേഷിത വാരമായി ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലും സ്ഥാപന ങ്ങളിലും സീറോ മലബാർ പ്രേഷിത വാരം ഉചിതമായി ആചരിക്കേ ണ്ടതാണ്.

*Bishop*

## C. 04/24 സഭൈക്യ വാരം

2024 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി സാർവ്വ

ത്രികസഭയിൽ ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സഭൈക്യവാരം ഉചിതമായി ആചരിക്കേണ്ടതാണ്.

*Bishop*

## C. 05/24 മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം

മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം 2024 ഫെബ്രുവരി 6-ാം തീയതി അനുസ്മരിക്കുകയാണ്. പിതാവിന്റെ ആത്മശാന്തിക്കായി അന്നേ ദിവസം പ്രത്യേക അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

## C. 06/24 Monthly Recollection for Priests

ജനുവരി മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 343 മുതൽ 352 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto Syncellus*

## C. 07/24 വാർഷിക റിപ്പോർട്ട്

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടിനുള്ള ഫോറങ്ങൾ ഈ സഹ്യനാദത്തിനോടൊപ്പം അയയ്ക്കുന്നു. ബന്ധപ്പെട്ടവർ ഇവ കൃത്യമായി പൂരിപ്പിച്ച് ജനുവരി 30 നകം കൂരിയായിൽ ഏൽപ്പിക്കേണ്ടതാണ്. റിപ്പോർട്ടിൽ വിവരങ്ങൾ കഴിയുന്നത്ര കൃത്യമായി ചേർക്കുമല്ലോ.

*Chancellor*

## C. 07/24 Report of the Presbyteral Council 1st December 2023

On Tuesday, December 1st, 2023, an ordinary meeting of the Presbyteral Councilof the Eparchy of Idukki was convened at the Bishop’s House, Karimpan. The proceedings were commenced with a prayer, followed by a welcome address delivered by Very Rev. Fr. Joseph Thachukunnel, the Finance Officer. Subsequently, Fr. Thomas Panjikunnel, the secretary, presented the report of the previous meeting of the council.

The directors representing various departments of the eparchy presented their financial statements from the previous year and the council approved them with suggestions. As the present council nears the completion of its term, it has suggested the names of Very Rev. Msgr. Abraham Purayattu as the Convener, Very Rev. Fr. Francis Edavakandam as the Joint Convenor, and Fr. NobyPonpanal as a Committee Member to oversee and manage the upcoming Presbyteral Council election.

The council proposed to conduct a feasibility study regarding the pastoral care of the faithful at Amalapuram (8th Mile) which falls under the jurisdiction of the Calvarymount parish.

The council evaluated the First Eparchial Assembly held from 26th November 2023. Reflecting on the successful outcome of the Assembly, the council extended congratulations to the entire Executive Committee for their efforts.

Further, the council constituted a committee comprised of Very Rev. Msgr. Jose Plachickal, Very Rev. Msgr. Jose Karivelickal, Very Rev. Fr Sebastian Kochupurackal, Very Rev. Fr. Mathew Karottukocharackal, and Rev. Fr Mathew Thadathil, tasked with formulating recommendations from the diocese to the government for the formulation of the Land Refinement Act.

Bishop Mar John Nellikunnel addressed the council expressing gratitude for their invaluable contributions throughout their tenure.At the close of the meeting, Rev. Fr Joseph Varakil extended a formal expression of gratitude. The meeting was concluded with a prayer at 2.30 P.M

### C. 09/23 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. ഇമ്മാനുവേൽ കുത്തനാപ്പിള്ളിൽ | - ജനുവരി 01 |
| റവ. ഫാ. കുര്യൻ കുര്യാസ് | - ജനുവരി 03 |
| റവ. ഫാ. കുര്യാക്കോസ് കാരയ്ക്കാട്ട് | - ,, |
| റവ. ഫാ. കുര്യൻ നരിക്കുഴിയിൽ | - ,, |

| | | |
|---|---|---|
| റവ. ഫാ. സെബാസ്റ്റ്യൻ വടക്കേൽ | - | ജനുവരി 20 |
| റവ. ഫാ. സെബാസ്റ്റ്യൻ മേലേട്ട് | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ അമ്പാട്ടുകുന്നേൽ | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ മഠത്തിശ്ശേരിൽ | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ ഇളംപുരയിടത്തിൽ | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ മനയ്ക്കലേട്ട് | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ വട്ടത്തറയിൽ | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടത്തിൽ | - | ” |
| റവ. ഫാ. സെബാസ്റ്റ്യൻ കൈതാരം | - | ” |
| റവ. ഫാ. ജോൺ ബോസ്കോ താന്നിയ്ക്കപ്പാറ | - | ജനുവരി 31 |

*Bishop*

## സാന്താ മരിയ സീറോ മലബാർ കാത്തലിക് മിഷൻ, അരുണാചൽ വെസ്റ്റ്

### SA. 01/24 യാത്രാമംഗളങ്ങൾ

കഴിഞ്ഞ 3 വർഷക്കാലം മിഷനിലെ ശുശ്രൂഷയ്ക്കുശേഷം മാതൃരൂപതയിലേയ്ക്ക് തിരികെ യാത്രയായ ബഹുമാനപ്പെട്ട ജോസഫ് വട്ടപ്പാറയച്ചനെ നന്ദിയോടെ ഓർമ്മിക്കുന്നു. ഇറ്റാനഗർ രൂപതയുടെ ഭാഗമായ മെയ്യുക, ഡാമിൻ എന്നീ ഇടവകകളിൽ അച്ചൻ തന്നെ ഏല്പിച്ചിരുന്ന പ്രേഷിതദൗത്യം പൂർത്തിയാക്കിയാണ് ഇടുക്കി യിലേക്ക് തിരികെ പോകുന്നത്. അച്ചന്റെ പുതിയ ഉത്തരവാദിത്വങ്ങ ളിൽ എല്ലാ നന്മകളും ആശംസിക്കുന്നു.

### SA. 02/24 ക്രിസ്തുമസ് ആഘോഷങ്ങൾ

മിഷനിലെ എല്ലാ സെന്ററുകളിലും ഏറ്റവും മനോഹരമായ രീതികളിൽ ക്രിസ്തുമസ് ആഘോഷിച്ചു.

## മൈനർ സെമിനാരി

### MS. 01/24

നവംബർ 12 ന് വാഴത്തോപ്പ് കത്തീഡ്രൽ ഇടവകയും നവം ബർ 18 ന് ഇടുക്കി രൂപതയും നടത്തിയ അഭിവന്ദ്യ ജോൺ നെല്ലിക്കു ന്നേൽ പിതാവിന്റെ രജത ജൂബിലി ആഘോഷങ്ങളിൽ ബ്രദേഴ്സ് പങ്കെടുത്തു. കൂടാതെ നവംബർ 29 ന് ഇടുക്കി രൂപതയിലേയും മാതൃരൂപതയായ കോതമംഗലത്തേയും 25 - ഉം 50 - ഉം വർഷം പൗരോഹിത്യശുശ്രൂഷ പൂർത്തിയാക്കിയ വൈദികരുടെ സംയുക്ത ജൂബിലി ആഘോഷത്തിന് സെമിനാരി ആതിഥേയത്വം വഹിച്ചു. ഫാ. ജോസഫ് മുളഞ്ഞനാനി മുഖ്യ കാർമ്മികത്വം വഹിച്ച വി. കുർബാന യിൽ ഫാ. ജോർജ്ജ് കാര്യാമഠം സന്ദേശം നല്കി. തുടർന്നു നടന്ന സ്നേഹവിരുന്നിൽ ബഹു. ജനറാളച്ചന്മാർ ഓരോ വൈദികരേയും ആശംസ അറിയിക്കുകയും അഭിവന്ദ്യ പിതാവ് ആദരവു നേർന്ന് സംസാരിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. ബഹു.

വൈദികർ അനുഭവങ്ങൾ പങ്കുവച്ചു സംസാരിച്ചത് എല്ലാവർക്കും അനുഗ്രഹമായി.

### MS. 02/24 Face of the Faceless

വാ. റാണി മരിയയയുടെ കഥ പറയുന്ന Face of the Faceless കട്ടപ്പനയിൽ പോയി കാണാൻ വൈദിക വിദ്യാർത്ഥികൾക്ക് ടിക്കറ്റ് സ്പോൺസർ ചെയ്ത മോൺ. ജോസ് പ്ലാച്ചിക്കലച്ചന് നന്ദി.

### MS. 03/24 Eparchial Assembly

ഇടുക്കി രൂപതയുടെ പ്രഥമ Eparchial Assembly - യിൽ (നവം ബർ 26-28) റെക്ടർ ഫാ. സെബാസ്റ്റ്യൻ വടക്കേൽ പങ്കെടുത്തു.

### MS. 04/24 ആദരാഞ്ജലികൾ

ഇടുക്കി രൂപതയുടെ പ്രഥമ വികാരി ജനറാളും ഈ സെമി നാരിയിലെ ആദ്യകാല അധ്യാപകനായും സേവനം ചെയ്തിട്ടുള്ള ബഹു. തോമസ് പെരിയപ്പുറം അച്ചന്റെ നിര്യാണത്തിൽ സെമിനാരി കുടുംബം അനുശോചനമറിയിക്കുകയും പ്രാർത്ഥിക്കുകയും റെക്ടറ ച്ചൻ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

### MS. 05/24 യാത്രാമംഗളങ്ങൾ!

കഴിഞ്ഞ രണ്ടരവർഷക്കാലം സെമിനാരിയുടെ ആത്മീയ പിതാവ് എന്ന നിലയിൽ വൈദിക വിദ്യാർത്ഥികളുടെ രൂപീകരണ ത്തിലും ഈ സെമിനാരിയുടെ നടത്തിപ്പിലും മാർഗ്ഗദർശിയായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ശേഷം ഭരണങ്ങാനം മാതൃഭവനത്തിലേക്കു മടങ്ങുന്ന ബഹു. ജോസഫ് സഖറിയാസ് OFM Cap അച്ചന് ഇടുക്കി രൂപതയുടെയും സെമിനാരിയുടെയും പ്രാർത്ഥനമഞ്ജരികളും നന്ദിയും അറിയിക്കുന്നു.

# സന്ന്യസ്തർ

## 1. കർമ്മല മാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)

- ❖ നവംബർ 26, 27, 28 തിയതികളിൽ ആത്മജ്യോതി പാസ്റ്ററൽ സെന്റർ അടിമാലിയിൽ വച്ച് നടന്ന ഇടുക്കി രൂപത പ്രഥമ എപ്പാർക്കിയൽ അസംബ്ലിയിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ആനി പോൾ, സി. ജാൻസീന, സി. മേബിൾ, സി. റ്റീന, സി. പ്രീതി എന്നിവർ പങ്കെടുത്തു.
- ❖ വെള്ളയാംകുടി ഇടവകയിൽ പാദുവാപുരത്ത് എവുപ്രാസ്യ ഭവൻ എന്ന പേരിൽ ഒരു റെസിഡൻസ് ആരംഭിച്ചു. 3 സിസ്റ്റേഴ്സ് അവിടെ ശുശ്രൂഷകൾ ചെയ്ത് വരുന്നു.
- ❖ കോട്ടയത്ത് വച്ച് നടന്ന 'ഇൻകം ടാക്സ്' സെമിനാറിൽ സി. ജാൻസീന, സി. ടീന, സി. നൈസ് മരിയ, സി ദർശന എന്നിവർ സംബന്ധിച്ചു.
- ❖ ഡിസംബർ ഒന്ന്, രണ്ട് തീയതികളിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 51 മണിക്കൂർ തുടർച്ചയായി ദിവ്യകാരുണ്യ ആരാധന നടത്തി. എല്ലാ മഠങ്ങളിൽ നിന്നും സിസ്റ്റേഴ്സ് വന്ന് ആരാധനയിൽ സംബന്ധിച്ചു. ഈ കാലഘട്ടത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി മാദ്ധ്യസ്ഥ്യം യാചിച്ചും കുറവുകൾക്കായി പരിഹാരമായും നടത്തിയ ആരാധന എല്ലാവരെയും ദൈവാനുഭവത്തിലേക്ക് നയിച്ചു.
- ❖ FCC സഭാംഗമായ സി. ജോണറ്റിന്റെ നിര്യാണത്തിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ആനി പോളും കൗൺസിലർ സിസ്റ്റേഴ്സും മുരിക്കാശ്ശേരി പ്രൊവിൻഷ്യൽ ഹൗസിലെത്തി പ്രാർത്ഥിക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു.
- ❖ നവംബർ 24, 25 തീയതികളിലായി ലോക്കൽ സുപ്പിരിയേഴ്സ് കോഴ്സ് നടന്നു. റവ. ഫാ. കുര്യൻ കുര്യാസ് ക്ലാസ്സ് നയിച്ചു. വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.
- ❖ ജനറൽ ഫോർമേഷൻ കോർഡിനേറ്റർ സി. ആൻ മേരി പ്രൊവിൻഷ്യൽ ഹൗസും പരിശീലന ഭവനങ്ങളും സന്ദർശിച്ചു.

❖ കോതമംഗലം സാൻജോ ഭവൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടന്ന വരദാന വളർച്ചാ ധ്യാനത്തിലും ഗിഫ്റ്റഡ് കൗൺസിലിംഗ് പരിശീലനത്തിലും സി. മേബിൾ, സി. റാണി തെരേസ്, സി. നിത്യ, സി. മരിയ, സി. ജീൻസ സി. ജസ്ന എന്നിവർ പങ്കെടുത്തു. ജനറൽ തലത്തിൽ നടത്തിയ ഈ പ്രോഗ്രാമിന് നേതൃത്വം നൽകിയത് MSMI സിസ്റ്റേഴ്സാണ്.

❖ ക്രിസ്റ്റീൻ ധ്യാന ടീമിന്റെ നേതൃത്വത്തിൽ സെന്റ് തോമസ് ഹൈസ്കൂൾ ഇരട്ടയാറിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി Spritial Empowerment Program ഉം Value Education Classes ഉം നടന്നു. ഡിസംബർ 8, 9 തീയതികളിലായി നടന്ന ധ്യാനത്തിൽ 1000 കുട്ടികൾ പങ്കെടുത്തു. സ്കൂൾ മാനേജർ വെരി. റവ. ഫാ. ജോസ് കരിവേലിക്കൽ, ഹെഡ്മാസ്റ്റർ ശ്രീ. ജോർജുകുട്ടി, അധ്യാപകർ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനങ്ങളും സഹകരണവും വിശുദ്ധ കുർബാനയും അനുരഞ്ജന ശുശ്രൂഷയും എല്ലാം ധ്യാനം വിജയമാക്കി.

❖ ഹോം മിഷൻ ടീമിന്റെ നേതൃത്വത്തിൽ വിമലഗിരി ഇടവകയിൽ വീടുകൾ സന്ദർശിച്ച് കുടുംബാംഗങ്ങളുമായി വ്യക്തിപരമായി സംസാരിക്കുകയും വചനം പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഹോം മിഷന്റെ സമാപന ദിവസം ബൈബിൾ കൺവൻഷനും വിശുദ്ധ കുമ്പസാരവും ഒരുക്കി. വികാരി ജയിംസ് പാറക്കടവിലച്ചന്റെയും, കൊച്ചച്ചന്റെയും പാരിഷ് കൗൺസിലിന്റെയും കൂട്ടായ പ്രവർത്തനങ്ങൾ എല്ലാം ദൈവാനുഗ്രഹമാക്കി. ഇടവകജനം മുഴുവനും നന്നായി സഹകരിച്ചു.

❖ സെന്റ് ജോർജ് കത്തിഡ്രൽ വാഴത്തോപ്പിൽ തിരുബാല സഖ്യം കുട്ടികൾക്കായി ഡിസംബർ 9, 10 തീയതികളിലായി ക്രിസ്റ്റീൻ ധ്യാനം നടത്തി. 200 കുട്ടികൾ പങ്കെടുത്തു.

❖ 18-11-23 CEON Charitable Society യുടെ കീഴിൽ പ്രവർത്തിക്കുന്ന അടിമാലി സോൺ സാരഥി സംഗമം കാർമ്മൽഗിരി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സംസ്ഥാന ഡയറക്ടർ റവ. ഫാ. ടോം ഉദ്ഘാടനം നിർവ്വഹിച്ചു.

❖ 19-11-23 CEON Charitable Society യുടെ കീഴിൽ പ്രവർത്തിക്കുന്ന തോപ്രാംകുടി വലിയ കുടുംബം SHG Group ന്റെ വർഷികം നടന്നു Sr. Jasmine നേതൃത്വം നൽകി.

- സി. സീജ മരിയ പൊട്ടൻകാട്, ജോർജിയാർ, ബഥേൽ, കൂമ്പൻ പാറ ഇടവകകളിൽ 'സ്വർഗ്ഗത്തിൽ കണ്ണുകൾ ഉറപ്പിക്കുന്ന ഭൗതീക ജീവിതം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സുകൾ നൽകി. കാമാക്ഷി, വിമലഗിരി ഇടവകകളിൽ വചന പ്രഘോഷണവും ആരാധനയും സി. സീജ മരിയ നടത്തി.
- സി. പ്രദീപ പാറത്തോട് ഇടവകയിലെ മാതൃവേദിയിലെ അമ്മമാർക്കായി ക്ലാസ്സ്, ആരാധന, കുമ്പസാര ഒരുക്കം എന്നിവ നടത്തി.
- കൗൺസിലിംഗ് മേഖലയിലെ മികച്ച സേവനത്തിന് സി. ക്ലാരിസിനെ നന്മ സാംസ്ക്കാരിക വേദി നെടുംങ്കണ്ടം അവാർഡ് നൽകി ആദരിച്ചു.
- സിഎംസി മൗണ്ട് കാർമൽ ജനറലേറ്റിന്റെ കീഴിലുള്ള സ്പെഷ്യൽ സ്കൂളുകളുടെ ഇൻസ്പെക്ഷൻ ടീമിൽ മച്ചിപ്ലാവ് കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പാൾ സി. ബിജി ജോസ് സി.എം.സി. കാഞ്ഞിരപ്പള്ളി, പാലാ, വാർധ, മഞ്ചരിയാൽ, തലശ്ശേരി, താമരശ്ശേരി, മാനന്തവാടി പ്രോവിൻസുകളിലെ സ്പെഷ്യൽ സ്കൂളുകൾ സന്ദർശിച്ച് ഇൻസ്പെക്ഷൻ നടത്തി.
- നവംബർ 23, 24 തീയതികളിൽ സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിന്റെയും സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത കേരള ഘടകത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ദൈവദാസൻ ബ്രദർ ഫോർത്തൂനാത്തൂസ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിക്ക് വേണ്ടിയുള്ള ഇന്റർ സ്പെഷ്യൽ സ്കൂൾ ഫുട്ബോൾ ടൂർണമെന്റിൽ ഹയർ എബിളിറ്റി ഗ്രൂപ്പിൽ മച്ചിപ്ലാവ് കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂൾ ടീം പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കി.
- റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ എയർപോർട്ടിന്റെ ആഭിമുഖ്യത്തിൽ അങ്കമാലി വിശ്വജ്യോതി പബ്ലിക് സ്കൂളിൽ വച്ച് നടത്തിയ റോട്ട്സ് സ്പോർട്സ് മത്സരത്തിൽ മച്ചിപ്ലാവ് കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂളിലെ 49 കുട്ടികൾ പങ്കെടുത്ത് 133 പോയിന്റ് നേടി ഓവറോൾ കരസ്ഥമാക്കി.
- 2025 ലെ വേൾഡ് ഗെയിംസ് ഒരുക്കമായി 1/12/23 മുതൽ 6/12/23 വരെ ഹരിയാനയിൽ വച്ച് നടന്ന Special Olympics National level ISKA TE Selection camp - ൽ മച്ചിപ്ലാവ് കാർമൽ ജോലി സ്പെ

ഷ്യൽ സ്കൂളിൽ നിന്നും അഞ്ചു കുട്ടികളും രണ്ട് സ്റ്റാഫും പങ്കെടുക്കുകയും Ezhimali Nagaraj - ന് സിൽവർ മെഡലും Manish Chellappan - ന് ബ്രൗൺസ് മെഡലും ലഭിച്ചു.

- ❖ അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് 14/12/2023 തീയതിയിൽ തൊടുപുഴ - മുട്ടം റൈഫിൽ ക്ലബിൽ വച്ച് ജില്ലാ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ' ഉണർവ്വ് 2023' എന്ന പേരിൽ നടത്തിയ കലാകായിക മത്സരത്തിൽ മച്ചിപ്ലാവ് കാർമ്മൽ ജ്യോതി സ്കൂളിലെ 33 കുട്ടികളും 10 സ്റ്റാഫും പങ്കെടുക്കുകയും 175 പോയിന്റ് നേടി ഓവറോൾ സെക്കൻഡ് കരസ്ഥമാക്കുകയും ചെയ്തു.
- ❖ പ്രകൃതി പഠന ക്യാമ്പ്: പ്രകൃതിയേയും, പ്രകൃതി വിഭവങ്ങളെയും കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും, പഠിക്കുന്നതിനുമായി അമൽജ്യോതി സ്പെഷ്യൽ സ്കൂളിലെ വിദ്യാർഥികൾ ഇടുക്കി ഫോറസ്റ്റ് ഡിവിഷന് കീഴിലുള്ള വെള്ളപ്പാറയിൽ വച്ച് നവംബർ 27, 28, 29 തിയതികളിലായി നടത്തപ്പെട്ട ത്രിദിന പ്രകൃതി പഠന ക്യാമ്പിൽ പങ്കെടുത്തു.
- ❖ ഡിസംബർ 11-ാം തിയതി ചെറുതോണിയിൽ വെച്ച് നടത്തപ്പെട്ട നവകേരള സദസ്സിൽ ഭിന്നശേഷി മേഖലയെ പ്രതിനിധീകരിച്ച് അമൽ ജ്യോതി സ്പെഷൽ സ്കൂൾ പ്രിൻസിപ്പൽ സി. ഡാനിയ റോസ് പങ്കെടുത്തു.
- ❖ 'ഹർഷം 2023' പൈനാവ് എൻജിനീയറിങ് കോളേജിലെ വിദ്യാർത്ഥികൾ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി എല്ലാവർഷവും സംഘടിപ്പിക്കുന്ന ഹർഷം 2023 - ൽ അമൽജ്യോതി സ്പെഷ്യൽ സ്കൂളിലെ കുട്ടികളും, അധ്യാപകരും പങ്കെടുത്തു. നവംബർ മാസം നാലാം തീയതി ഇടുക്കി ജില്ലയിലെ 8 സ്പെഷ്യൽ സ്കൂളുകളിൽ നിന്നും കുട്ടികൾ പങ്കെടുത്ത പരിപാടിയിൽ നമ്മുടെ സ്കൂളിലെ കുട്ടികളുടെ വ്യത്യസ്തങ്ങളായ കലാപരിപാടികൾ നടന്നു.
- ❖ സൈബർ ക്രൈം & സൈബർ സെക്യൂരിറ്റി എന്നീ വിഷയത്തെക്കുറിച്ച് സെന്റ് സെബാസ്റ്റ്യൻ ഹൈസ്ക്കൂൾ കുട്ടികൾക്കും SHG അംഗങ്ങൾക്കും Cyber Ploice station ന്റെ ആഭിമുഖ്യത്തിൽ സീയോൻ ചാരിറ്റബിൾ സെന്ററിൽ വച്ച് ക്ലാസ്സ് നടന്നു.
- ❖ സി. റോസിൻ ഡിസംബർ 9, 10 തീയതികളിൽ നടന്ന പ്രീ മാര്യേജ്

കോഴ്സിൽ കൗൺസിലിംഗും Men & Women Psychology എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സും നൽകി.

❖ സി. നിത്യ MOC കോട്ടയത്ത് 4-ാം വർഷ BTH Students ന് family Theology യെക്കുറിച്ച് 4 ദിവസത്തെ ക്ലാസ് നൽകി.

❖ സംസ്ഥാന സ്കൂൾ ശാസ്ത്രമേളയിൽ കൂമ്പൻപാറ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ഓവറോൾ സെക്കൻഡ് കരസ്ഥമാക്കി.

## 2. എഫ്.സി.സി. സന്ന്യാസിനീസമൂഹം (FCC)

❖ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. സി. ജോണറ്റിന്റെ മൃതസംസ്കാര ചടങ്ങുകളിൽ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് മുഖ്യ കാർമികത്വം വഹിച്ചു.

❖ അടിമാലി ആത്മജ്യോതിയിൽ വച്ച് നടത്തപ്പെട്ട ഇടുക്കി രൂപത എപ്പാർക്കിയൽ അസംബ്ലിയിൽ സി. സുഗുണ, സി. ബെന്നോ, സി. ബിൻസ് മരിയ എന്നിവർ പങ്കെടുത്തു.

❖ കാഞ്ഞിരപ്പള്ളി പാസ്റ്റർ സെന്ററിൽ വച്ച് നടത്തിയ ജയിൽ മിനിസ്ട്രിയുടെ കോട്ടയം സോണൽ മീറ്റിംഗിൽ സി. ആലിസ് ജോസ്, സി. ജൂലി എന്നിവർ പങ്കെടുത്തു.

❖ സി. ജീസയുടെ നേതൃത്വത്തിൽ മൈലപ്പുഴ ഗ്രാമത്തിൽ സ്വയം സഹായ സംഘം രൂപീകരിച്ചു.

❖ രാജകുമാരി ഇടവകയിലെ CML കുട്ടികൾക്ക് വേണ്ടി നടത്തിയ ഏകദിന സെമിനാറിൽ സി. ജൂലി, സി. അമലു മരിയ, സി. അലീനിയ റോസ് എന്നിവർ ക്ലാസെടുത്തു.

❖ പച്ചടി ഇടവകയിലെ മാതൃവേദി അംഗങ്ങൾക്ക് 'ഇന്നത്തെ കാലഘട്ടത്തിൽ മാതാക്കൾ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജീസ ക്ലാസ് എടുത്തു.

❖ ഇടുക്കി രൂപതാ കാര്യാലയത്തിൽ വച്ച് നടത്തിയ എപ്പാക്കിയൽ അസംബ്ലി ഇവാലുവേഷൻ കമ്മറ്റി മീറ്റിംഗിൽ സി. സുഗുണ പങ്കെടുത്തു.

❖ കഞ്ഞിക്കുഴി ഇടവക വികാരി റവ. ഫാ. മാത്യു വളവനാലിന്റെ അമ്മയുടെ മൃതസംസ്കാര ചടങ്ങുകളിൽ സി. സുഗുണയും കൗൺസിലേഴ്സും പങ്കെടുത്തു.

❖ മൂന്നാം ബ്ലോക്ക് കോളനിയുടെയും അന്യസംസ്ഥാന തൊഴിലാളികളുടെയും സംയുക്ത ക്രിസ്മസ് ആഘോഷ പരിപാടികൾ നിർമ്മൽ റാണി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. റവ. ഫാ. ജോസ് നരിതൂക്കിൽ, റവ. ഫാ. അഗസ്റ്റിൻ OFM Cap. എന്നിവർ ആശംസകൾ അർപ്പിച്ചു.

❖ **അനുസ്മരണം**

**സി ജോണറ്റ് എഫ്സിസി (74)**

ജനനം : 18.02.1949

ആദ്യവ്രതം : 11.01.1968

നിത്യവ്രതം : 04.05.1976

മരണം : 25.11.2023



ദൈവം ദാനമായി കൊടുത്ത സന്യാസ സമർപ്പണം അതിന്റെ പൂർണതയിൽ നിറഞ്ഞ വിശുദ്ധിയോടും വിശ്വസ്തതയോടെ കൂടി ജീവിച്ച് എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണെന്ന് വിശുദ്ധ പൗലോസ് ശ്ലീഹായുടെ വചനത്തിന്റെ ശ്രേഷ്ഠത പൂർത്തീകരിക്കുമാറ് ഒരുപിടി നല്ല ഓർമ്മകളും അനുഭവങ്ങളും നമുക്ക് സമ്മാനിച്ച പ്രിയപ്പെട്ട ജോണറ്റമ്മ സ്വർഗീയ ഭവനം ലക്ഷ്യമാക്കി യാത്രയായിരിക്കുന്നു. നന്മയുടെ, സ്നേഹത്തിന്റെ പരിമളം പരത്തിയ പ്രിയപ്പെട്ട ജോണറ്റമ്മയുടെ ജീവിതവഴിയിലൂടെ നമുക്കൊന്ന് കടന്നുപോകാം.

കോതമംഗലം രൂപത കല്ലാനിക്കൽ ഇടവകയിൽ ക്രൈസ്തവ വിശ്വാസത്തിലും പാരമ്പര്യത്തിലും അടിയുറച്ച് ജീവിച്ച മൂന്നാനാൽ പരേതനായ മാത്യു, ത്രേസ്യാക്കുട്ടി ദമ്പതികളുടെ 8 മക്കളിൽ മൂത്ത പുത്രിയായി 1949 ഫെബ്രുവരി മാസം പതിനെട്ടാം തീയതി ബഹുമാനപ്പെട്ട ജോണറ്റമ്മ ജനിച്ചു. അന്ന എന്ന മാമോദിസ പേരിലും ചിന്നക്കുട്ടി എന്ന വിളിപ്പേരിലും വളർന്ന ബഹുമാനപ്പെട്ട ജോണറ്റമ്മ 1966 മെയ് മാസം മുപ്പതാം തീയതി തൊടുപുഴ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സി. പാസായി. കർത്താവിന്റെ ബലിവേദിയിൽ ഒരു നൈവേദ്യം ആയി തന്നെ സമർപ്പിക്കാൻ ആഗ്ര

ഹിച്ചുകൊണ്ട് 1966 ജൂൺമാസം പത്താം തീയതി കരിമണ്ണൂർ ക്ലാരമഠത്തിൽ അർഥിനിയായി പ്രവേശിച്ചു. കരിമണ്ണൂർ, വാഴപ്പിള്ളി എന്നിവിടങ്ങളിൽനിന്നും തന്റെ പരിശീലനം പൂർത്തിയാക്കി 1968 ജനുവരി മാസം പതിനൊന്നാം തീയതി ആദ്യവ്രത വാഗ്ദാനം നടത്തി. തന്റെ സന്യാസ സമർപ്പണത്തെ തീഷ്ണമായി സ്നേഹിച്ച സിസ്റ്റർ 1976 മെയ് മാസം നാലാം തീയതി കർത്താവിന് തന്നെതന്നെ നിത്യമായി സമർപ്പിക്കുന്നതിന്റെ ഭാഗമായി നിത്യവ്രത വാഗ്ദാനം നടത്തുകയും ചെയ്തു.

തുടർന്ന് നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ സിസ്റ്റർ 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' എന്ന കർത്താവിന്റെ വചനം തന്റെ ജീവിതവാക്യമായി സ്വീകരിച്ചു. വേദനിക്കുന്നവരിലും ദുരിതമനുഭവിക്കുന്നവരിലും ക്രിസ്തുവിന്റെ മുഖം ദർശിച്ച് അങ്കമാലി ലിറ്റിൽ ഫ്ലവർ ഹോസ്പിറ്റൽ, പാട്ന ഹോളി ഫാമിലി ഹോസ്പിറ്റൽ, കൽപ്പറ്റ ഫാത്തിമ മാതാ ഹോസ്പിറ്റൽ, ബാംഗ്ലൂർ സെന്റ് ജോൺസ് ഹോസ്പിറ്റൽ, തൃശ്ശൂർ അമല ഹോസ്പിറ്റൽ, കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റൽ, തൊടുപുഴ മൗണ്ട് സീനായ് ഹോസ്പിറ്റൽ, കല്ലൂർക്കാട് JM ഹോസ്പിറ്റൽ, മുരിക്കാശ്ശേരി അൽഫോൻസാ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ സേവനം ചെയ്തിരുന്നു.

പതിതരിലും പാവപ്പെട്ടവരിലും കഷ്ടത അനുഭവിക്കുന്നവരിലും കർത്താവിന്റെ സ്നേഹം പകർന്നു കൊടുക്കുവാനുള്ള തീഷ്ണമായ ആവേശത്തോടെ ഖേഡ്, ലാഞ്ച എന്നി മിഷൻ സ്റ്റേഷനുകളിൽ മിഷനറി പ്രവർത്തനത്തിലൂടെ ക്രിസ്തുവിന്റെ പരിമളമായി മാറുവാൻ സിസ്റ്ററിനു സാധിച്ചിട്ടുണ്ട്. തന്റെ പ്രിയ മണവാളനായ യേശുവുമായി പരിപൂർണ്ണ ഐക്യത്തിൽ എത്തിച്ചേരുക എന്ന തന്റെ ജീവിത ലക്ഷ്യത്തിന്റെ ഭാഗമായി കണ്ണൂരിൽ എയ്ഡ്സ് രോഗികളെ പരിചരിച്ചും കാരക്കുന്ന് നിർമ്മല റിഹാബിലിറ്റേഷൻ സെന്ററിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ സ്നേഹിച്ചും ശുശ്രൂഷ ചെയ്തും ഏൽപ്പിക്കപ്പെട്ട തന്റെ ഉത്തരവാദിത്വം വളരെ ഭംഗിയായി സിസ്റ്റർ നിർവഹിച്ചിരുന്നു.

ആത്മീയ ജീവിതത്തോട് വലിയ താല്പര്യം കാണിച്ചിരുന്ന സിസ്റ്ററിന് അണക്കര മരിയൻ റിട്രീറ്റ് സെന്ററിൽ മധ്യസ്ഥ പ്രാർത്ഥനയിലൂടെയും കൗൺസിലിംഗ് ശുശ്രൂഷയിലൂടെയും അനേകരെ

ദൈവസ്നേഹ അനുഭവത്തിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. വിമലഗിരി, കല്ലൂർക്കാട്, മൂവാറ്റുപുഴ, നിർമ്മലാ ഭവൻ, തൊമ്മൻ കുത്ത്, മാവടി, പഴയരിക്കണ്ടം, ചെമ്പകപ്പാറ എന്നീ സന്യാസ ഭവനങ്ങളോട് ചേർന്നുള്ള ഡിസ്പെൻസറികളിൽ ശുശ്രൂഷ ചെയ്ത് കർത്താവിന്റെ സൗഖ്യദായകമായ ശുശ്രൂഷയിൽ പങ്കുചേർന്നിരുന്നു. കർത്താവിന്റെ വചനത്തെ സ്നേഹിക്കുകയും ജീവിക്കുകയും ചെയ്ത സിസ്റ്റർ വളരെ തീക്ഷ്ണതയോടെ വചനം പഠിക്കുകയും ലോഗോസ് ക്വിസ് പരീക്ഷയിൽ പല പ്രാവശ്യം നല്ല മാർക്ക് വാങ്ങി സംസ്ഥാനതലത്തിൽ മത്സരിക്കുവാനുള്ള ഭാഗ്യത്തിന് അർഹയാവുകയും ചെയ്തിട്ടുണ്ട്.

പൂക്കളെയും കൃഷിയിടങ്ങളെയും സ്നേഹിച്ചും കഠിനാധ്വാനം ചെയ്തും വിശുദ്ധ ഫ്രാൻസിസ് പിതാവിനെപോലെ മൃഗങ്ങളെ പരിചരിച്ചും എല്ലാവരെയും അംഗീകരിച്ചും സ്നേഹിച്ചും സഹായിച്ചും, പരാതിയും പരിഭവവും ഇല്ലാതെ കർത്താവിന്റെ മുന്തിരിത്തോപ്പിൽ 57 വർഷം നമ്മുടെ പ്രിയപ്പെട്ട സിസ്റ്റർ ജീവിച്ചു. രോഗത്തിന്റേതായ ക്ലേശങ്ങൾ അലട്ടിയിരുന്നുവെങ്കിലും അതൊന്നും കാര്യമാക്കാതെ ഏൽപ്പിക്കപ്പെട്ടിരുന്ന ഉത്തരവാദിത്വം നല്ല രീതിയിൽ നിർവഹിക്കുന്നതിൽ സിസ്റ്റർ ശ്രദ്ധ പുലർത്തിയിരുന്നു.

2023 മാർച്ച് മാസത്തിൽ രോഗത്തിന്റെ ക്ലേശങ്ങൾ സിസ്റ്ററിനെ അതീവ ക്ഷീണതയാക്കിയിരുന്നു എട്ടുമാസത്തോളം രോഗാവസ്ഥയിൽ ആയിരുന്ന സിസ്റ്റർ മുരിക്കാശ്ശേരി അൽഫോൻസ ഹോസ്പിറ്റലിൽ നിന്നും ചികിത്സ തേടുകയും ചെയ്തിരുന്നു. എന്നാൽ 2023 നവംബർ മാസം 25-ാം തീയതി വൈകുന്നേരം ജോണറ്റമ്മയ്ക്ക് ശാരീരിക ആസ്വാസ്ഥ്യതകൾ വർദ്ധിക്കുകയും ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോക്ടർ സിസ്റ്റർ സുഗുണയും മറ്റു സിസ്റ്റേഴ്സും അടുത്തെത്തി ആവശ്യമായ ചികിത്സയും പരിചരണവും നൽകിയെങ്കിലും രാത്രി 9.45 ന് ബഹുമാനപ്പെട്ട അമ്മയുടെ പാവനാത്മാവ് പ്രാർത്ഥന നിരതരായിരുന്ന ബഹുമാനപ്പെട്ട ജായ്സ് മറ്റം അച്ചന്റെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെയും സാന്നിധ്യത്തിൽ ദിവ്യമണവാളന്റെ സന്നിധിയിലേക്ക് പറന്നുയർന്നു. ദിവ്യനാഥൻ തന്റെ മണവാട്ടിയായ ജോണറ്റമ്മയെ നിത്യകിരീടം അണിയിക്കുമാറാകട്ടെ.

## 3. തിരുഹൃദയ സന്ന്യാസിനി സമൂഹം (SH)

❖ സമാധാനത്തിന്റയും ശാന്തിയുടെയും ഒരുമയുടെയും സന്ദേശ വുമായി സമാഗതമാകുന്ന ക്രിസ്മസിന് ഒരുങ്ങുമ്പോൾ ലോകം മുഴുവനും സമാധാനം കളിയാടാനും പ്രത്യേകിച്ചും സീറോമല ബാർ സഭയിൽ ഈ തിരുനാൾ ഐക്യത്തിന്റെയും സമാധാന ത്തിന്റയും അനുഭവമായി തീരുവാനും എറണാകുളം അങ്കമാലി അതിരൂപതയെ പ്രത്യേകമായി സമർപ്പിച്ചുകൊണ്ട് ഡിസംബർ 20, 21 തീയതികളിൽ പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും അഖ ണ്ഡ ബൈബിൾ പാരായണം നടത്തി.

❖ ഡിസംബർ 3-ാം തീയതി കുന്നേൽ പള്ളിയിൽ വച്ചു നടന്ന പറ വൂർ ഫൊറോനയുടെ എൻലൈറ്റ് പ്രോഗ്രാമിന് ഡോ. സി. നാൻസി മരിയ മാപ്രയിൽ എസ് എച്ച് നേതൃത്വം നല്കി.

❖ ഡിസംബർ 4 മുതൽ 7 വരെ ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് സ്കൂളിലെ എച്ച് എസ്, എച്ച് എസ് എസ് കുട്ടികൾക്ക് ഡോ. സി. നാൻസി മരിയ മാപ്രയിൽ എസ് എച്ച് കൗൺസലിംഗ് നല്കി.

❖ നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രത്തിൽ വച്ച് കുട്ടികൾക്കായി നടത്തിയ വൺഡേ കൺവെൻഷനിൽ എൽ പി സ്കൂൾ കുട്ടികൾക്കായി നടത്തിയ സെഷൻ സി. സ്നേഹ മൂക്കൻ ത്തോട്ടത്തിൽ എസ് എച്ച് നയിച്ചു. സി. ആൻസിറ്റ് കിഴക്കയിൽ എസ് എച്ച്, സി. സി സ്നേഹ മൂക്കൻത്തോട്ടത്തിൽ എസ് എച്ച് എ ന്നിവർ കുട്ടികൾക്ക് കൗൺസലിംഗ് നല്കി സഹായിച്ചുവരുന്നു.

❖ ഡിസംബർ 8-ാം തീയതി അമ്പലത്തുംകാല സെന്റ് ജോർജ്ജ് സ്കൂളിലെ പത്താം ക്ലാസ്സ് കുട്ടികൾക്ക് പരീക്ഷയ്ക്ക് ഒരുക്കമായി ഇഫക്റ്റീവ് ലേണിംഗ് ടെക്നിക്സ് എന്ന വിഷയത്തെ ആസ്പദ മാക്കി സി. ലിൻസ് റോസ് ചെത്തിയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ ആൽപ്പാറ ഇടവകയിലെ മാതൃദീപ്തി അംഗങ്ങൾക്ക് കുട്ടികളുടെ സ്വഭാവരൂപവത്കരണത്തിൽ തിരുവചനത്തിന്റെ പങ്ക് എന്ന വിഷ യത്തെ ആസ്പദമാക്കി സി. അൻസ തുണ്ടത്തിക്കുന്നേൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ ഡിസബിലിറ്റി ഡേയുടെ ഭാഗമായി നെടുങ്കണ്ടം സോണിന്റെ നേതൃത്വത്തിൽ നെടുങ്കണ്ടം ആശാഭവൻ സ്പെഷ്യൽ സ്കൂളിൽ

കുട്ടികൾക്ക് മത്സരങ്ങൾ നടത്തുകയും അധ്യാപകരെ ആദരിക്കുകയും ചെയ്തു.

- ❖ നെടുങ്കണ്ടം, അടിമാലി, രാജാക്കാട്, രാജമുടി സോണുകളിലെ സോഷ്യൽ വർക്കിന്റെ സോണൽ മീറ്റിംഗ് നടന്നു. കല്ലാർകുട്ടി, എഴുകുവയൽ എന്നീ സ്ഥലങ്ങളിൽ ജെ എസ് എസ് ന്റെ തയ്യൽ പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.
- ❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മഞ്ഞപ്പാറയിൽ നവോമി സംഘവും നവോമി അംഗങ്ങളെ ഒരുമിച്ചു ചേർത്തുള്ള സ്വയംസഹായ സംഘ രൂപീകരണവും നടന്നു.
- ❖ ഇടുക്കി എഫ് സി സി സന്യാസിനീസമൂഹത്തിലെ സി ജോണറ്റ് എഫ് സി സി യുടെ മൃതസംസ്കാരചടങ്ങിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ❖ ഡിസംബർ 20-ാം തീയതി ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് കാനോനിക സന്ദർശനം പൂർത്തിയാക്കി ജർമ്മനിയിൽ നിന്നും തിരിച്ചെത്തി.
- ❖ ഡിസംബർ 27 മുതൽ 30 വരെ രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സ്റ്റാർ മീറ്റിംഗ് പ്രോഗ്രാം നടത്തി. കുട്ടികളുടെ സ്വഭാവ രൂപവത്കരണം, വിശ്വാസ ജീവിതം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രസ്തുത പ്രോഗ്രാമിൽ കുട്ടികൾക്ക് കൗൺസലിംഗും നല്കി.

## 4. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

- ❖ അടിമാലി ആത്മ ജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഇടുക്കി രൂപതയുടെ പ്രഥമ എപ്പാർക്കിയിൽ അസംബ്ലിയിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റി ഉപ്പുമാക്കൽ, ബഹു. പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് എന്നിവർ സംബന്ധിച്ചു.
- ❖ നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി റിട്രീറ്റ് സെൻററിൽ വച്ച് നടന്ന ധ്യാനങ്ങളിൽ, സി. ജോയ്സ് കൊച്ചുപുരക്കൽ, സി. റോസ് കുഴിപ്പള്ളിൽ എന്നിവർ കൗൺസിലിംഗ് ശുശ്രൂഷയിൽ സഹായിച്ചു.

❖ വെണ്മണി മോറിയ ആശ്രമത്തിൽ വച്ച് നടന്ന ഏകദിന ധ്യാന ത്തിൽ വികർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ട് കൗൺസിലിംഗ് ശുശ്രൂഷ നൽകി സഹായിച്ചു

❖ പുതുക്കി പണിത കാരിത്തോട് മഠത്തിന്റെ വെഞ്ചരിപ്പ് കർമ്മം നവംബർ 29-ാം തീയതി കാരിത്തോട് സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. ജോസഫ് ഉദയം പാറയിൽ നിർവഹിച്ചു. ധാരാളം സിസ്റ്റേഴ്സും, ഇടവകാംഗങ്ങളും സന്നിഹിതരായിരുന്നു.

❖ കുതിരക്കല്ല് ഇടവകയിലെ നവോമി കൂട്ടായ്മയിൽപ്പെട്ട വിധവ കളായ അമ്മമാർ വിവിധ തീർത്ഥാടന സ്ഥലങ്ങൾ സന്ദർശിച്ചു. വികർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ട്, സി. ആൽ ബിൻ കാക്കനാട്ട് എന്നിവർ പുണ്യ വഴികളിലൂടെയുള്ള ഈ തീർ ത്ഥാടനത്തിന് നേതൃത്വം നൽകി.

❖ ജയ് മാതാ സോഷ്യൽ വർക്ക് അപ്പസ്റ്റോലേറ്റിന്റെ ഭാഗമായി നിർധ നരായ രോഗികൾക്ക് ചികിത്സാ സഹായവും, ഭവനരഹിതരായ വർക്ക് പുതിയ ഭവനം നിർമ്മിക്കാനുള്ള സാമ്പത്തിക സഹായ വും നൽകി.

❖ വികർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ടിന്റെ നേതൃ ത്വത്തിൽ കാൽവരി മൗണ്ട് എൽ. പി. സ്കൂളിലെ കുട്ടികൾക്കായി ജീവിത മൂല്യങ്ങൾ എന്ന വിഷയം ആസ്പദമാക്കി ഒരു ഏകദിന സെമിനാർ നടത്തി.

❖ സി. ഡെൽനാ പൊട്ടംകുളം സുവിശേഷവത്ക്കരണം ലക്ഷ്യമാക്കി തീക്ഷണതയോടും ധീരതയോടും കൂടെ ഇക്വഡോർ മിഷനി ലേക്ക് യാത്രയായി.

❖ ആലപ്പുഴ രൂപതയിലെ കർമ്മ സദൻ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന KCBC Women's Commission ന്റെ എറണാകുളം സോ ണൽ ഗാതറിംഗിൽ സി. ആൽബിൻ കാക്കനാട്ട് പങ്കെടുത്തു.

❖ തൂക്കുപാലം വിജയ മാതാ പബ്ലിക് സ്കൂളിന്റെ രജതജൂബിലി ആഘോഷം ഡിസംബർ 14-ാം തീയതി സ്കൂൾ വാർഷികത്തോട് അനുബന്ധിച്ച് നടത്തപ്പെട്ടു. ഇടുക്കി രൂപതാ ജനറാൾ മോൺ. ജോസ് കരിവേലിക്കൽ സന്ദേശം നല്കി.ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റി ഉപ്പുമാക്കൽ അദ്ധ്യക്ഷപദം അലങ്കരിച്ചു. മറ്റ് വിശിഷ്ട വ്യക്തികളോടൊപ്പം സ്കൂളിന്റെ ആരംഭം മുതൽ

ഉപകാരികളായവരും, പിടിഎ അംഗങ്ങളും നാട്ടുകാരും സന്നിഹിതരായിരുന്നു.

❖ സി. തെരേസ് കട്ടക്കൽ തങ്കമണി ഇടവകയിലെ മാതൃവേദിയിലെ അമ്മമാർക്ക് ക്ലാസെടുത്തു.

❖ സി. ലിന്റാ തുണ്ടത്തിൽ കല്ലുപാലം വിജയമാതാ പബ്ലിക് സ്കൂളിലെ യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ കുട്ടികൾക്കായി ഒരു ഏകദിന മോട്ടിവേഷൻ ക്ലാസ്സ് നയിച്ചു.

**5. നസ്രത്ത് സന്ന്യാസിനീ സമൂഹം (CSN)**

❖ നവംബർ മാസം ശുദ്ധീകരാത്മാക്കളോടുള്ള പ്രത്യേക പ്രാർത്ഥന എല്ലാ ദിവസവും സമൂഹമായി നടത്തി. ആശുപത്രിയിലും വീടുകളിലും മരിക്കുന്നവരുടെ ഭവനം സന്ദർശിച്ച് അവർക്ക് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തു കൊടുത്ത് മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുകൊണ്ടു.

❖ ആത്മഹത്യാ പ്രവണതയുള്ളവർക്കും, ആത്മഹത്യാശ്രമവുമായി വന്നവർക്കുമെല്ലാം Sr. Theodesia CSN കൗൺസിലിംഗ് കൊടുക്കുന്നു.

❖ Face of Faceless എല്ലാ സിസ്റ്റേഴ്സും മോർണിംഗ് സ്റ്റാറിലെ നഴ്സിംഗ് വിദ്യാർത്ഥികളും പോയി കണ്ടു.

❖ പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ വച്ച് നടത്തിയ കാറ്റാടി മലയിലെ മണിമുഴക്കം എന്ന നാടകം സിസ്റ്റേഴ്സ് സാധിക്കുന്നിടത്തോളം പേർ പോയി കണ്ടു.

❖ അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവ് ഞങ്ങളുടെ സമൂഹത്തിൽ സൗഹൃദ സന്ദർശനം നടത്തി.

❖ ഇടുക്കി രൂപതയുടെ പ്രഥമ എപ്പാർക്കിയാൽ അസംബ്ലിയിൽ മദർ പ്രൊവിൻഷ്യൽ Sr. Lincy & Sr. Amal Jose പങ്കെടുത്തു.

❖ എപ്പാർക്കിയിൽ അസംബ്ലിയുടെ ദിവസങ്ങളിൽ സി. ഡെൽമ & സി. ജിതാ റോസ് എന്നിവർ സഹായികളായി ഉണ്ടായിരുന്നു.

❖ World AIDS Day ൽ ഇടുക്കി മെഡിക്കൽ കോളേജുമായും, District AIDS cell മായും ചേർന്ന് Morning Star ആശുപത്രിയിലെ സ്റ്റാഫുമാർക്കും നഴ്സിംഗ് സ്റ്റുഡൻസിനുമായി ഒരു വൺഡേ സെമിനാർ നടത്തി.

- ക്രിസ്മസിന് ഒരുക്കമായി WhatsApp ലൂടെ ചെറിയ മെസ്സേജു കളും സുകൃതജപവും പ്രാർത്ഥനയും ഒക്കെ പങ്കുവെച്ചുകൊണ്ട് സമൂഹ അംഗങ്ങൾക്കും സിസ്റ്റേഴ്സുമായി ഇടപ്പെടുന്ന മറ്റുള്ള വർക്കും നൽകിക്കൊണ്ട് തിരുപ്പിറവിക്കായി പ്രാർത്ഥിച്ച് ഒരുങ്ങുന്നു.
- District Medical ഓഫീസർ സ്ത്രീ രോഗങ്ങളെ കുറിച്ച് നടത്തിയ സെമിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- CRI കോതമംഗലം മൂവാറ്റുപുഴ നിർമ്മലയിൽ വച്ച് സംഘടിപ്പിച്ച സമർപ്പിത സംഗമത്തിൽ മദർ പ്രൊവിൻഷ്യലും സിസ്റ്റേഴ്സും സംബന്ധിച്ചു.
- മാസാവസാനം പരിശുദ്ധ ദൈവമാതാവിന്റെ തിരുസ്വരൂപവും കത്തിച്ച തിരിക്കളുമെന്തി ആഘോഷമായ ജപമാല പ്രദിക്ഷണം ജനപങ്കാളിത്തത്തോടെ നടത്തി.
- മരിയൻ വചനതീരം ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ വരദാന വളർച്ച ധ്യാനത്തിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- മോണിംഗ് സ്റ്റാർ നേഴ്സിങ് സ്കൂളും ആശുപത്രിയും ചേർന്ന് കരോൾ ഗാനം മത്സരവും പാപ്പാ മത്സരവും നടത്തി.
- സമർപ്പിത സമൂഹങ്ങൾക്ക് വേണ്ടി Voice of Nuns സംഘടിപ്പിച്ച കാലഘട്ടത്തിന്റെ സന്യാസം Webinar ൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ഡിസംബർ 8 അമലോത്ഭവ തിരുനാൾ ദിവസം പ്രൊവിൻഷ്യൽ ഹൗസിൽ 12 മണി ആരാധന നടത്തി. സിസ്റ്റർ തങ്ങളുടെ വ്രതം നവീകരണം വിശുദ്ധ കുർബാന മദ്ധ്യേ നടത്തി.
- ഹോം മിഷൻ ടീം ആനിക്കാട്, കട്ടപ്പന സെന്റ് ജോർജ് എന്നീ ഇടവകകളിൽ ഭവന സന്ദർശനം നടത്തി.
- വാത്തിക്കുടി ഇടവകയിലെ മാതൃദീപ്തി അംഗങ്ങൾക്കുവേണ്ടി സി. അമൽ ജോസ് ക്ലാസ്സ് എടുത്തു.
- ഡിസംബർ 17 – 'ബൈബിൾ ഞായർ' ബൈബിൾ പ്രതിഷ്ഠയും അഖണ്ഡ ബൈബിൾ പാരായണവും നടത്തി സമുചിതമായി ആചരിച്ചു.
- ഡിസംബർ 23–ാം തീയതി ആകാശവാണി ദേവികുളം നിലയം സംപ്രേഷണം ചെയ്ത ക്രിസ്മസ് പരിപാടിയിൽ അരമണിക്കൂർ പ്രോഗ്രാം Sr. Nicy CSN ന്റെ നേതൃത്വത്തിൽ നടത്തി.

- കിടപ്പുരോഗികളായ 4 പേരെ പടമുഖം സ്നേഹമന്ദിരത്തിൽ വച്ചു നടത്തിയ രോഗികൾക്കായുള്ള ധ്യാനത്തിൽ പങ്കെടുപ്പിച്ചു. അവർക്ക് സൗജന്യ ആംബുലൻസ് സർവിസ് നൽകി.

## 6. അഗതികളുടെ സന്ന്യാസിനീ സമൂഹം (SD)

- മുരിക്കാശ്ശേരിയിൽ വച്ച് നടത്തിയ പാലിയേറ്റീവ് കെയർ മീറ്റിങ്ങിൽ മദർ സിസ്റ്റർ അൽഫോൺസ് പങ്കെടുത്തു.
- സിസ്റ്റർ നവ്യാ എസ് ഡി MTH 2nd Rank കരസ്ഥമാക്കി.
- Spirit of Sacrifice ധ്യാനം നെല്ലിമറ്റം പ്രതീക്ഷയിൽ വച്ച് നടത്തി അറുപതോളം സഹോദരിമാർ പങ്കെടുത്തു.
- മുരിക്കാശ്ശേരി ജ്യോതി നഴ്സറിയിലെ കുട്ടികളും അധ്യാപകരും സി. ടാൻസിയുടെ നേതൃത്വത്തിൽ വിവിധ അഗതി മന്ദിരങ്ങൾ സന്ദർശിച്ച് സാധനങ്ങൾ കൊടുക്കുകയും ക്രിസ്തുമസ് ആശംസകൾ അറിയിക്കുകയും ചെയ്തു.
- സൺഡേ സ്കൂൾ അധ്യാപകർക്കായി മുരിക്കാശ്ശേരി ഇടവകയിൽ നടത്തിയ അഖണ്ഡ ബൈബിൾ പാരായണത്തിൽ എസ് ഡി സിസ്റ്റേഴ്സ് പങ്കെടുത്തു.
- ക്യൂൻമേരി പബ്ലിക് സ്കൂൾ പണിക്കൻകുടിയിൽ കുട്ടികൾക്കായി ക്രിസ്മസ് ആഘോഷങ്ങൾ സമചിതമായി സംഘടിപ്പിച്ചു.
- പ്രൊവിൻഷ്യൽ മദർ ജിസാ റാണിയും കൗൺസിലേഴ്സും ലോക്കൽ സുപ്പീരിയസും അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച് ക്രിസ്തുമസ് ആശംസകൾ നേർന്നു.
- എസ് ഡി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഉള്ള വിവിധ അഗതി മന്ദിരങ്ങളിൽ അവർക്ക് വേണ്ടി ക്രിസ്തുമസ് ആഘോഷങ്ങൾ സംഘടിപ്പിച്ചു.

## CJ. 01/24 ക്രിസ്തുമസ് പുതുവത്സരാശംസകൾ

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ ക്രിസ്തുജ്യോതി കുടുംബത്തിലെ എല്ലാവർക്കും നേരുകയും ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## CJ. 02/24 ദനഹ തിരുനാൾ

ജനവരി 6 ന് ദനഹ തിരുനാളായി തിരുസഭ ആചരിക്കുന്നു.

## CJ. 03/24 സ്റ്റഡിഫോറവും പ്രാർത്ഥനാദിനവും

ജനുവരി 22 ന് മതാധ്യാപകരുടെ സ്റ്റഡിഫോറവും പ്രാർത്ഥനാദിനവും ആണ്.

## CJ. 04/24 പ്രഥമ മതാഅധ്യാപകരുടെ മീറ്റിംഗ്

2023 ഡിസംബർ 9 ന് ചുരുളി പാരീഷ് ഹാളിൽ വച്ച് നമ്മുടെ രൂപതയിലെ പ്രഥമ മതാഅധ്യാപകരുടെ മീറ്റിംഗ് നടന്നു. 109 ഇടവകകളിൽ നിന്നും പ്രഥമ മതാഅധ്യാപകർ പങ്കെടുക്കുകയും നമ്മുടെ ഈ മീറ്റിംഗ് വിജയമാക്കുകയും ചെയ്തു. എല്ലാവർക്കും നന്ദി. മീറ്റിംഗിന് എല്ലാ സൗകര്യവും ഒരുക്കി തന്ന ചുരുളി പള്ളി വികാരിയച്ചൻ ബഹു. ജോസ് ചിറ്റടിയച്ചനും നന്ദി അറിയിക്കുന്നു.

## CJ. 05/24 സ്കോളർഷിപ്പ് പരീക്ഷ

4-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ആണ് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്. ആദ്യ രണ്ടു സെമസ്റ്റർ പരീക്ഷ കഴിഞ്ഞപ്പോൾ അതിൻ രണ്ടിനും കൂടി ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ 3 കുട്ടികൾക്കാണ് പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. 2024 ഏപ്രിൽ 9-ാം തീയതി ചൊവ്വാഴ്ച ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് പരീക്ഷ നടത്തുന്നതായിരിക്കും.

**പഠിക്കേണ്ട ഭാഗങ്ങൾ**

1. പാഠപുസ്തകത്തിൽ നിന്നും 50% ചോദ്യങ്ങൾ.
2. മാർഗ്ഗദീപത്തിൽ നിന്നും 30% ചോദ്യങ്ങൾ.

3. 2024 ലോഗോസ് ക്വിസ് പഠനഭാഗമായ വി. ലൂക്കായുടെ സുവിശേഷം 9 മുതൽ 16 വരെ അദ്ധ്യായങ്ങളിൽ നിന്നും 20% ചോദ്യങ്ങൾ.

ഓരോ മാർക്കുവീതമുള്ള 100 ഒറ്റ വാക്കിൽ ഉത്തരം എഴുതേണ്ട ചോദ്യങ്ങളായിരിക്കും ഉണ്ടാവുക. കൂടാതെ ലോഗോസിന്റെ സുവിശേഷ ഭാഗമായ വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്നും (9 മുതൽ 16 വരെ അദ്ധ്യായങ്ങൾ) ബൈബിൾ വാക്യം എഴുതാൻ 3 എക്സ്ട്രാ ചോദ്യങ്ങൾ ഉണ്ടാകും. മാർഗ്ഗദീപം Vol. 3 ൽ നിന്നും ആദ്യത്തെ 5 അദ്ധ്യായങ്ങളാണ് പഠിക്കേണ്ടത്.

## CJ. 06/24 മതാധ്യാപകർക്കുള്ള ക്വിസ് മത്സരം

2024 മാർച്ച് മാസം 17-ാം തീയതി ഞായറാഴ്ചയാണ്. ക്വിസ് മത്സരം നടത്തുന്നത്. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ആണ് പരീക്ഷ നടത്തേണ്ടത്. ഈ വർഷം സ്റ്റഡിഫോറത്തിന് നിശ്ചയിച്ചിരിക്കുന്ന യൂക്യാറ്റിന്റെ ആമുഖത്തിൽ ഒന്നാം ഭാഗത്തുനിന്നും 60% ചോദ്യങ്ങളും (മാർഗ്ഗദീപം പേജ് 101 മുതൽ 116 വരെ 172 ചോദ്യങ്ങൾ ഉണ്ട്. അതിൽ നിന്നും 60 ചോദ്യങ്ങൾ) മാർഗ്ഗദീപം Vol. 3 ൽ നിന്നും 30% ചോദ്യങ്ങളും (മാർഗ്ഗദീപം Vol. 3, ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ) ലോഗോസ് പഠനഭാഗമായ വി. ലൂക്കായുടെ സുവിശേഷം 9 മുതൽ 16 വരെ അദ്ധ്യായങ്ങളിൽ നിന്നും 20% ചോദ്യങ്ങളും ഉണ്ടാകും. തുല്യമാർക്കുവാങ്ങുന്നവരിൽ നിന്നും വിജയികളെ കണ്ടെത്താൻ സുവിശേഷഭാഗത്തുനിന്നും അധിഷണലായി മൂന്ന് വചനമെഴുതാനുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും. ഫൊറോനാതലത്തിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്നവർക്കും രൂപതാ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്കും സമ്മാനം ഉണ്ടായിരിക്കും.

# CORPORATE EDUCATIONAL AGENCY

## Edn. 01/24 വേദപാഠം - സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷ

2023-24 അധ്യായന വർഷത്തെ വേദപാഠം - സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷ 2024 ജനുവരി മാസം 18-ാം തിയതി (വ്യാഴം) നടത്തുന്നതാണ്. പ്രധാനാധ്യാപകർ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## Edn. 02/24 അക്കാഡമിക് കൗൺസിൽ സ്കോളർഷിപ്പ്

ഇടുക്കി രൂപതാ അക്കാഡമിക് കൗൺസിൽ സ്കൂൾതല മത്സരപരീക്ഷ അതാത് സ്കൂളിൽവച്ച് 25-01-2024 (വ്യഴം) ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്തും രൂപതാതല പരീക്ഷ ഫെബ്രുവരി 23 (വെള്ളി) രാവിലെ 10 മുതൽ 12 വരെയുള്ള സമയത്ത് നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ വച്ചും നടത്തുന്നു. പ്രധാനാധ്യാപകർ ശ്രദ്ധിക്കുമല്ലോ.

## Edn. 03/24 വേദപാഠം-സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ്

4, 7, 10, 12 ക്ലാസുകളിലെ കുട്ടികൾക്കായി നടത്തുന്ന വേദപാഠം - സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷ 15-02-2024 (വ്യാഴം) രാവിലെ 10 മുതൽ 12 വരെയുള്ള സമയത്ത് നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ വച്ചും നടത്തുന്നു. അർഹരായ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനായി പ്രധാനാധ്യാപകർ ശ്രദ്ധിക്കുമല്ലോ.

## Edn. 04/24 അധ്യാപക - അനധ്യാപക സംഗമം

2023-24 അധ്യായന വർഷത്തെ നമ്മുടെ അധ്യാപക - അനധ്യാപക സംഗമം ഫെബ്രുവരി മാസം 10-ാം തിയതി ശനിയാഴ്ച രാവിലെ 9 മുതൽ മുരിക്കാശ്ശേരി പാവനാത്മ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. ഈ സംഗമത്തിൽ വിദ്യാഭ്യാസ ഏജൻസിയിലെ മുഴുവൻ സ്കൂളുകളിലെയും എല്ലാ അധ്യാപക - അനധ്യാപകർ പങ്കെടുക്കേണ്ടതാണ് എന്നകാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## Edn. 05/24 അധ്യാപക - അനധ്യാപക അവാർഡ്

2023-24 അധ്യായന വർഷത്തെ മികച്ച അധ്യാപക - അനധ്യാപക അവാർഡിനായി തിരഞ്ഞെടുക്കുവാൻ അർഹതയുള്ളവരെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ 2024 ജനുവരി 31-നു മുമ്പ് രൂപതാ ഓഫീസിൽ നിശ്ചിത ഫോറത്തിൽ എത്തിക്കേണ്ടതാണ്.

## Edn. 06/24 പ്രെമോഷൻ, ട്രാൻസ്ഫർ അപേക്ഷ

വിദ്യാഭ്യാസ ഏജൻസിയിലെ സ്കൂളുകളിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന അധ്യാപകർ H.M, HST, HSST മുതലായ തസ്തികകളിലേക്കുള്ള പ്രെമോഷൻ, ട്രാൻസ്ഫർ എന്നിവയ്ക്കുള്ള അപേക്ഷ

നിശ്ചിത ഫോറത്തിൽ 2024 ജനുവരി 31-നു മുമ്പ് രൂപതാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

## പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

**PCM. 01/24 20/11/2023**

മുരിക്കാശ്ശേരി പാവനാത്മാ കോളേജ് വിദ്യാർത്ഥി Dence Emmanuel എംജി യൂണിവേഴ്സിറ്റി Wrestling - ൽ ഒന്നാം സ്ഥാനത്തോടെ ചാമ്പ്യൻ ആയി.

**PCM. 02/24 24/11/2023 One Day Workshop**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ 4 വർഷ ഡിഗ്രി പ്രോഗ്രാമുകളെ സംബന്ധിച്ച് അധ്യാപകർക്കായി ഒരു ദിവസത്തെ workshop സംഘടിപ്പിച്ചു.

**PCM. 03/24 4/12/23 ഡോക്ടറേറ്റ് നേടി**

മുരിക്കാശ്ശേരി പാവനാത്മാ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ Jins Mathew എംജി സർവകലാശാലയിൽനിന്നും Commercil ഡോക്ടറേറ്റ് നേടി.

**PCM. 04/24 8/12/23 Union Inaguration**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ ഈ വർഷത്തെ യൂണിയൻ സിനിമതാരം Dr Rony David Raj ഉദ്ഘാടനം ചെയ്തു.

**PCM. 05/24 8/12/23 to 15/12/23 State Level OnlineWorkshop**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ 8 മുതൽ 15 വരെ State Level Online Workshop നടന്നു.

**PCM. 06/24 12/12/23 ആർട്സ് ഡേ**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ ആർട്സ് ഡേ നടത്തി.

**PCM. 07/24 14/12/23 Cultural Fest**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ ഇംഗ്ലീഷ് ഡിപ്പാർട്

മെന്റിന്റെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളുമായി Cultural Fest സംഘടിപ്പിച്ചു.

## മാർ സ്ലീവാ കോളേജ്, രാജമുടി

### MSC. 01/24 ലോക എയ്ഡ്സ് ദിനാചരണം

ഡിസംബർ 1 ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് റെഡ് റിബൺ സെല്ലിന്റെ ആഭിമുഖ്യത്തിൽ പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു. പോസ്റ്റർ രചനാ മത്സരത്തിൽ ആൽവിൻ ജോസഫ് ഒന്നാം വർഷ ബി.കോം. ടാക്സേഷൻ ഒന്നാം സ്ഥാനവും, ആൻ മരിയ ബെന്നി ഒന്നാം വർഷ ബി ബി എ രണ്ടാം സ്ഥാനവും, അനുപമ അജൻ ഒന്നാം വർഷ ബി കോം ലോജിസ്റ്റിക് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് ക്യാഷ് അവാർഡ് നൽകി.

### MSC. 02/24 ഡിസംബർ 2 കമ്പ്യൂട്ടർ സാക്ഷരത ദിനാചരണം

കമ്പ്യൂട്ടർ സാക്ഷരതാ ദിനത്തോടനുബന്ധിച്ച് കമ്പ്യൂട്ടർ ഡിപ്പാർട്ട്മെന്റ് ബാസ്ക്കറ്റ്ബോൾ സ്മാഷ് മത്സരം സംഘടിപ്പിച്ചു. ഒന്നാം വർഷ എം എസ് ഡബ്ലിയു വിദ്യാർത്ഥി സെബിൻ സെബാസ്റ്റ്യൻ ഒന്നാം സ്ഥാനവും രണ്ടാം വർഷ ബി ബി എ വിദ്യാർത്ഥി ജയ്മോൻ ജോണി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

### MSC. 03/24 കരിയർ ഗൈഡൻസ് വർക്ക് ഷോപ്പ്

2023 ഡിസംബർ 13-ാം തിയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ 3 മണി വരെ ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് വഴിത്തല-തൊടുപുഴയിൽ വച്ച് Handling Group Discussions, SMART Resume Building, Effective Interview Preparation, Mock GD's and Imterview, Employability Skills, Corporate Readiness & Grooming, Body Language&Personality Essentials എന്നീ വിഷയങ്ങളിൽ തൊഴിൽ നേടുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്ന ക്ലാസുകളും ചർച്ചകളും ഇന്റർവ്യൂവും സംഘടിപ്പിച്ചു. Fr. Abin Kallarackal CMI Executive Director, Mr. Vishnu Lona Jacob Corporate Trainer, Mr. Nelson Mathew Corporate Relations Head, Dr. Jins George Associate Professor, Ms. Sushama Saju, Trainer എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## MSC. 04/24 കരിയർ ഗൈഡൻസ് സെമിനാർ

"How NSDC Helps to Build Your Accounting Career" എന്ന വിഷയത്തെ ആസ്പദമാക്കി 2023 ഡിസംബർ 18 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ. മൂന്നാം വർഷ ബി.കോം, ബി.ബി.എ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് സെമിനാർ നടത്തി. Academic Career Counsellor & Consultant Finishing School India, Thodupuzha ശ്രീ. ശ്രീജിത്ത് പി ആർ സെമിനാറിന് നേതൃത്വം നൽകി.

# സോഷ്യൽ സർവ്വീസ്

## SS 01/24 വിത്ത് വിതരണം

അന്യം നിന്നുപോയ ചെറുധാന്യവിളകളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി അടിമാലി ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ സഹായത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചെറു ധാന്യങ്ങളായ റാഗി, തിന, വരക്, ചോളം എന്നീ വിത്തുകൾ വിതരണം ചെയ്തു. നബാർഡ് ജില്ലാ മാനേജർ ശ്രീ. അജീഷ് ബാലുവാണ് വിതരണോദ്ഘാടനം നിർവ്വഹിച്ചത്. അടിമാലി ഗ്രാമപഞ്ചായത്തിലെ കുടകല്ല്, പ്ലാമലടി, വെങ്കയപ്പാറ എന്നീ കുടികളിലെ നൂറോളം വരുന്ന കർഷകരെ തിരഞ്ഞെടുത്തു ആവശ്യമായ പരിശീലന പരിപാടികളും ചെയ്തു വരുന്നു.ആദ്യഘട്ടത്തിൽ മറയൂർ പഞ്ചായത്തിലെ 6 കുടികളിൽ നിന്നും 200 കർഷകരെ തിരഞ്ഞെടുത്ത് കൃഷി ചെയ്യിപ്പിക്കുകയും അവയുടെ വിളവെടുപ്പ് നടത്തുകയും ചെയ്തു. എച്ച്. ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സോമൻ ചെല്ലപ്പൻ, കുടകല്ല് മൂപ്പൻ ശ്രീ. അജേഷ് അയ്യപ്പൻ, പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ എന്നിവർ സംസാരിച്ചു.

## SS 02/24 സെമിനാർ

പാലക്കാട് നേതാജി കോളേജ്, മലപ്പുറം പ്രിയദർശിനി കോളേജ്, വടകര എം.ഇ.എസ്. കോളേജ് എന്നീ കോളേജുകളിൽ

നിന്ന് വന്നിരിക്കുന്ന സോഷ്യൽ വർക്ക് ട്രെയിനിമാർക്കായി സെമിനാർ സംഘടിപ്പിച്ചു. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെയും വിവിധ പദ്ധതികളെയും കുറിച്ച് പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ ക്ലാസ്സുകൾ എടുത്തു. ക്രെഡിറ്റ് യൂണിയനെക്കുറിച്ച് ശ്രീമതി. കുഞ്ഞമ്മ തോമസും സേവ് എ ഫാമിലിയെക്കുറിച്ച് ശ്രീമതി ചിലു തോമസും സംസാരിച്ചു. ശ്രീ. എബിൻ കുറുന്താനത്ത്, ശ്രീ. ബിജോ ഇളംതുരുത്തിയിൽ, ശ്രീ. നിതിൻ തോമസ് എന്നിവർ സംബന്ധിച്ചു.

## SS 03/24 ക്രെഡിറ്റ് യൂണിയൻ മേഖലാ സമ്മേളനം

### രാജാക്കാട് മേഖല

രാജാക്കാട് മേഖലയുടെ മീറ്റിംഗ് ഡിസംബർ 18 തിങ്കളാഴ്ച 3 മണിയ്ക്ക് കുഞ്ചിത്തണ്ണി ഹോളി ഫാമിലി ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. കുഞ്ചിത്തണ്ണി ഹോളി ഫാമിലി ചർച്ച് വികാരിയും ക്രെഡിറ്റ് യൂണിയൻ രക്ഷാധികാരിയുമായ റവ. ഫാ. ജോൺ മുണ്ടയ്ക്കാട്ട് ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിച്ചു. ക്രെഡിറ്റ് യൂണിയൻ സെൻട്രൽ കമ്മറ്റി അംഗമായ ശ്രീ. റെജി ശൗര്യാംകുഴിയിൽ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. സെൻട്രൽ കമ്മറ്റി അംഗമായ ശ്രീമതി സിനി ബിജു, കുഞ്ചിത്തണ്ണി ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബാബു അറത്തിൽ എന്നിവർ സംസാരിച്ചു. ആനിമേറ്റേഴ്സ്, എച്ച്.ഡി.എസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

## SS 03/24 ലാപ്ടോപ്പ് വിതരണം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷന്റെ സഹായത്തോടെ വിദ്യാർഥികൾക്കായി പഠനോപകരണമായ ലാപ്ടോപ്പുകളുടെ രണ്ടാംഘട്ട വിതരണം നടത്തി. 41000 രൂപ വിലവരുന്ന HP ലാപ്ടോപ്പുകൾ 50% സാമ്പത്തിക സഹായത്തോടെ 20000 രൂപയ്ക്ക് ആണ് വിതരണം ചെയ്തത്.

## KCSL 01/24 കെ.സി.എസ്.എൽ ദിനം

ഇപ്രാവശ്യത്തെ സംസ്ഥാനതല കെ.സി.എസ്.എൽ ദിനാഘോഷം ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 2023 ഡിസംബർ 1-ന് ഇരട്ടയാർ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. കെ.സി.എസ്.എൽ സംസ്ഥാന ചെയർപേഴ്സൺ കുമാരി റോസ് ഷിബു അധ്യക്ഷത വഹിച്ച യോഗം കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ വെരി. റവ. ഫാ. കുര്യൻ തടത്തിൽ മുഖ്യപ്രഭാഷണം നടത്തുകയും സ്കൂൾ മാനേജറും ഇടുക്കി രൂപതാ വികാരി ജനറാളുമായ മോൺ. ജോസ് കരിവേലിക്കൽ, കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബേബി തദേവൂസ് ക്രൂസ്, ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. മനോജ് ചാക്കോ, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ വി.വി., സംസ്ഥാന ഭാരവാഹി ശ്രീമതി ഷാർജറ്റ് ജോസ്, സ്കൂൾ പ്രിൻസിപ്പൽ ലഫ്. ഡോ. റെജി ജോസഫ്, സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോർജുകുട്ടി എം.വി. എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ച യോഗത്തിൽ കെ.സി.എസ്.എൽ. സംസ്ഥാന ഓർഗനൈസർ ശ്രി. മനോജ് ചാക്കോ നന്ദി രേഖപ്പെടുത്തി.

## KCSL 02/24 സംസ്ഥാന തല സാഹിത്യ മത്സരങ്ങളിൽ രണ്ടാം സ്ഥാനം

കെ.സി.എസ്.എൽ. സംസ്ഥാനതല സാഹിത്യ മത്സരങ്ങളിൽ ഇടുക്കി രൂപത രണ്ടാം സ്ഥാനത്തിന് അർഹരായി.

## KCSL 03/24 കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവം

ഈ വർഷത്തെ കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവം 2024 ജനുവരി 12, 13 തീയതികളിലായി മാവേലിക്കര രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടും. ഇടുക്കി രൂപതയിൽ നിന്നും രൂപത തലത്തിൽ വിവിധ ഇനങ്ങളിലായി ഒന്നാം സ്ഥാനം നേടിയ 140-ൽ പരം കുട്ടികൾ സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കും.

## തിരുബാലസഖ്യം

### HC 01/24 A Trip to Crib

ഉണ്ണീശോയുടെ തിരുപ്പിറവിക്ക് ഒരുക്കമായി തിരുബാല സഖ്യത്തിലെ കുഞ്ഞുങ്ങൾ

ഒന്നാം ആഴ്ച്ച - ക്രിസ്മസ് എയ്ഞ്ചൽ
രണ്ടാം ആഴ്ച്ച - ക്രിസ്മസ് റീത്ത്
മൂന്നാം ആഴ്ച്ച - ക്രിസ്മസ് ട്രി
നാലാം ആഴ്ച്ച - ക്രിസ്തുമസ് കാർഡ്

എല്ലാ ഇടവകകളിലും വളരെ മനോഹരമായി നാലാഴ്ചകളിലെ പ്രവർത്തനങ്ങൾ മനോഹരമായി ചെയ്തു. ഇവരെ പ്രോത്സാഹിപ്പിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി.

### HC 02/24 അറിയിപ്പ് - Kids Fest 2K24

തിരുബാലസഖ്യത്തിന്റെ രൂപതാ തല മത്സരം 2024 ജനുവരി 13 തീയതി അടിമാലി കാർമൽ ഗിരി കോളേജിൽ വച്ച് നടത്തപ്പെടുന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## ചെറുപുഷ്പ മിഷൻലീഗ്

### CML 01/24 വചനനിറവിൽ നൂറുകണക്കിന് കുഞ്ഞുമിഷനറിമാർ

ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ ജീവജലം വചനമെഴുത്ത് മത്സരത്തിൽ നൂറുകണക്കിന് മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്തു. ഡിസംബർ 3, 10 തീയതികളിലായി രൂപതയിലെ പതിമൂന്ന് സെന്ററുകളിൽ വച്ച് നടത്തിയ മത്സരത്തിൽ 454 കുട്ടികളാണ് വി. ലൂക്കായുടെ സുവിശേഷം 1

മുതൽ 8 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നും വചനങ്ങൾ പഠിച്ച് എഴുതിയത്. കുട്ടികളിൽ ദൈവവചനത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കാൻ കാരണമായ ഈ ഒരു ഉദ്യമത്തിന്, രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോബി പുളിക്കക്കുന്നേൽ, വൈസ് ഡയറക്ടർ സി. സ്റ്റാർലെറ്റ് CMC, പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി സെബാസ്റ്റ്യൻ, വൈസ് പ്രസിഡന്റ് ഷാലി ഷാജി, സെക്രട്ടറി അമൽ ജോണി എന്നിവരും, രൂപതാ സമിതിയിലെ മറ്റെല്ലാ അംഗങ്ങളും നേതൃത്വം നൽകി. കുട്ടികളെ ഏറ്റവും നല്ല രീതിയിൽ പഠിപ്പിച്ചൊരുക്കുകയും വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്ത് ഈ ഒരു പ്രോഗ്രാമിനെ വൻ വിജയമാക്കിത്തീർക്കാൻ സഹകരിച്ച എല്ലാ ശാഖാ ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റർ സിസ്റ്റേഴ്സിനെയും ഏറെ നന്ദിയോടെ അനുസ്മരിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

## CML 02/24 എക്സിക്യൂട്ടീവ് മീറ്റിംഗ്

ഡിസംബർ 9-ാം തീയതി ചുരുളി ശാഖയിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വി. കുർബാനയെത്തുടർന്ന് 10.00 am മുതൽ 4.00 pm വരെ നടന്ന മീറ്റിംഗിൽ പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. നവംബർ മാസത്തിലെ രൂപതാതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഡിസംബർ, ജനുവരി മാസങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗ്, മുരിക്കാശ്ശേരി സെന്റ് മേരീസ് HSS ൽ വച്ച് ജനുവരി 1-ാം തിയതി നടത്തുന്നതാണ്.

## CML 03/24 ക്രിസ്തുമസ് ഒരുക്കങ്ങളും ആഘോഷങ്ങളും

ഇടുക്കി രൂപതയിലെ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളെ ക്രിസ്തുമസ് ആത്മീയ ഒരുക്കത്തിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെ ക്രിസ്തുമസ് ഒരുക്ക പോസ്റ്റർ തയ്യാറാക്കി വിവിധ ഗ്രൂപ്പുകൾ വഴി 25 ദിവസവും നൽകി. രൂപതാസമിതി അംഗങ്ങൾ ക്രിസ്തുമസ് ഫ്രണ്ടിനെ നറുക്കിട്ട് എടുത്ത് ഒരു മാസം അവർക്കായി പ്രാർത്ഥിക്കുകയും ക്രിസ്തുമസ് ആഘോഷവേളയിൽ പരസ്പരം സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. ഡിസംബർ 24-ാം തീയതി രൂപത സമിതി അംഗങ്ങൾ ബിഷപ്സ് ഹൗസിൽ ഒരുമിച്ചു കൂടുകയും

മിഷൻ ലീഗിന്റെ രൂപത രക്ഷാധികാരി അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനെ കണ്ട് ക്രിസ്തുമസ് ആശംസകൾ അറിയിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്തു.

## CML 04/24 ഈശോയ്ക്കൊപ്പം മൂന്നുനാൾ

Yes Training Programme - ലെ സെന്റ് തോമസ് ബാച്ച് കുട്ടികൾക്കായി ഡിസംബർ 26 മുതൽ 29 വരെ ധ്യാനം നടത്തി. രാജാക്കാട് സെന്റ് ജോസഫ് ഫോർത്ത് ഇയർ സെമിനാരിയിൽ വച്ച് നടത്തിയ ധ്യാനത്തിന് ചെറുപുഷ്പമിഷൻ ലീഗ് വൈസ് ഡയറക്ടർ സി. സ്റ്റാർലെറ്റ് സി എം സി, ജനറൽ സെക്രട്ടറി അമൽ ജോണി സാർ എന്നിവർ നേതൃത്വം നൽകി. ദൈവവചനത്തിലൂടെയും ദിവ്യകാരുണ്യത്തിലൂടെയും ഈശോയെ ഏറ്റവും അടുത്ത് അറിയുവാനും അനുഭവിക്കുവാനും ഈ ധ്യാനം കുട്ടികൾക്ക് ഏറെ സഹായകരമായി.

## CML 05/24 ക്യാമ്പുകൾ

ക്രിസ്തുജ്യോതി വിശ്വാസ പരിശീലന കേന്ദ്രത്തിന്റെയും ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതയുടെയും ആഭിമുഖ്യത്തിൽ Yes Training Programme - ൽ അംഗങ്ങളായ സെന്റ് ജെയിംസ്, സെന്റ് സൈമൺ ബാച്ച് കുട്ടികൾക്കായി മൂന്ന് ദിവസത്തെ ക്യാമ്പ് നടത്തി. പാറത്തോട് രാജാക്കാട് എന്നിവിടങ്ങളിലായി നടത്തിയ ക്യാമ്പിന് റവ. ഫാ ജേക്കബ് മങ്ങാടംപള്ളി, റവ. ഫാ. ലിബിൻ മനയ്ക്കലേട്ട്, റവ. സി. സൂന CMC എന്നിവരോടൊപ്പം CML രൂപത സമിതി അംഗങ്ങളായ ഷാലി ഷാജി, ആൽബിൻ ആന്റണി, ജിന്റു PT എന്നിവരും നേതൃത്വം നൽകി.

## CML 06/24 മേഖലാ വാർത്തകൾ

### വെള്ളയാംകുടി മേഖല

ക്രിസ്തുമസിന് ഒരുക്കമായി സുകൃത കാർഡ് നിർമിച്ചുകൊണ്ട് ഡിസംബർ മാസത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളിനോട് അനുബന്ധിച്ച് ശാഖകളിൽ പ്രത്യേക അനുസ്മരണങ്ങൾ നടത്തി. ഡയറക്ടറച്ചന്മാരുടെ നേതൃത്വത്തിൽ തൊവരയാർ, കോഴിമല എന്നീ ശാഖകളിൽ സൗഹൃദ സന്ദർശനങ്ങൾ നടത്തുകയും ക്രിസ്തുമസ് ആശംസകൾ നേരുകയും ചെയ്തു. ക്രിസ്തുമസിനോട് അനുബന്ധിച്ച് മേഖല

യിലെ ശാഖകളിൽ ക്രിസ്തുമസ് ആഘോഷങ്ങളും കരോൾ ഗാന മത്സരങ്ങളും സംഘടിപ്പിച്ചു.

**പാറത്തോട് മേഖല**

പതിനേഴാം തീയതി ഞായറാഴ്ച പാറത്തോട് ശാഖ വിസിറ്റ് നടത്തി. ഡയറക്ടർ അച്ചനോടൊപ്പം ഭാരവാഹികൾ എല്ലാവരും വിസിറ്റിൽ പങ്കുചേർന്നു. പാറത്തോട് പള്ളിയിൽ വച്ച് മേഖലാതല വചനവാരാചരണത്തിന്റെ ഭാഗമായി വചന ഞായർ നടത്തി. മേഖലാ ഡയറക്ടർ റവ. ഫാ. ജോയ്സ് കൊച്ചിത്തറ വചന സന്ദേശം നൽകുകയും വചന റാലിക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. ഭാരവാഹികൾ എല്ലാവരും പങ്കുചേർന്നു.

ബഹുമാനപ്പെട്ട ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് നടത്തിയ പ്രസംഗ മത്സരത്തിന്റെ ഫലപ്രഖ്യാപനം പാറത്തോട് ശാഖ വിസിറ്റിൽ വച്ചു നടത്തപ്പെട്ടു. ഒന്നാം സ്ഥാനം പാറത്തോട് ശാഖയിൽ നിന്നുള്ള ആൻ മരിയ സിബി ചേലമലയിൽ കരസ്ഥമാക്കി. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം, കൈലാസം, പണിക്കൻകുടി ശാഖകൾ സ്വന്തമാക്കി. അവർക്കുള്ള സമ്മാനവിതരണവും നടത്തപ്പെട്ടു. ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷങ്ങൾ പാറത്തോട് മേഖലാ ഭാരവാഹികൾ ഡയറക്ടർ അച്ചനോട് ചേർന്ന് പാറത്തോട് പുതുതായി ആരംഭിച്ചിട്ടുള്ള വൃദ്ധമന്ദിരത്തിൽ വച്ച് നടത്തി. കേക്ക് മുറിക്കുകയും അവിടെയുള്ള അന്തേവാസികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. പാറത്തോട് മേഖലയുടെ പ്രത്യേക മിഷൻ ഗ്രാമമായ Seppe ഗ്രാമത്തിനു വേണ്ടിയുള്ള ധനശേഖരണം നടത്തി. പ്രായമായവരുടെ ഭവന സന്ദർശനം നടത്തുകയും ചെയ്തു.

**കൂമ്പൻപാറ മേഖല**

ഡിസംബർ മാസത്തിലെ പ്രധാന വിശുദ്ധരെ പോസ്റ്റർ നിർമ്മിച്ച് പരിചയപ്പെടുത്തി. സെന്റ് സേവ്യർ ദിനാചരണ ഭാഗമായി ഓൺലൈനിൽ ക്വിസ്സ് മത്സരം നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. ക്രിസ്തുമസിനൊരുക്കമായി ഓരോ ദിവസവും ചെയ്യേണ്ട പുണ്യകർമ്മങ്ങൾ അതാത് ദിവസങ്ങളിൽ നല്കി. വചനമാസാചരണത്തിന്റെ ഭാഗമായി ഒരു ദിവസം ഒരു വചനം എന്ന രീതിയിൽ മന: പാഠമാക്കാൻ നല്കി. നവവൈദീകനെ ആദരിക്കുകയും ദൈവവിളിക്കായി സാമ്പത്തീക സഹായം നല്കുകയും ചെയ്തു. മേഖലാംഗ

ങ്ങൾ ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളും ശേഖരിച്ച് ചെങ്കുളം മേഴ്സി ഹോം സന്ദർശിക്കുകയും അന്തേവാസികൾക്ക് തിരുവചനം നല്കുകയും ചെയ്തു. ഒരു മണിക്കൂർ കൊണ്ട് മേഖലയിലെ മുഴുവൻ ശാഖാംഗങ്ങളും ചേർന്ന് സമ്പൂർണ്ണ ബൈബിൾ വായിച്ചു. ക്രിസ്തുമസിനോടനുബന്ധിച്ച് 'ഗ്ലോറിയ' എന്ന പേരിൽ പതിപ്പ് തയ്യാറാക്കി പ്രകാശനം ചെയ്തു.

## കെ.സി.വൈ.എം. (SMYM)

### KCYM 01/24 കലോത്സവ് ക്രിക്കറ്റ് ടൂർണമെന്റ്

കെ.സി.വൈ.എം. സംസ്ഥാന സമിതി സംഘടിപ്പിച്ച കലോത്സവ് ക്രിക്കറ്റ് ടൂർണമെന്റിൽ കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ കാൽവരിമൗണ്ട് ടീം റണ്ണേഴ്സ് അപ്പ് ആയി.

### KCYM 02/24 ആലോചനാ യോഗം

ഡിസംബറിൽ നടത്തപ്പെടുന്ന യുവജന ദിനത്തിന് മുന്നോടിയായി കെ.സി.വൈ.എം. ഇടുക്കി രൂപത സമിതിയുടെ ആലോചനാ യോഗം ഡിസംബർ 3 ഞായറാഴ്ച കുതിരക്കല്ല് വെച്ച് സംഘടിപ്പിച്ചു.

### KCYM 03/24 ഹോറേബ് 2K23 യുവജന ധ്യാനം

കെ.സി.വൈ.എം. ഇടുക്കി രൂപത യുവജന ദിനാഘോഷത്തിന്റെ ഭാഗമായി യുവജനങ്ങൾക്കായി ഹോറേബ് 2K23 യുവജന ധ്യാനം ഡിസംബർ 8, 9, 10 തിയതികളിലായ് എല്ലക്കൽ സ്നേഹസദൻ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ടു.

### KCYM 04/24 വടംവലി മാമാങ്കം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പ്രഥമ കായികോത്സവമായ മൈതാൻ ന്റെ ഭാഗമായി യുവജന ദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. രാജാക്കാട് - കുഞ്ചിത്തണ്ണി - വെള്ളത്തൂവൽ മേഖലയുടെ നേതൃത്വത്തിൽ ഡിസംബർ 9 ശനിയാഴ്ച രാജാക്കാട് ക്രിസ്തുജ്യോതി ഹയർ സെക്കന്ററി സ്കൂളിൽ വച്ച് വടംവലി മത്സരം നടത്തപ്പെട്ടു. കെ.സി.വൈ.എം. രാജാക്കാട്, തോക്കുപാറ, ചെമ്പകപ്പാറ എന്നീ ടീമുകൾ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.

## KCYM 05/24 യൂണിറ്റ് നേതൃ സംഗമം

കെ.സി.വൈ.എം. ഇടുക്കി രൂപത യുവജന ദിനത്തോടനുബന്ധിച്ച് യൂണിറ്റ് ഭാരവാഹികളുടെ മീറ്റിംഗ് ഡിസംബർ 9 ശനിയാഴ്ച രാത്രി 9:00 ന് നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽനിന്ന് ഭാരവാഹികൾ മീറ്റിംഗിൽ പങ്കെടുത്തു.

## KCYM 06/24 യുവ നസ്രാണി നേതൃസംഗമം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും വരുംകാല പ്രവർത്തനങ്ങളെ കുറിച് ചർച്ച ചെയ്യുന്നന്തിനുമായി കെ.സി.വൈ.എം. മേഖല ഭാരവാഹികളുടെ സംയുക്ത മീറ്റിംഗ് ഡിസംബർ 10 ഞായറാഴ്ച മൈലാടുംപാറ വേളാങ്കണ്ണി മാതാ പള്ളിയിൽ വെച്ച് സംഘടിപ്പിച്ചു.

## KCYM 07/24 അമ്മമാരോടൊപ്പം ഒരു സ്നേഹയാത്ര

യുവജന ദിനത്തോടനുബന്ധിച്ചു ഇടുക്കി രൂപതയിലെ അമ്മമാരോടൊപ്പം കെ.സി.വൈ.എം. ഇടുക്കി രൂപത സമിതി അംഗങ്ങൾ ചേർന്ന് ഉല്ലാസ യാത്ര സംഘടിപ്പിച്ചു.

## KCYM 01/24 തണൽ 2K23

യുവജന ദിനത്തിന് മുന്നോടിയായി ഡിസംബർ 18 നു ദേവികുളം സബ് ജയിലിൽ കെ.സി.വൈ.എം. ഇടുക്കി രൂപത കൾച്ചറൽ വിംഗിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷവും കലാവിരുന്നും സംഘടിപ്പിച്ചു.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 01/24 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിങ്ങ് ഡിസംബർ മാസം 17, 18 തിയതികളിൽ, ആനിമേറ്റർ സി. ബ്ലസി സിഎംസി യുടെ സാന്നിധ്യത്തിൽ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവ

തിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## JY 02/24 ക്രിസ്തുമസ് ഒരുക്കം A Journey to Bethlehem

ഈശോയുടെ തിരുപ്പിറവിക്ക് ഒരുക്കമായി സോണിലെ അഞ്ച് സബ് സോണുകളിലായി ആയി ഉണ്ണിശോയുടെ തിരുസ്വരൂപ പ്രയാണം ഓരോ ജീസസ് യൂത്ത് അംഗങ്ങളുടെയും വീടുകളിലൂടെ കടന്നുപോയി. ഒരു ജീസസ് യൂത്ത് ഭവനത്തിൽ നിന്ന് മറ്റൊരു ഭവന ത്തിലേക്ക് എന്ന രീതിയിലാണ് പ്രയാണം നടത്തിയത്. കുടുംബാം ഗങ്ങൾ പരസ്പരം വിശേഷങ്ങൾ പങ്കുവെച്ചും, പ്രാർത്ഥിച്ചും കൂട്ടാ യ്മ അനുഭവം പങ്കുവെച്ചും പ്രയാണം ഒരു അനുഭവമാക്കി മാറ്റി.

## JY 03/24 ആനന്ദം 2K23 സോണൽ ക്രിസ്തുമസ് ആഘോഷം

ഇടുക്കി സോണിന്റെ നേതൃത്വത്തിൽ സോണൽ ഗ്യാതറി ങ്ങും ക്രിസ്മസ് ആഘോഷവും ഡിസംബർ മാസം ഒമ്പതാം തീയതി തെള്ളിത്തോട് സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് നടത്ത പ്പെട്ടു.

## JY 04/24 ഇടുക്കി സോണൽ ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാം

ഇടുക്കി സോണിലെ സബ്സോൺ മിനിസ്ട്രി ലീഡേഴ്സി നായി അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് ഡിസം ബർ 28, 29, 30 ദിവസങ്ങളിൽ ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാം നട ത്തപ്പെട്ടു.

## JY 05/24 Intercession മിനിസ്ട്രി - സോണൽ നൈറ്റ് വിജിൽ

ഇടുക്കി സോണിന്റെ നേതൃത്വത്തിൽ ഡിസംബർ 1 വെള്ളി യാഴ്ച അടിമാലി ആത്മജ്യോതി ചാപ്പലിൽ വച്ച് ജാഗരണ പ്രാർത്ഥ നയും ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെട്ടു.

## JY 06/24 Friday Cafe - ഓൺലൈൻ പ്രയർ ഗ്രൂപ്പ്

വിദേശത്തും സ്വദേശത്തും ആയി വിവിധ മേഖലകളിൽ പഠനത്തിലും ജോലിയിലും ആയിരിക്കുന്ന ആളുകൾ ഒരുമിച്ചു വരു ന്ന ഓൺലൈൻ സ്നേഹക്കൂട്ടായ്മ എല്ലാ വെള്ളിയാഴ്ചകളിലും കൂടിവരുന്നു. പ്രാർത്ഥനയിലും, പങ്കുവെക്കലിലും, വചന പഠന ത്തിനും വേരൂന്നുവാൻ കൂട്ടായ്മ സഹായിക്കുന്നു.

## JY 07/24 സബ്സോൺ പ്രയർ ഗ്രൂപ്പ്

സബ്സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചു വരുന്ന സബ്സോൺ പ്രയർ ഗ്രൂപ്പുകൾ വാഴത്തോപ്പ്, തോപ്രാംകുടി, രാജാക്കാട് അടിമാലി എന്നീ സബ്സോണുകളിൽ വിവിധ ദിവസങ്ങളിൽ നടത്തിവരുന്നു.

## JY 08/24 സോണൽ ഹൗസ് ഹോൾഡ്

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ഡിസംബർ മാസത്തിലെ ഹൗസ്ഹോൾഡ്, ഡിസംബർ മാസം ഒമ്പതാം തീയതി തെള്ളിതോട് സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് കൂടുകയുണ്ടായി. സോണൽ ഹൗസ്ഹോൾഡ് ടീം നേതൃത്വം നൽകിയ കൂട്ടായ്മ ഏവരുടെയും സജീവസാന്നിധ്യത്താൽ മനോഹരമായി.

## JY 09/24 ഫാമിലി ടീം – ഫാമിലി പ്രയർ ഗ്രൂപ്സ്

ഫാമിലി ടീമിന്റെ നേതൃത്വത്തിൽ വിവിധ സബ്സോണുകളിലായി ഫാമിലി പ്രയർ ഗ്രൂപ്പുകൾ കൂടി വരുന്നു.

## JY 10/24 Jinkle N mingle - സോണൽ കുടുംബ സംഗമവും ക്രിസ്മസ് ആഘോഷവും

ഫാമിലി ടീമിന്റെ നേതൃത്വത്തിൽ ഇടുക്കി സോണിലെ ജീസസ് യൂത്ത് കുടുംബങ്ങളുടെ സംഗമവും, ക്രിസ്തുമസ് ആഘോഷവും തെള്ളിതോട് സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് ഡിസംബർ മാസം പതിനേഴാം തീയതി നടത്തപ്പെട്ടു.

## JY 11/24 ടീൻസ് മിനിസ്ട്രി – ടീൻസ് ടീം മീറ്റിംഗ്

ടീൻസ് ടീമിന്റെ പ്രഥമ മീറ്റിംഗ് Fr. Bijoy Kizhakethottam V.C യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ആനിമേറ്റർ Sr. Nithya CMC, കോർഡിനേറ്റർ അലക്സിയോ എന്നിവർ നേതൃത്വം നൽകി.

## JY 12/24 Teens Evangulistic Fellowship Groups

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ സുവിശേഷ വൽക്കരണ കൗമാര കൂട്ടായ്മകൾക്ക് വിവിധ സബ്സോണുകളിൽ നേതൃത്വം നൽകിവരുന്നു.

## JY 13/24 Teen's Rider's - Mission Journey off Teens

കേരള ടീൻസ് ടീമിന്റെ നേതൃത്വത്തിൽ ഡിസംബർ മാസം 26 മുതൽ 31-ാം തീയതി വരെ തിരുവനന്തപുരം പുതുകുറിച്ചി ഇടവകയിൽ മിഷൻ സംഗമം നടത്തപ്പെട്ടു. ഇടുക്കി സോണിൽ നിന്നും രണ്ട് കുട്ടികൾ പങ്കെടുത്തു.

## JY 14/24 പ്രയർ ഗ്രൂപ്പുകൾ

കരിമ്പൻ സെന്റ് തോമസ് പബ്ലിക് സ്കൂളിലും, വാഴത്തോപ്പ് സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിലും പ്രയർ ഗ്രൂപ്പുകൾ നടന്നുവരുന്നു.

## JY 15/24 ക്യാമ്പസ് മിനിസ്ട്രി - ക്യാമ്പസ് പ്രയർ മീറ്റിംഗ്

മുരിക്കാശ്ശേരി പാവനാത്മാ കോളേജ്, അടിമാലി കാർമൽഗിരി കോളേജ്, രാജാക്കാട് സാൻജോ കോളേജ്, ഇടുക്കി മെഡിക്കൽ കോളേജ് എന്നീ ക്യാമ്പസുകളിൽ എല്ലാ ആഴ്ചകളിലും പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു.

## JY 16/24 ക്യാമ്പസ് ക്രിസ്തുമസ് ആഘോഷവും മിഷൻ ഔട്ട്റീച്ചും

പാവനാത്മാ കോളേജിലെ ജീസസ് അംഗങ്ങളുടെ നേതൃത്വത്തിൽ ഡിസംബർ മാസം 22-ാം തീയതി മുരിക്കാശ്ശേരി സ്നേഹഭവൻ, ജ്യോതി ഭവൻ എന്നീ അഗതിമന്ദിരങ്ങളിൽ ക്രിസ്തുമസ് ആഘോഷം നടത്തപ്പെട്ടു.

# മാതൃവേദി

## MV 01/24 വചന കൊയ്ത്ത് 2K23

മാതൃവേദി ഇടുക്കി രൂപതയും, മൂവാറ്റുപുഴ സി എം ഐ കാർമൽ പ്രോവിൽസും ചേർന്ന് നടത്തിയ ബൈബിൾ കൈയെഴുത്ത് മത്സരത്തിൽ 350 അമ്മമാർ പങ്കെടുത്തു. പങ്കെടുത്ത എല്ലാ അമ്മമാർക്കും ഇടുക്കി മാതൃവേദി കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

## MV 02/24 രൂപതാ വാർഷികവും ഇടുക്കി രൂപതാ മെത്രാൻ അഭി. മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷവും

ഡിസംബർ 21 തീയതി രാവിലെ 10.30 ന് വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് ഇടുക്കി രൂപതാ മാതൃവേദിയും കെ.സി. ബി.സി. വിമിൻസ് കമ്മീഷന്റെയും സംയുക്ത വാർഷികവും അഭി. മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷവും നടത്തി. പെരി. ബഹു. ജോസ് പ്ലാച്ചിക്കൽ അച്ചൻ അധ്യക്ഷത വഹിച്ച ഈ മീറ്റിങ്ങിൽ, മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടനം ചെയ്തു. ശ്രീ. ഷൈജു പി. ജേക്കബ് (ADM ഇടുക്കി ജില്ല) മുഖ്യപ്രഭാഷണം നടത്തി. ബൈബിൾ കൈയ്യെഴുത്ത് വിജയികൾക്കും സാഹിത്യ മത്സര വിജയികൾക്കും അഭിവന്ദ്യ പിതാവ് അവാർഡുകൾ നൽകി. പങ്കെടുത്ത എല്ലാ ആനിമേറ്റേഴ്സിനും, ഇടവക ഭാരവാഹികൾക്കും, കലാപരിപാടികൾ അവതരിപ്പിച്ച എല്ലാ അമ്മമാർക്കും, ഇടുക്കി രൂപത മാതൃവേദിയുടെ നന്ദി അറിയിക്കുന്നു.

## MV 03/24 ബൈബിൾ കൈയ്യെഴുത്ത്

ബൈബിൾ കൈയ്യെഴുത്ത് യൂണിറ്റുകളിൽ സമർപ്പിക്കേണ്ട തിയതി 2023 ഡിസംബർ 31-ൽ നിന്നും ജനുവരി 15 ലേയ്ക്ക് മാറ്റിയിരിക്കുന്നു.

## MV 04/24 എഴുത്ത് 2K23 സാഹിത്യം മത്സര വിജയികൾ

ഡിസംബർ പതിനൊന്നാം തീയതി വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ സാഹിത്യ മത്സരത്തിന്റെ വിജയികളുടെ പേര്.

**പെൻസിൽ ഡ്രോയിങ് ജൂണിയയർ വിഭാഗം**

I[st] അഡോണ ആൻറണി, പള്ളിക്കാനം
II[nd] ട്രീസാ ആഗസ്റ്റിൻ, പൊന്മുടി
III[rd] മെബിൾ ഷൈൻ, വാഴത്തോപ്പ്

**പ്രോത്സാഹന സമ്മാനങ്ങൾ**

1. അനുമോൾ ജോസ്, ജോസ്ഗിരി
2. അഖില ജോബി, കീരിത്തോട്
3. ബിന്ദു അനീഷ്, തോപ്രാംകുടി

4. ബിനീഷ ലിബിൻ, രാജകുമാരി
5. റിൻസി ജിന്റു, കല്ലാർ

**പെൻസിൽ ഡ്രോയിങ് സീനിയർ വിഭാഗം**

Ist കുഞ്ഞുമോൾ വർക്കിച്ചൻ പണിക്കൻകുടി
IInd ലിസി ബാബു കാൽവരിമൗണ്ട്
IIIrd സിനോബി സാജു രാജമുടി

**പ്രോത്സാഹന സമ്മാനങ്ങൾ**

1. ജോളി ജോയ്, കാമാക്ഷി
2. ലിജി സാജു, വിമലഗിരി
3. ജാസ്മിൻ ജോബി, ഉദയഗിരി

**ഉപന്യാസം ജൂണിയർ വിഭാഗം**

Ist ജോസ്മി ജോസ്, വാത്തിക്കുടി
IInd ഡെന്നി തോമസ്, ഭൂമിയാംകുളം
IIIrd ശീതൾ തോമസ്, കാമാക്ഷി
IIIrd ജിൻസി റ്റിജു, തോപ്രാംകുടി

**പ്രോത്സാഹന സമ്മാനങ്ങൾ**

1. നിഷ ബിനു, കരിമ്പൻ
2. സോണി തോമസ്, വിമലഗിരി
3. ജോസ്മി ജോബി, കൈലാസം
4. ജീന ജോൺസൺ, ജോസ്ഗിരി
5. റ്റീന സേവിയർ, മാങ്കുളം
6. പ്രിയ ജെറ്റിഷ്, വെൺമണി

**ഉപന്യാസം സീനിയർ വിഭാഗം**

Ist സിന്ധു ബിജു, വാഴവര
IInd സവിത ജീൻസൺ, കീരിത്തോട്
IIIrd സനു ജോസഫ്, വിമലഗിരി

**പ്രോത്സാഹന സമ്മാനങ്ങൾ**

1. ദീപ ടോമി, പൊന്മുടി
2. ലീന സജിത്ത്, താന്നിക്കണ്ടം
3. ജിജി ഷിന്റോ, തോപ്രാംകുടി
4. ഡെയ്സി തങ്കച്ചൻ, രാജമുടി

5. സോണിയാ മനോജ്, തോപ്രാംകുടി
6. ഷിനി പുളിക്കൽ, ജോസ്ഗിരി
7. ബിനു ജോൺസൺ, രാജകുമാരി

**കവിത ജൂണിയർ വിഭാഗം**

I[st] ജോസ്മി ജോസ്, വാത്തികുടി
II[nd] ലിബിന തോമസ്, കാൽവരിമൗണ്ട്
III[rd] ഷീമാ സാബു, കീരിത്തോട്

**പ്രോത്സാഹന സമ്മാനങ്ങൾ**

1. ദീപ പ്രിൻസ്, ആനക്കുളം
2. സിന്ധു അനീഷ്, തോപ്രാംകുടി
3. നിഷ ബിനു, കരിമ്പൻ
4. മിനി ടീംസ്, താന്നിക്കണ്ടം
5. ജോസ്ന ജോസഫ്, രാജകുമാരി
6. സീനിയ സിജോ, ചെമ്പകപ്പാറ
7. അനിറ്റ ജോസഫ്, മഞ്ഞപ്പാറ

**കവിത സീനിയർ വിഭാഗം**

I[st] പ്രീത ജോർജ്, പണിക്കുംകൂടി
II[nd] ലൗലി തങ്കച്ചൻ, വിമലഗിരി
III[rd] ഡെയ്സി തങ്കച്ചൻ, രാജമുടി

**പ്രോത്സാഹനം സമ്മാനങ്ങൾ**

1. സിമ അബി, പാണ്ടിപ്പാറ
2. ജെസ്സി ജോസഫ്, കീരിത്തോട്
3. ബോബി ജോസ് പോൾ, രാജകുമാരി
4. ജാൻസി വർഗീസ്, തോപ്രാംകുടി
5. ബിന്ദു ജോസ്, തോപ്രാംകുടി
6. കൊച്ചു റാണി ജോസഫ്, ഇരട്ടയാർ
7. ഷാന്റി ബിനോയ്, വിമലഗിരി

**ചെറുകഥ ജൂണിയർ വിഭാഗം**

I[st] ഷെറി ഫ്രാൻസിസ് കരിമ്പൻ
II[nd] ആഗനസ് ബാബു മുളകരമേട്
III[rd] അനു ജോസ് രാജകുമാരി
III[rd] അനു ഷിജോ പൊന്മുടി

**പ്രോത്സാഹന സമ്മാനങ്ങൾ**

1. സൗമ്യ വർഗീസ്, നെടുങ്കണ്ടം
2. നീതു പ്രതീഷ്, വെണ്മണി
3. നിജ റിനു, താനിക്കണ്ടം
4. ഷീമ സാബു, കീരിത്തോട്
5. ലിബിന തോമസ്, കാൽവരിമാണ്ട്
6. പ്രിറ്റി ചാക്കോ, വെള്ളയാംകുടി

**ചെറുകഥ സിനിയർ വിഭാഗം**

I[st] സീന സേവിയർ, ഇരുമ്പുപാലം
II[nd] ജെസ്സി ജോൺസൺ, കരിമ്പിൻ
III[rd] ബിന്ദു തോമസ്, തങ്കമണി
III[rd] ജാൻസി വർഗീസ്, തോപ്രാംകുടി

**പ്രോത്സാഹന സമ്മാനങ്ങൾ**

1. ജെസ്സി അജി, വിമലഗിരി
2. സിമി സജി, വാഴവര
3. ലൗലി തങ്കച്ചൻ, വിമലഗിരി
4. സിന്ധു തോമസ്, പണിക്കൻ ക്കുടി
5. മേഴ്സി ചെറിയാൻ, ആനക്കുളം
6. ജാസ്മിൻ ജോസ്, ഇരട്ടയാർ
7. സവിത ജീൻസൺ, കീരിത്തോട്



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 01/24 ഇടുക്കി സോൺ - സോൺ സന്ദർശനം

ജൂബിലിയേവൂസ് 2026ന് മുന്നോടിയായി കേരള സർവ്വീസ് ഓഫ് കമ്മ്യൂണിയൻ കോഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളി യുടെ നേതൃത്വത്തിൽ എമ്മാവൂസ് ടീം ഡിസംബർ 9 ന് കരിമ്പൻ പള്ളിയിൽ വച്ച് ഇടുക്കി സോൺ, സബ്സോൺ നേതൃത്വങ്ങളിലാ യിരിക്കുന്നവരെ സന്ദർശിച്ചു. തദവസരത്തിൽ കരിസ്മാറ്റിക് നവീകര ണത്തെ ബോക്സ് കളക്ഷനിലൂടെ സാമ്പത്തികമായ സഹായിക്കുന്ന വർക്കായി പ്രത്യേക ശുശ്രൂഷകൾ നടത്തുകയും ചെയ്തു.

## PG 02/24 KAC മീറ്റിംഗ്

കേരള കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വ ത്തിൽ നവംബർ 29, 30 തീയതികളിൽ എമ്മാവൂസിൽ വച്ച് നടത്തിയ കേരള അഡ്വൈസറി കൗൺസിൽ മീറ്റിങ്ങിൽ രൂപതാ ആനിമേറ്റർ റവ. ഫാ. ജോസഫ് നടുപടവിലിനോടൊപ്പം ഇടുക്കി സോണിൽ നിന്ന് എട്ടുപേർ പങ്കെടുത്തു.

## PG 03/24 ലീഡർഷിപ് ഫോർമേഷൻ

സോൺ ലീഡേഴ്സ്, സബ്സോൺ ലീഡേഴ്സ്, ഇടവക പ്രാർത്ഥന ഗ്രൂപ്പ് ലീഡേഴ്സ് എന്നിവർ ക്കായി ഡിസംബർ 18 ന് കരിമ്പൻ സെന്റ് മേരിസ് ദൈവാലയത്തിൽ വച്ച് കെ.എസ്.സി. എമ്മാവൂസ് ടീം നയിച്ച ലീഡർഷിപ്പ് ഫോർമേഷൻ പ്രോഗ്രാം നടന്നു. 9.30 ന് ജപമാലയോടു കൂടി ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് ആരാധനയോടെ ഫോർമേഷൻ സമാപിച്ചു.

## PG 04/24 ഓൺലൈൻ മദ്ധ്യസ്ഥ പ്രാർത്ഥന

ഇടുക്കി രൂപതയുടെ മിഷൻ പ്രവർത്തനങ്ങൾ, ഇടുക്കി രൂപതാ വൈദികർ, ഇടുക്കി രൂപതയിലെ കുടുംബങ്ങൾ എന്നിവർ ക്കായി ഇടുക്കി സോണിന്റെ നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന എല്ലാ വ്യാഴാഴ്ചകളിലും വൈകുന്നേരം 7 മണി മുതൽ 8 മണി വരെ നടക്കുന്നു.

## PG 05/24 മദ്ധ്യസ്ഥ പ്രാർത്ഥന

ആഴ്ചയിലെ അഞ്ചുദിവസങ്ങളിലും വൈകുന്നേരം 8.30 മുതൽ 9 മണി വരെ സീറോ മലബാർ സഭയിലെ ഐക്യം ദൃഢതരമാ കുന്നതിനും യുദ്ധം, കലാപം, ക്രൈസ്തവ പീഡനം എന്നിവയ്ക്ക് ശമനമുണ്ടാകുന്നതിനായുമുള്ള നിയോഗങ്ങൾ വച്ചുകൊണ്ട് മധ്യ സ്ഥ പ്രാർത്ഥന നടത്തി വരുന്നു.

## PG 06/24 കപ്പിൾസ് മിനിസ്ട്രി

മങ്കുവയിൽ വച്ച് ഡിസംബർ പതിനേഴാം തീയതി കപ്പിൾസ് മിനിസ്ട്രിയുടെ സർവീസ് ടീം സംഘടിപ്പിക്കപ്പെട്ടു.

## PG 07/24 സബ്സോൺ സെമിനാറുകൾ

വാഴത്തോപ്പ്, പാറത്തോട് എന്നീ സബ്സോണുകളിൽ ഏക ദിന സെമിനാറുകൾ നടത്തപ്പെട്ടു.

## PG 08/24 തുടർ പരിശീലനം

വരദാന വളർച്ച ധ്യാനത്തിൽ പങ്കെടുത്തവർക്കായുള്ള തുടർ പരിശീലനം കരിമ്പൻ സെന്റ് മേരിസ് ദൈവാലയത്തിൽ വച്ച് ഡിസംബർ മൂന്നാം തീയതി നടന്നു.

## PG 09/24 കട്ടപ്പന സോൺ - സഹസ്രദിന പ്രാർത്ഥനയും KCSC സോണൽ സന്ദർശനവും

ഡിസംബർ 9-ാം തീയതി ഗോൾഡൻ ജൂബിലിക്കു ഒരുക്കമായി നടത്തപ്പെടുന്ന സഹസ്രദിന പ്രാർത്ഥനയും KCSC സോണൽ സന്ദർശനവും തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ വച്ചു നടന്നു.

## PG 10/24 Fund Collection

കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി Fund Collection നു വേണ്ടി വീടുകളിൽ Box വെച്ചിട്ടുള്ളവരെ ബഹുമാനപ്പെട്ട KCSC Animator Fr. Joseph Thamaravally ആദരിച്ചു.

## PG 11/24 Couple Cell

കട്ടപ്പന സോണിൽ പുതിയ മൂന്നു Couple Cell കൾ രൂപീകൃതമായി. പുതിയ ചില സെല്ലുകൾക്കുള്ള പ്രാരംഭ കാര്യങ്ങൾ നടന്നു വരുന്നു.

## PG 12/24 ഓൺലൈൻ ശുശ്രൂഷ

കട്ടപ്പന സോണിൽ ഉള്ള പതിമൂന്നോളം സെല്ലുകളെയും പങ്കെടുപ്പിച്ചുകൊണ്ടു എല്ലാ ശനിയാഴ്ചയും വൈകിട്ട് 8.30 മുതൽ 9.30 ഒരു ഓൺലൈൻ ശുശ്രൂഷ ഈ മാസം ആരംഭിച്ചു. നടത്തുന്നു.

## PG 13/24 സബ്സോൺ കോർ ടീം മീറ്റിങ്

ഡിസംബർ 18-ാം തീയതി സബ്സോൺ കോർ ടീം അംഗങ്ങളുടെ ഒരു മീറ്റിങ് തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ വച്ചു നടത്തി. സർവീസ് ടീമിന്റെ കാലയളവിൽ ചെയ്യുവാനുള്ള ഭാവി പ്രവർത്തനങ്ങളെക്കുറിച്ചു ആലോചന നടത്തി.

## PG 14/24 ഉണർവ്

ഡിസംബർ 18 ന് വൈകിട്ട് 6 മണിമുതൽ തൊവരയാർ ഉണ്ണി മിശിഹാ പള്ളിയിൽ ദിവ്യകാരുണ്യ സന്നിധിയിൽ മധ്യസ്ഥ പ്രാർത്ഥന നടത്തി.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 01/24 യൂണിറ്റ് സന്ദർശനം

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ കൂമ്പൻപാറ രാജാക്കാട് നെടുംകണ്ടം വെള്ളയാം കുടി ഇരട്ടയാർ എന്നീ ഫൊറോനകളിലെ യൂണിറ്റുകളിൽ സന്ദശനം നടത്തി.

## AKCC 02/24 വെള്ളയാംകുടി ഫൊറോന നേതൃസംഗമം

കത്തോലിക്കാ കോൺഗ്രസ് വെള്ളയാംകുടി ഫൊറോന നേതൃസംഗമം വെള്ളയാംകുടി പാരിഷ് ഹാളിൽ നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ അധ്യക്ഷത വഹിച്ച യോഗം വെള്ള യാംകുടി സെന്റ് ജോർജ് ഫൊറോന ചർച്ച് അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് ഉമ്മിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. യോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട് രൂപതാ ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ വൈസ് പ്രസിഡണ്ട് വി.റ്റി. തോമസ് രൂപതാ കമ്മിറ്റി അംഗം ജോസ് തോമസ് ഒഴുകയിൽ വെള്ളയാംകുടി യൂണിറ്റ് പ്രസിഡന്റ് T.J. ജേക്കബ് തൊടുകയിൽ.

## AKCC 03/24 വെള്ളയാംകുടി ഫൊറോന ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ജോർജ് മാവുങ്കൽ വെള്ളയാംകുടി |
| ജന. സെക്രട്ടറി | : | തോമസ് കല്ലറ്റ്, മുളകരമേട് |
| ട്രഷറർ | : | അഗസ്റ്റിൻ ദേവസ്യ, നാരകക്കാനം |
| വൈസ് പ്രസിഡന്റ് | : | ജോസ് തോമസ്, കാൽവരി മൗണ്ട് |
| ജോ. സെക്രട്ടറി | : | ജോസ് മാമ്പ്രയിൽ, കാഞ്ചിയാർ |
| കമ്മിറ്റി അംഗങ്ങൾ | : | ബിജു വർഗ്ഗീസ്, തെരവരയാർ |
| | | ജോസ് കുന്നേൽ, വെള്ളയാംകുടി |

വനിതാ കൗൺസിൽ പ്രതിനിധികൾ : ലിസ്സി കുര്യൻ, വെള്ളയാംകുടി
എൽസമ്മ ലൂക്കോസ്, നാരകക്കാനം

യൂത്ത് കൗൺസിൽ പ്രതിനിധി : ഡോൺ റ്റോം, നാരകക്കാനം

## AKCC 04/24 അതിജീവന യാത്ര

വന്യജീവി ആക്രമണത്തിന് ശാശ്വത പരിഹാരം കണ്ടെ

ത്തുക, ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക, കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കാസർകോട് നിന്ന് തിരുവനന്തപുരത്തേക്ക് ഡിസംബർ 11 മുതൽ 22 വരെ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഗ്ലോബൽ പ്രസിഡണ്ട് അഡ്വ. ബിജു പറയന്നിലം നയിക്കുന്ന അതിജീവന യാത്ര പതിനെട്ടാം തീയതി തിങ്കളാഴ്ച ഇടുക്കിയിൽ എത്തിച്ചേർന്നു. കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത സമിതിയുടെ നേതൃത്വത്തിൽ ആവേശകരമായ സ്വീകരണം അതിജീവന യാത്രയ്ക്ക് വിവിധ കേന്ദ്രങ്ങളിൽ നൽകി.

## AKCC 05/24 അതിജീവന യാത്ര രൂപതാതല ഉദ്ഘാടനം അടിമാലി

അതിജീവന യാത്രയുടെ ഇടുക്കി രൂപതാതല ഉദ്ഘാടനം 18 ന് അടിമാലിയിൽ രാവിലെ ഒൻപതു മണിക്ക് കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപത പ്രസിഡണ്ട് ജോർജ് കോയിക്കൽ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിച്ചു. സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, സിജോ ഇലന്തൂർ, സാബു കുന്നുംപുറത്ത്, ഷേർളി ജൂഡി, തോമസ് മാടവന എന്നിവർ സംസാരിച്ചു.

## AKCC 06/24 അതിജീവന യാത്ര സ്വീകരണം : രാജാക്കാട്

അതിജീവന യാത്രയ്ക്ക് രാജാക്കാട് സ്വീകരണം നൽകി. സ്വീകരണ സമ്മേളനത്തിന്റെ ഉദ്ഘാടനം മോൺ. അബ്രഹാം പുറയാറ്റ് നിർവഹിച്ചു. രാജാക്കാട് ക്രിസ്തുരാജ ഫെറോന ചർച്ച് വികാരി ഫാ. ജോബി വാഴയിൽ മുഖ്യ പ്രഭാഷണം നടത്തി. കത്തോലിക്കാ കോൺഗ്രസിന്റെ ഗ്ലോബൽ, രൂപത ഭാരവാഹികൾ വിവിധ സംഘടനകളുടെ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. രാജാക്കാട് കുഞ്ചിത്തണ്ണി മേഖലയിലെ വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ ജാഥാ ക്യാപ്റ്റന് സ്വീകരണ നല്കി.

## AKCC 07/24 അതിജീവന യാത്ര സ്വീകരണം : നെടുങ്കണ്ടം

നെടുംകണ്ടത്ത് അതിജീവന യാത്രയുടെ സ്വീകരണയോഗം കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിൻസ് കാരക്കാട്ട് മുഖ്യ പ്രഭാഷണം നടത്തി. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി പ്രൊഫ. രാജീവ് ജോസഫ് കൊച്ചുപറമ്പിൽ വിഷയാവതരണം നടത്തി. നെടുങ്കണ്ടം മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ ജാഥാ ക്യാപ്റ്റന് സ്വീകരണം നൽകി.

## AKCC 08/24 അതിജീവന യാത്ര രൂപതാതല സമാപനം

അതിജീവന യാത്രയുടെ ഇടുക്കി രൂപതാതല സമാപന സമ്മേളനം കട്ടപ്പനയിൽ നടത്തപ്പെട്ടു. ഇടുക്കി കവലയിൽ നിന്നും നൂറുകണക്കിന് കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുടെ നേതൃത്വത്തിൽ അതിജീവന യാത്രയെ സ്വീകരിച്ച് സമ്മേളന നഗരിയായ കട്ടപ്പന മുനിസിപ്പൽ മിനി സ്റ്റേഡിയത്തിൽ എത്തിച്ചേർന്നപ്പോൾ ആരംഭിച്ച രൂപതാതല സമാപന സമ്മേളനം, ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് കരിവേലിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ അധ്യക്ഷത വഹിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം, സിജോ ഇലന്തൂർ കെസിവൈഎം ഇടുക്കി രൂപതാ പ്രസിഡണ്ട് ജെറിൻ പട്ടാംകുളം, കത്തോലിക്ക കോൺഗ്രസ് വെള്ളയാംകുടി ഫൊറോന പ്രസിഡണ്ട് ജോർജ് മാവുങ്കൽ, വെള്ളയാംകുടി യൂണിറ്റ് പ്രസിഡണ്ട് ജേക്കബ് തൊടുകയിൽ എന്നിവർ സംസാരിച്ചു.

## AKCC 09/24 സെക്രട്ടറിയേറ്റ് ധർണ്ണ

അതിജീവന യാത്രയുടെ സമാപനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് ധർണ്ണ ഡിസംബർ 22-ാം തീയതി നടത്തപ്പെട്ടു. ഇടുക്കി രൂപതയിൽ നിന്നും രൂപതാ സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തകർ പങ്കെടുത്തു.

## ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ്

### GSP 01/24 രോഗികൾക്കായി ധ്യാനം

ഡിസംബർ 3, 4, 5 തീയതികളിൽ പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് രോഗികൾക്കായി ഒരു ധ്യാനം നടത്തി. വിവിധ ഇടവകകളിൽ നിന്നുമായി 67 പേര് പങ്കെടുത്തു. Ephatha ധ്യാന ടീം നേതൃത്വം നൽകി. ഗുഡ് സമരിറ്റൻ പാലിയേറ്റീവ് സെൻട്രൽ കമ്മറ്റി അംഗങ്ങൾ വേണ്ട ക്രമീകരണങ്ങൾ നടത്തി.

## മദ്യവിരുദ്ധസമിതി

### MVS 01/24 മൗൻഡൻ പ്രെയർ

രൂപതയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ ശാക്തീകരണം ലക്ഷ്യം വച്ച് എല്ലാമാസവും ഇരുപത്തി ഏഴാം തീയതി വൈകുന്നേരം ആറു മണിക്ക് ആരംഭിക്കുന്ന ജാഗരണ പ്രാർത്ഥനക്ക് തുടക്കമായി. കുടുംബത്തിലും സമൂഹത്തിലും വർധിച്ചു വരുന്ന ലഹരിയുടെ സ്വാധീനം വിനാശ ദുരന്തങ്ങളാണ് സൃഷ്ടിക്കുന്നത്. ക്രിസ്ത്യൻ നേതൃത്വം ഇതിനെ അതീവ ഗൗരവം ഉള്ള വിഷയം ആയി കണക്കിലെടുക്കുകയും, ഇതിൽ നിന്നും വിടുതലിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതിന്റെ തുടക്കം എന്ന നിലയിൽ 27.11.23 ബുധനാഴ്ച കീരിത്തോട് നിത്യസഹായ മാതാ ഇടവക ദൈവാലയത്തിൽ ബ. തോമസ് വലിയ മംഗലം അച്ചന്റെ നേതൃത്വത്തിൽ വൈകിട്ട് ആറുമണിക്കു പ്രത്യേക പ്രാർത്ഥന നടത്തി. തുടർന്നും എല്ലാ മാസത്തിലും സാധിക്കുന്ന എല്ലാ ഇടവകകളിലും നൈറ്റ് വിജിൽ തുടരും. മദ്യവിരുദ്ധ, ലഹരി വിരുദ്ധ പ്രവർത്തകരിലും, മറ്റു സംഘടനാ പ്രവർത്തകരിലും എല്ലാം കൂടുതൽ ആത്മീയ ശക്തി നിറയുവാൻ ഈ പ്രാർത്ഥയ്ക്കു കഴിയും. രൂപത ഭാരവാഹികളായ ബിനോയ് കളത്തുകുന്നേൽ, സെസിൽ ഈട്ടിത്തോപ്പ്, ആദർശ് ആനക്കല്ല് തുടങ്ങിയവർ നേതൃത്വം നൽകി. പുതിയ തുടക്കം... എല്ലാ

ഇടവകകളിലും അതാതു വൈദികരുടെയും മദ്യവിരുദ്ധ പ്രവർത്ത കരുടെയും, മറ്റു സംഘടനകളുടെയും ഒക്കെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഈ കാര്യത്തിൽ സമാന ചിന്താഗതിക്കാർ ഒരുമി ക്കുകയും പ്രാർത്ഥിക്കുകയും ചെയ്താൽ മദ്യ ലഹരിയുടെ നീരാളി പിടുത്തത്തിൽ നിന്നും സമൂഹത്തെ രക്ഷ പ്പെടുത്താൻ കഴിയും.

## ആത്മജ്യോതി

### A.J. 01/24 ജനുവരി മാസത്തിലെ Marriage Preparation Course

2024 ജനുവരി മാസത്തിലെ മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് 05, 06, 07 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

www.atmajyothi.site

9400092632, 6235931254, 8078755919, 9447413328

## കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

### KAC. 01/24 ശനിയാഴ്ച ആരാധനയും പരിശുദ്ധ കുർബാനയും വചന പ്രഘോഷണവും

മാസത്തിലെ എല്ലാ ശനിയാഴ്ചയും വൈകിട്ട് 4:30 മുതൽ രാത്രി 8:30 വരെ ശനിയാഴ്ച ആരാധനയും ശുശ്രൂഷകളും നടത്ത പ്പെടുന്നു.

### KAC. 02/24 കുട്ടികൾക്കായുള്ള ഏകദിന കൺവെൻഷൻ

മാസത്തിലെ രണ്ടാം ശനിയാഴ്ച കുട്ടികൾക്കുള്ള ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. കുട്ടികൾക്ക്

കുമ്പസാരത്തിനും കൗൺസിലിങ്ങിനും ഉള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## KAC. 03/23 കൗൺസിലിങ്ങ്

മാസത്തിലെ എല്ലാ ശനിയാഴ്ചകളിലും വെള്ളിയാഴ്ചകളിലും രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3:30 വരെ കൗൺസിലിങ്ങിനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

# വാർത്തകളും വിശേഷങ്ങളും

## ഇന്ത്യയിൽ ദിവസേന രണ്ട് ക്രിസ്ത്യാനികളെങ്കിലും ആക്രമിക്കപ്പെടുന്നു

ന്യൂഡൽഹി: ഇന്ത്യയിൽ ദിവസേന രണ്ട് ക്രിസ്ത്യാനികളെങ്കിലും ആക്രമിക്കപ്പെടുന്നുവെന്ന് എക്യുമെനിക്കൽ ഗ്രൂപ്പായ യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ റിപ്പോർട്ട്. '2014 മുതൽ നമ്മുടെ രാജ്യത്ത് ക്രിസ്ത്യാനികൾക്കെതിരായ അക്രമങ്ങൾ കുത്തനെ വർധിച്ചുവരുന്നത് ഒരു വസ്തുതയാണ്. വേൾഡ് വാച്ചിന്റെ ഓപ്പൺ ഡോർസ് ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്ന ഏറ്റവും മോശമായ പതിനൊന്നാമത്തെ രാജ്യമായി ഇന്ത്യയെ വിലയിരുത്തുന്നു.' പ്രസ്താവനയിൽ ഫോറം കൺവീനർ എ.സി. മൈക്കിൾ ചൂണ്ടി ക്കാട്ടി.

2015 ജനുവരി 19 ന് ടോൾ ഫ്രീ ഹെൽപ്പ് ലൈൻ സേവനം (18002084545) സ്ഥാപിച്ച ഫോറത്തിന് ഈ വർഷം നവംബർ വരെ 23 സംസ്ഥാനങ്ങളിൽ നിന്ന് ക്രിസ്ത്യാനികൾക്കെതിരായ 687 അക്രമ സംഭവങ്ങളുടെ റിപ്പോർട്ടുകൾ ലഭിച്ചു. അതിൽ 531 സംഭവങ്ങളും നാല് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലായി നടന്നതാണ്. ഉത്തർ പ്രദേശ്–287, ഛത്തീസ്ഗഡ്–148, ജാർഖണ്ഡ്–49, ഹരിയാന–47 എന്നിങ്ങനെയാണ് ആക്രമങ്ങളുടെ എണ്ണം.

ബാക്കിയുള്ളവ മധ്യപ്രദേശിൽ 35, കർണാടകയിൽ 21, പഞ്ചാബിൽ 18, ബിഹാറിൽ 14, ഗുജറാത്ത്, തമിഴ്നാട്, ജമ്മു കാശ്മീർ എന്നിവിടങ്ങളിൽ 8 വീതവും രാജസ്ഥാനിലും ഒഡീഷ 7 വീതവും ഡൽഹിയിലും മഹാരാഷ്ട്രയിലും 6 വീതവും ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ 4 വീതവും അസമിൽ

2, ആന്ധ്രാപ്രദേശ്, ഗോവ, ചണ്ഡീഗഡ്, ദാമൻ & ദിയു എന്നിവിടങ്ങളിൽ 1 വീതവും സംഭവങ്ങൾ രേഖപ്പെടുത്തിയതായി റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യയിൽ ഉടനീളം റിപ്പോർട്ട് ചെയ്യപ്പെട്ട മിക്കവാറും എല്ലാ സംഭവങ്ങളിലും, മതതീവ്രവാദികൾ ഉൾപ്പെടുന്ന ജനക്കൂട്ടം നിർബന്ധിത മതപരിവർത്തനം വ്യാജമായി ആരോപിച്ച് പ്രാർത്ഥനാ സമ്മേളനത്തിൽ കയറുകയോ വ്യക്തികളെ വളയുകയോ ചെയ്യുന്നതാണ് പതിവ്. പിന്നീട് ആളുകളെ ഭീഷണിപ്പെടുത്തുകയോ ശാരീരികമായി ആക്രമിക്കുകയോ ചെയ്ത ശേഷം പോലീസിന് കൈമാറും.

പലപ്പോഴും പോലീസ് സ്റ്റേഷനുകൾക്ക് പുറത്ത് വർഗീയ മുദ്രാവാക്യം വിളിക്കും. എന്നാൽ അവിടെയും പോലീസ് നിശബ്ദ കാഴ്ചക്കാരായി നിൽക്കുന്ന ദുരവസ്ഥയാണ്. ഫോറം പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. 175 പേർ കൊല്ലപ്പെടുകയും 1000 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത മണിപ്പൂരിൽ ഈ വർഷം നടന്ന അക്രമങ്ങൾ ഏറ്റവും ഭയാനകമാണ്. 5,000 ലധികം തീവെപ്പുകളും 254 ദൈവാലയങ്ങൾ നശിപ്പിക്കുകയും ചെയ്തു. 'ആക്രമങ്ങളെ അന്താരാഷ്ട്രതലത്തിൽ അപലപിച്ചിട്ടും, ദേശീയ സംസ്ഥാന സർക്കാരുകൾ നീതി ഉറപ്പാക്കാൻ കാര്യമായൊന്നും ചെയ്തിട്ടില്ല,' ഫോറം വിലയിരുത്തി.

മല്പാൻ മാത്യു വെള്ളാനിക്കൽ

# വിവാഹവും ബ്രഹ്മചര്യവും

## (തിരുവചനഭാഗം: 1 കോറിന്തോസ് 7,1-40)

വിവാഹജീവിതത്തെയും ബ്രഹ്മചര്യജീവിതത്തെയും സംബന്ധിച്ചുള്ള പൗലോസ്ശ്ലീഹായുടെ പ്രബോധനങ്ങളാണ് ഈ തിരുവചനഭാഗം അവതരിപ്പിക്കുന്നത്. ഈ ഭാഗത്തെ താഴെക്കാണും വിധം വിഭജിക്കാം.

1. വിവാഹജീവിതം (7,1-7)
2. വിവാഹബന്ധം (7,8-16)
3. വിളിയോടു വിശ്വസ്തത (7,17-24)
4. ബ്രഹ്മചര്യജീവിതം (7,25-35)
5. വിവാഹനിശ്ചയം ചെയ്തവർ (7,36-40)

ഈ ലേഖനഭാഗം അജപാലകർക്കും അജഗണങ്ങൾക്കും നല്കുന്ന സന്ദേശങ്ങൾ പഠനവിഷയമാക്കാം.

**1. വിവാഹജീവിതം**

*"ഇനി നിങ്ങൾ എഴുതിച്ചോദിച്ച കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കാം. സ്ത്രീയെ സ്പർശിക്കാതിരിക്കുകയാണ് പുരുഷനു നല്ലത്. എന്നാൽ, വ്യഭിചാരം ചെയ്യാൻ പ്രലോഭനങ്ങൾ ഉണ്ടാകാമെന്നതു കൊണ്ട് പുരുഷനു ഭാര്യയും സ്ത്രീക്കു ഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവ് ഭാര്യയോടുള്ള ദാമ്പത്യധർമം നിറവേറ്റണം; അതുപോലെ തന്നെ ഭാര്യയും. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല അധികാരം, ഭർത്താവിനാണ്; അതുപോലെതന്നെ, ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല, ഭാര്യയ്ക്കാണ് അധികാരം. പ്രാർഥനാജീവിതത്തിനായി ഇരുവരും തീരുമാനിക്കുന്ന കുറേക്കാലത്തേക്കല്ലാതെ പരസ്പരം നൽകേണ്ട അവകാശങ്ങൾ നിഷേധിക്കരുത്. അതിനുശേഷം ഒന്നിച്ചു ചേരുകയും വേണം. അല്ലാത്തപക്ഷം, നിങ്ങളുടെ സംയമനക്കുറവു നിമിത്തം പിശാച് നിങ്ങളെ പ്രലോഭിപ്പിക്കും"* (7,1-5).

വിവാഹം പാടില്ല; വിവാഹിതരാണെങ്കിൽത്തന്നെ ലൈംഗികബന്ധങ്ങൾ ഒഴിവാക്കണം എന്നെല്ലാമുള്ള നിലപാടുകൾ സ്വീകരിച്ചവർ കോറിന്തോസിലുണ്ടായിരുന്നു. അവർക്കു ശ്ലീഹാ വ്യക്തമായ പ്രബോധനങ്ങൾ നല്കുകയാണ്. വിവാഹം ആവശ്യമാണ്. പുരുഷനു തന്റെ ഭാര്യയും സ്ത്രീക്കു തന്റെ ഭർത്താവും ഉണ്ടായിരിക്കട്ടെ എന്നതാണ് ക്രൈസ്തവനിലപാട്. സ്ത്രീപുരുഷന്മാർ വിവാഹിതരാകുക എന്നത് മനുഷ്യരെ സംബന്ധിച്ചുള്ള ദൈവികപദ്ധതിയാണ്. വിവാഹിതരായിരിക്കുകയോ അവിവാഹിതരായിരിക്കുകയോ ചെയ്യുന്നത് ദൈവത്തിൽനിന്നു കിട്ടുന്ന ദാനമായി കാണണമെന്നും പൗലോസ്ശ്ലീഹാ ഉദ്ബാധിപ്പിക്കുന്നു (7,7). ഏകഭാര്യ, ഏകഭർത്താവ് എന്നതാണ് ക്രൈസ്തവനിലപാടെന്നും ശ്ലീഹാ ഇവിടെ വ്യക്തമാക്കുന്നു.

തുടർന്ന് ഭാര്യയും ഭർത്താവും പരസ്പരമുള്ള ദാമ്പത്യധർമ്മം നിറവേറ്റണം എന്ന പഠനം നല്കുന്നു. ശാരീരിക ലൈംഗികബന്ധമാണ് ഇവിടെ ദാമ്പത്യധർമ്മം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദാമ്പത്യധർമ്മം നിറവേറ്റുക എന്നത് ഭർത്താവിനും ഭാര്യയ്ക്കും ഒരുപോലെയുള്ള കടമയാണ്. ഭാര്യാഭർത്താക്കന്മാർക്ക് സ്വന്തം ശരീരത്തിന്മേൽ അധികാരമില്ല. ജീവിതപങ്കാളിക്കാണ് മറ്റേയാളുടെ 'ശരീരത്തിന്മേൽ' അധികാരം. ലൈംഗികബന്ധം വേണമോ വേണ്ടയോ എന്ന് ഏതെങ്കിലും ഒരാൾക്ക് ഏകപക്ഷീയമായി തീരുമാനിക്കാൻ അധികാരമില്ല. അതു തീരുമാനിക്കേണ്ടത് അതിനധികാരമുള്ള ജീവിതപങ്കാളിയാണ്. ഇക്കാര്യത്തിൽ ഭർത്താവിനും ഭാര്യയ്ക്കും തുല്യതയാണുള്ളത്. പരസ്പരമുള്ള ദാമ്പത്യധർമ്മത്തിൽനിന്നും മാറിനില്ക്കുന്നത് നാലു നിബന്ധനകൾ പാലിച്ചുകൊണ്ടുവേണം. 1. പ്രാർത്ഥനാജീവിതത്തിനായി; 2. പരസ്പരം തീരുമാനിച്ച്; 3. കുറേക്കാലത്തേക്ക്; 4. വീണ്ടും ഒരുമിച്ചു ചേരണം. ഇപ്രകാരമുള്ള വ്യക്തമായ നിർദ്ദേശങ്ങൾ അജപാലകർ വിവാഹിതർക്കു നല്കണം

**2. വിവാഹബന്ധം**

*"അവിവാഹിതരോടും വിധവകളോടും ഞാൻ പറയുന്നു, എന്നെപ്പോലെ ആയിരിക്കുന്നതാണ് അവർക്കു നല്ലത്. എന്നാൽ, സംയമനം സാധ്യമല്ലാത്തവർ വിവാഹം ചെയ്യട്ടെ. വികാരംകൊണ്ടു ദഹിക്കുന്നതിനെക്കാൾ വിവാഹിതരാകുന്നതാണ് നല്ലത്. വിവാഹിതരോടു ഞാൻ കൽപിക്കുന്നു, ഞാനല്ല, കർത്താവുതന്നെ*

*കൽപിക്കുന്നു, ഭാര്യ ഭർത്താവിൽനിന്നു വേർപിരിയരുത്. അഥവാ, വേർപിരിയുന്നെങ്കിൽ, അവിവാഹിതയെപ്പോലെ ജീവിക്കണം; അല്ലെങ്കിൽ, ഭർത്താവുമായി രമ്യതപ്പെടണം; ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കരുത്. ശേഷമുള്ളവരോടു കർത്താവല്ല, ഞാൻതന്നെ പറയുന്നു, ഏതെങ്കിലും സഹോദരന് അവിശ്വാസിനിയായ ഭാര്യ ഉണ്ടായിരിക്കുകയും അവൾ അവനോടൊത്തു ജീവിക്കാൻ സമ്മതിക്കുകയും ചെയ്താൽ അവൻ അവളെ ഉപേക്ഷിക്കരുത്. ഏതെങ്കിലും സ്ത്രീക്ക് അവിശ്വാസിയായ ഭർത്താവ് ഉണ്ടായിരിക്കുകയും അവൻ അവളോടൊത്തു ജീവിക്കാൻ സമ്മതിക്കുകയും ചെയ്താൽ അവൾ അവനെ ഉപേക്ഷിക്കരുത്.എന്തെന്നാൽ, അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖേനയും അവിശ്വാസിനിയായ ഭാര്യ ഭർത്താവു മുഖേനയും വിശുദ്ധീകരിക്കപ്പെടുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധരാകുമായിരുന്നു. എന്നാൽ, ഈ സ്ഥിതിയിൽ അവർ വിശുദ്ധരത്രേ"* (7,8-14).

ഭർത്താവും ഭാര്യയും ക്രിസ്ത്യാനികളായിരിക്കുന്ന സാഹചര്യത്തിൽ ശ്ലീഹാ വ്യക്തമായ ദൈവിക കല്പന നല്കുന്നു: ഭാര്യ ഭർത്താവിൽനിന്ന് വേർപിരിയരുത്; ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുകയുമരുത്. വിവാഹബന്ധം വേർപിരിയാതെ തുടരണം എന്നത് അലംഘ്യമായ ദൈവികകല്പനയാണ്. അഥവാ ഏതെങ്കിലും കാരണത്താൽ വേർപിരിയേണ്ടി വന്നാൽ പുനർവിവാഹം ചെയ്യാൻ അനുവാദമില്ല. അവിവാഹിതരെപ്പോലെ കഴിയണം. ഭാര്യയെ സംബന്ധിച്ചുമാത്രമാണ് ഇവിടെ ഇപ്രകാരം പറഞ്ഞിരിക്കുന്നതെങ്കിലും ഭർത്താവിന്റെ കാര്യത്തിലും നിയമം ഇതുതന്നെയാണ്. പരസംഗം ഹേതുവായി വേർപിരിയാൻ അനുവദിക്കുന്ന ഈശോയുടെ വാക്കുകൾ (മത്താ 5,32; 19,9) പൗലോസ്ശ്ലീഹാ ഇവിടെ പരിഗണിക്കുന്നില്ല. വിവാഹസംബന്ധമായ പൂർണമായ ഒരു പഠനമല്ല, കോറിന്തോസിലെ പ്രത്യേക സാഹചര്യങ്ങളിലുള്ള നിർദ്ദേശങ്ങളാണ് ശ്ലീഹാ ഇവിടെ നല്കുന്നത്.

ജീവിതപങ്കാളികളിൽ ഒരാൾ ക്രിസ്തീയവിശ്വാസം സ്വീകരിക്കാത്ത ആളായി വരാവുന്ന സാഹചര്യമാണ് തുടർന്നു പരാമർശിക്കുന്നത് (7,12-16). 'കർത്താവല്ല, ഞാൻതന്നെ പറയുന്നു' എന്ന പ്രസ്താവന സൂചിപ്പിക്കുന്നത് ഇതു ശ്ലീഹായുടെ വ്യക്തിപരമായ പ്രബോധനമാണെന്നാണ്. കോറിന്തോസുകാരിൽ പലരും വിശ്വാസം

സ്വീകരിക്കുന്നതിനുമുമ്പേ വിവാഹിതരായിരുന്നു. ഭർത്താവും ഭാര്യയും വിശ്വാസം സ്വീകരിക്കാതെ ഒരാൾ അവിശ്വാസിയായി തുടരുമ്പോഴും അവരുടെ വിവാഹം നിലനില്ക്കുന്നു. ഇത്തരം സാഹചര്യത്തിലും വിവാഹബന്ധം വേർപെടരുത് എന്നാണ് ശ്ലീഹായുടെ പ്രബോധനം. അതേസമയം, അവിശ്വാസിയായ ജീവിതപങ്കാളി വിശ്വാസിയായ പങ്കാളിയെ സ്വയം ഉപേക്ഷിക്കുന്നുവെങ്കിൽ ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട വ്യക്തിയ്ക്ക് ആ വിവാഹബന്ധം നിലനില്ക്കുന്നില്ല. അതുകൊണ്ട് ആ വിവാഹബന്ധം പിരിയാവുന്നതാണ്. പൗലോസ്ശ്ലീഹായുടെ ഈ പ്രബോധനം വിവാഹബന്ധത്തെ സംബന്ധിച്ചിടത്തോളം അജപാലകർക്ക് മാർഗദർശകമാകണം.

### 3. വിളിയോടു വിശ്വസ്തത

*"ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ച് ഓരോരുത്തരും ജീവിതം നയിക്കട്ടെ – ഇതാണ് എല്ലാ സഭകളോടും ഞാൻ കൽപിക്കുന്നത്. ആരെങ്കിലും ദൈവവിളി സ്വീകരിക്കുമ്പോൾ പരിച്ഛേദനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ അടയാളങ്ങൾ മാറ്റാൻ ശ്രമിക്കേണ്ടാ. ആരെങ്കിലും വിളി സ്വീകരിക്കുമ്പോൾ പരിച്ഛേദനം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ പിന്നെ പരിച്ഛേദനം ചെയ്യേണ്ടതില്ല. പരിച്ഛേദിതനോ അപരിച്ഛേദിതനോ എന്നു നോക്കേണ്ട; ദൈവകൽപനകൾ പാലിക്കുക എന്നതാണു സർവപ്രധാനം. വിളിക്കപ്പെട്ടപ്പോഴുള്ള അവസ്ഥയിൽത്തന്നെ ഓരോരുത്തരും തുടർന്നുകൊള്ളട്ടെ. ദൈവം നിന്നെ വിളിച്ചപ്പോൾ നീ അടിമയായിരുന്നുവോ? സാരമില്ല. സ്വതന്ത്രനാകാൻ സാധ്യതയുണ്ടെങ്കിൽ അതു പ്രയോജനപ്പെടുത്തിക്കൊള്ളുക. എന്തെന്നാൽ, അടിമയായിരിക്കുമ്പോൾ കർത്താവിന്റെ വിളി ലഭിച്ചവൻ കർത്താവിനാൽ സ്വതന്ത്രനാക്കപ്പെട്ടവനാണ്. അതുപോലെതന്നെ, സ്വതന്ത്രനായിരിക്കുമ്പോൾ വിളി ലഭിച്ചവൻ മിശിഹായുടെ അടിമയുമാണ്. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്; നിങ്ങൾ മനുഷ്യരുടെ അടിമകളായിത്തീരരുത്. അതുകൊണ്ട് സഹോദരരേ, ഏത് അവസ്ഥയിൽ നിങ്ങൾ വിളിക്കപ്പെട്ടുവോ ആ അവസ്ഥയിൽ ദൈവത്തോടൊത്തു നിലനിൽക്കുവിൻ"* (7,17–24).

ക്രിസ്ത്യാനിയായതിന്റെ പേരിൽ ഒരാളുടെ ജീവിതസാഹചര്യങ്ങൾ മാറ്റിമറിക്കുന്നത് യുക്തമല്ല. സമൂഹത്തിലും സമുദായത്തിലും നിലനില്ക്കുന്ന ക്രമങ്ങൾ മാറ്റിമറിയ്ക്കാതെ ക്രിസ്തീയമായ കാഴ്ചപ്പാടിൽ പുനർനിർവചിക്കുകയാണ് ആവശ്യം. യഹൂദരും

വിജാതീയരും, അടിമകളും സ്വതന്ത്രരും തുടങ്ങിയ സാമൂഹിക തരംതിരിവുകൾ പൂർണമായും ഇല്ലായ്മ ചെയ്യുകയല്ല ക്രിസ്തീയവിശ്വാസത്തിലൂടെ നടക്കുന്നത്. അവയ്ക്കെല്ലാം പുതിയ അർത്ഥം കൈവരികയാണ്. ക്രിസ്ത്യാനിയാകുന്നതോടെ വിവാഹമോചനങ്ങൾ പാടില്ല എന്നതുപോലെതന്നെ സാമൂഹികസംവിധാനങ്ങൾക്കും മാറ്റം വരുത്തരുത് എന്ന് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. സമൂഹത്തിൽ സമൂല പരിവർത്തനം വരുത്തിയല്ല, സമൂഹസംവിധാനങ്ങളിലേക്ക് പ്രശ്നരഹിതമായി ഉൾച്ചേർന്നാണ് സഭാംഗങ്ങൾ ജീവിക്കേണ്ടത്. അതേസമയം തങ്ങളുടെ ജോലിക്കും സാമൂഹിക നിലകൾക്കും ക്രൈസ്തവമായ അർത്ഥം കണ്ടെത്താൻ വിശ്വാസികൾക്കു കഴിയണം.

ക്രിസ്തീയജീവിതം ഒരു ദൈവവിളിയാണ്. മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹത്തിലേക്കുള്ള ദൈവത്തിന്റെ വിളി. അതു മനസ്സിലാക്കി വിശ്വാസത്തിനു സാക്ഷ്യം നല്കാൻ ഓരോരുത്തർക്കും കഴിയണം. യഹൂദനോ വിജാതീയനോ എന്നത് ഒരു പ്രശ്നമാക്കേണ്ടതില്ല. ദൈവകല്പനകൾ പാലിക്കുക എന്നതാണ് പ്രധാനം. അന്നത്തെ സാമൂഹിക വ്യവസ്ഥിതിയിൽ അടിമകളെ സംബന്ധിച്ചും ഇതു പ്രസക്തമാണ്. സ്വാതന്ത്ര്യത്തിലേക്കാണ് ക്രൈസ്തവർ വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇതു വെറും സാമൂഹികമായ സ്വാതന്ത്ര്യമല്ല. മിശിഹായിലുള്ള സ്വാതന്ത്ര്യമാണ്. എല്ലാ ക്രൈസ്തവരും മിശിഹായുടെ രക്തം വിലയായിക്കൊടുത്ത് വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. മിശിഹായുടെ സുവിശേഷശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടവരുമാണ്. അതുകൊണ്ട് ഏതു സാമൂഹിക അവസ്ഥയിലായാലും മിശിഹായുടെ സുവിശേഷശുശ്രൂഷ നിർവഹിക്കുന്നതാണു പ്രധാനം. ഇതേപ്പറ്റിയുള്ള ബോധവൽക്കരണം അജപാലകർ അജഗണങ്ങൾക്കു നല്കണം.

**4. ബ്രഹ്മചര്യജീവിതം**

*"എന്തെന്നാൽ, ഈ ലോകത്തിന്റെ രൂപഭാവങ്ങൾ മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് ഉത്കണ്ഠയുണ്ടാകരുതെന്നു ഞാൻ ആഗ്രഹിക്കുന്നു. അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്നു ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തത്പരനാകുന്നു. വിവാഹിതൻ സ്വഭാര്യയെ എങ്ങനെ പ്രീതിപ്പെടുത്താമെന്നു ചിന്തിച്ച് ലൗകികകാര്യങ്ങളിൽ തത്പരനാകുന്നു. അവന്റെ താത്പര്യങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. അവിവാഹിതയായ*

*സ്ത്രീയും കന്യകയും ആത്മാവിലും ശരീരത്തിലും വിശുദ്ധി പാലിക്കാനായി കർത്താവിന്റെ കാര്യങ്ങളിൽ തത്പരരാണ്. വിവാഹിതയായ സ്ത്രീയാകട്ടെ, ഭർത്താവിനെ എങ്ങനെ സന്തോഷിപ്പിക്കാമെന്നു ചിന്തിച്ച് ലൗകികകാര്യങ്ങളിൽ തത്പരയാകുന്നു. ഞാൻ ഇതു പറയുന്നത് നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ്; നിങ്ങളുടെ സ്വാതന്ത്ര്യത്തെ തടയാനല്ല; പ്രത്യുത, നിങ്ങൾക്ക് ഉചിതമായ ജീവിതക്രമവും കർത്താവിനെ ഏകാഗ്രമായി ശുശ്രൂഷിക്കാൻ അവസരവും ഉണ്ടാകാൻ വേണ്ടിയാണ്* (7,31-35).

അവിവാഹിതരെപ്പറ്റി എന്നു തുടങ്ങുന്ന ഈ ഭാഗം കന്യകകളെക്കുറിച്ചാണ് പ്രധാനമായും പറയുന്നത്. ഗ്രീക്കുമൂലത്തിൽ 'പർത്തേനോയി' എന്ന വാക്ക് ഇവിടെ ആറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഇതിൽ അഞ്ചും സ്ത്രീകളെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. പ്രത്യേക ദൈവകല്പനകളൊന്നും കന്യകകളെപ്പറ്റി തനിക്കു ലഭിച്ചിട്ടില്ല എന്ന് ആദ്യം തന്നെ പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നു (7,25). ശ്ലീഹാ തന്റെ ജീവിതാനുഭവത്തിന്റെ വെളിച്ചത്തിൽ തന്റെ അഭിപ്രായം പറയുകയാണിവിടെ: 'വിശ്വസ്തനായിരിക്കാൻ കർത്താവിൽനിന്ന് കരുണ ലഭിച്ചവൻ' എന്നതിൽനിന്ന് പൗലോസ്ശ്ലീഹാ അവിവാഹിതനായി ദൈവശുശ്രൂഷ ചെയ്തിരുന്ന പശ്ചാത്തലത്തിലാണ് സംസാരിക്കുന്നത് എന്നു ചിന്തിക്കാവുന്നതാണ്. വിവാഹത്തിനുമുമ്പ് വിവാഹവാഗ്ദാനം കഴിഞ്ഞിരുന്നവരെയോ, സാമൂഹികാചാരപ്രകാരം വിവാഹനിശ്ചയം ചെയ്തിട്ടുള്ളവരെയോ മുന്നിൽ കണ്ടുകൊണ്ടാവാം ശ്ലീഹാ ഈ പഠനം നല്കുന്നത്.

ബ്രഹ്മചര്യത്തിന് അനുകൂലമായ രണ്ടു വാദഗതികൾ പൗലോസ്ശ്ലീഹാ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ആദ്യത്തേത്, യുഗാന്തത്തെ സംബന്ധിച്ച ചിന്തയുടെ വെളിച്ചത്തിലാണ് (7,26-31). കർത്താവിന്റെ രണ്ടാമാഗമനം ഉടൻ സംഭവിക്കുമെന്നും, അതിനുമുമ്പ് പീഡനങ്ങൾ ഉണ്ടാകുമെന്നും ആദിമസഭ വിശ്വസിച്ചിരുന്നു. ചെറിയ കാലത്തേക്കുമാത്രം ഒരു ജീവിതമുള്ളപ്പോൾ ഇപ്പോൾ ആയിരിക്കുന്ന രീതിയിൽ തുടരുകയാണ് കൂടുതൽ നന്ന്. വിവാഹിതർക്കു കൂടുതൽ വ്യഗ്രതയും ക്ലേശങ്ങളുമുണ്ടാകും. രണ്ടാമത്തേത്, അവർക്കു ലൗകിക വ്യഗ്രതകൾ ഒഴിവാക്കാം എന്നതാണ്. വിവാഹിതർക്ക് കുടുംബത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുകൊണ്ട്, കർത്താവിന്റെ ശുശ്രൂഷയിൽ പൂർണമായും മുഴുകാൻ കഴിയുക

യില്ല. അവിവാഹിതർക്കാകട്ടെ മുഴുവൻ സമയവും, പൂർണസമർപ്പണത്തോടെ കർതൃശുശ്രൂഷ ചെയ്യാൻ കഴിയും. ബ്രഹ്മചര്യജീവിതത്തിനും കന്യാത്വജീവിതത്തിനും കൃപ ലഭിച്ചവരെ അജപാലകർ പ്രോത്സാഹിപ്പിക്കണം.

**5. വിവാഹനിശ്ചയം ചെയ്തവർ**

*"ഒരുവനു തന്റെ കന്യകയോട് സംയമനത്തോടുകൂടി പെരുമാറാൻ സാധിക്കുകയില്ലെന്നു തോന്നിയാൽ, അവൾ യൗവ്വനത്തിന്റെ വസന്തം പിന്നിട്ടവളെങ്കിലും, അനിവാര്യമെങ്കിൽ അവന്റെ ഹിതംപോലെ പ്രവർത്തിക്കട്ടെ. അവർ വിവാഹം കഴിക്കട്ടെ; അതു പാപമല്ല. എന്നാൽ, ആത്മസംയമനം പാലിക്കാൻ ബുദ്ധിമുട്ടില്ലാത്ത ആരെങ്കിലും തന്റെ കന്യകയെ കന്യകയായിത്തന്നെ സൂക്ഷിക്കാൻ ദൃഢനിശ്ചയം ചെയ്യുന്നെങ്കിൽ അവൻെറ പ്രവൃത്തി ഉത്തമമാണ്. തൻെറ കന്യകയെ വിവാഹം ചെയ്യുന്നവൻ ഉചിതമായി പ്രവർത്തിക്കുന്നു. എന്നാൽ, വിവാഹം ചെയ്യാതിരിക്കുന്നവൻ കൂടുതൽ ശ്ലാഘനീയനാണ്"* (7,36-38).

കോറിന്തോസിൽ നിലനിന്നിരുന്ന ഒരു പ്രത്യേക സാഹചര്യപശ്ചാത്തലത്തിലാണ് പൗലോസ്ശ്ലീഹായുടെ ഈ ഉപദേശം മനസ്സിലാക്കേണ്ടത്. വിവാഹിതരോ വിവാഹനിശ്ചയം ചെയ്തിരിക്കുന്നവരോ ആയ ചിലരുടെ കാര്യമാണ് ഇവിടെ പരാമർശിക്കുന്നത്. വിവാഹബന്ധത്തിലാണെങ്കിലും അവിവാഹിതരെപ്പോലെ ശാരീരിക ലൈംഗിക ബന്ധങ്ങളില്ലാതെ ജീവിക്കാൻ ആഗ്രഹിച്ചിരുന്നവർ അവിടെ ഉണ്ടായിരുന്നിരിക്കാം. അവരുടെ ചോദ്യത്തിന് അതു നല്ലതാണെന്ന മറുപടിയാണ് ശ്ലീഹാ നല്കുന്നത്. അപ്രകാരം സംയമനം പാലിക്കാൻ സാധ്യമല്ലെങ്കിൽ സാധാരണഗതിയിലുള്ള വൈവാഹികബന്ധം പുലർത്തിക്കൊണ്ടു ജീവിക്കണമെന്നും പൗലോസ്ശ്ലീഹാ അവരെ ഉപദേശിക്കുന്നു.

അതേസമയം, പുനർവിവാഹത്തെ സംബന്ധിച്ച് ശ്ലീഹായുടെ അഭിപ്രായം വൈധവ്യജീവിതത്തിന് മുൻഗണന കൊടുത്തുകൊണ്ടാണ്. തീർച്ചയായും വീണ്ടും വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യത്തെ ശ്ലീഹാ തടയുന്നില്ല. അപ്രകാരം ചെയ്യുന്നെങ്കിൽ അത് ക്രിസ്തീയ നിയമാനുസൃതമായിരിക്കണമെന്ന് നിർബന്ധമായി ശ്ലീഹാ പറയുന്നുണ്ട്. വിവാഹം ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു കൂദാശയാണ്. അതുകൊണ്ട് കൂദാശാപരമായ സ്വഭാവം കാത്തുസൂക്ഷി

ച്ചുകൊണ്ട് പുനർവിവാഹം നടത്തുന്നതിന് ശ്ലീഹാ എതിരല്ല. അതേ സമയം വൈധവ്യജീവിതം നയിക്കുന്നത് കൂടുതൽ സൗഭാഗ്യകര മെന്ന് പൗലോസ്ശ്ലീഹാ പറയുന്നു. വൈവാഹികജീവിതത്തിന്റെ അഭേദ്യ തയുടെ പ്രാധാന്യത്തിന് ശ്ലീഹാ പ്രാധാന്യം നല്കുന്നു. വൈവാഹികജീവിതത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ അജപാലകർ അജഗണങ്ങൾക്കു നല്കണം.

**ജീവിതസൂചിക**

1. വിവാഹിതർക്ക് വിവാഹജീവിതത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഞാൻ നല്കുന്നുണ്ടോ?
2. വിവാഹബന്ധത്തെ സംബന്ധിച്ചുള്ള സഭയുടെ നിലപാടുകൾ ജനങ്ങളെ ഞാൻ പഠിപ്പിക്കുന്നുണ്ടോ?
3. മിശിഹായുടെ സുവിശേഷശുശ്രൂഷ നിർവഹിക്കാനുള്ള ക്രൈസ്തവവിളിയെപ്പറ്റി അജഗണങ്ങളെ ഞാൻ ബോധവൽക്കരിക്കുന്നുണ്ടോ?
4. ബ്രഹ്മചര്യജീവിതത്തിനും കന്യാത്വജീവിതത്തിനും കൃപ ലഭിച്ചവരെ ഞാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ?
5. വൈവാഹികജീവിതത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ ഞാൻ ജനങ്ങൾക്കു നല്കുന്നുണ്ടോ?



സീറോമലബാർ ഹയരാർക്കി സ്ഥാപനത്തിന്റെ
ശതാബ്ദിയാഘോഷം



ഇടുക്കി രൂപത മാതൃവേദി - കെ.സി.ബി.സി. വിമൻസ് കമ്മീഷൻ
സംയുക്ത വാർഷികവും
അഭി. മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ പൗരോഹിത്യ
രജത ജൂബിലി ആഘോഷവും.

Sahyanadham
Annual Subscription Rs. 350.00
Date of Publication: 01/01/2024

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498



കഴിഞ്ഞ 12 വർഷക്കാലം
സീറോ മലബാർ സഭയ്ക്ക് ധീരമായ
നേതൃത്വം നൽകിയ ഇടയശ്രേഷ്ഠന്

## ഇടുക്കി രൂപതയുടെ നന്ദി...



### പ്രാർത്ഥനാ നിയോഗം ജനുവരി 2024

കത്തോലിക്ക സഭയിലെ വൈവിധ്യം നിറഞ്ഞ
ആരാധനാക്രമ പാരമ്പര്യങ്ങളുടെ സമ്പന്നതയെ
മനസ്സിലാക്കുന്നതിനുള്ള കൃപയ്ക്കായി
പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer, Publisher, Rev. Fr. James Bishop's House, Idukki- 685 602